മാസിക
# സുന്നത്ത്

2025 നവംബർ
1447 ജ.അവ്വൽ - ജ. ആഖിർ
പുസ്തകം 48/ ലക്കം 09
വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com




**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

മുഖക്കുറി

## ഹിജാബ് അഭിമാനം, അവകാശം

ഹിജാബ് മുസ്‌ലിംസ്ത്രീയുടെ അവകാശമാണ്. വിശ്വാസിയായ സ്ത്രീയുടെ അഭിമാനവും അന്തസ്സും സംരക്ഷിക്കാൻ ഇസ്‌ലാം നിർദ്ദേശിക്കുന്ന സുരക്ഷാകവചമാണത്. എന്നിരിക്കെ, ഹിജാബിനെ ഭീതിയുടെയും അസഹിഷ്ണുതയുടെയും പ്രതീകമായി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ അത്യന്തം അപകടകരമാണ്. വർഗീയചോദനയും കുത്സിത താത്പര്യങ്ങളുമാണവയുടെ പിന്നിൽ.

സ്ത്രീശരീരത്തിന്റെ ആകാരവും സൗന്ദര്യവും പൊതുജനങ്ങൾക്കു മുമ്പിൽ പ്രദർശിപ്പിക്കുന്നത് അനഭിമതമായി കാണുന്ന ഇസ്‌ലാം പ്രായപൂർത്തിയായ സ്ത്രീകൾക്ക് അന്യർക്കിടയിൽ ഹിജാബ് നിർബന്ധമാക്കുന്നു. യഥാർത്ഥ വിശ്വാസം ഉൾക്കൊള്ളുന്നവർക്ക് അഭിമാനവും സൗന്ദര്യവുമായി മാത്രമേ ഹിജാബിനെ കാണാനാവൂ.

ജനാധിപത്യ രാജ്യമെന്ന നിലയിൽ മതം നിഷ്കർഷിക്കുന്ന വസ്ത്രം ധരിക്കാനും അതിൽ അഭിമാനിക്കാനും വിശ്വാസികൾക്ക് അവകാശമുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ ഉദ്യോഗതലങ്ങളിലോ ഈ സ്വാതന്ത്ര്യം ഹനിക്കപ്പെടരുത്. മൗലികാവകാശങ്ങൾക്ക് വില കൽപ്പിക്കാത്ത നിയമനിർമാണങ്ങളെ അംഗീകരിക്കാനാവില്ല.

വിശ്വാസികളുടെ ഐഹികവും പാരത്രികവുമായ വിജയമാണ് ഇസ്‌ലാമിക ദർശനത്തിന്റെ അടിസ്ഥാനം. പാരത്രികവിജയത്തിന് തടസ്സമാകുന്ന ഐഹികപദവികൾക്ക് വിശ്വാസി വില കൽപ്പിക്കില്ല. വ്യാജപ്രചാരണങ്ങളിലൂടെയോ വർഗീയ പരാമർശങ്ങളിലൂടെയോ ഇസ്‌ലാമിന്റെ പുരോഗതിയെ തടയാമെന്നത് ദോഷൈകദൃക്കുകളുടെ ദിവാസ്വപ്നം മാത്രമാണെന്ന് തിരിച്ചറിയണം.

*എഡിറ്റർ*

കവർസ്റ്റോറി

## റബ്ബിനു നന്ദി, തന്നതിനും തടഞ്ഞതിനും

○ സൈറ അലി അരീക്കോട്

വിശ്വാസി അല്ലാഹുവിന്റെ പരീക്ഷണങ്ങളിൽ തളരുകയോ പൊറുതികേട് കാണിക്കുകയോ ചെയ്യില്ല. മറിച്ച്, വിശ്വാസത്തിന് കൂടുതൽ വെളിച്ചമേകാനും സ്രഷ്ടാവിന് കൂടുതൽ നന്ദി പ്രകടിപ്പിക്കാനുമാണത് പ്രേരിപ്പിക്കുക.

06



കവർസ്റ്റോറി

## ഇസ്‌ലാമിലെ സ്ത്രീ, തുല്യതയും നീതിയും

○ ഫഹീം മുഹമ്മദ് സഖാഫി

ഇസ്‌ലാം സ്ത്രീകളുടെ അഭിമാനസംരക്ഷണത്തിനും സുരക്ഷക്കും പ്രാമുഖ്യം നൽകുന്നു. വ്യക്തമായ ജീവിതലക്ഷ്യങ്ങൾ നിർണയിക്കുകയും ഇരുലോക വിജയത്തിനാവശ്യമായ പ്രായോഗിക നിയമങ്ങൾ നിഷ്കർഷിക്കുകയും ചെയ്യുന്നു.

11



കവർസ്റ്റോറി


## സ്ക്രീനിൽ എത്ര നേരം?

○ ശഹബാസ് അഹ്മദ്


പ്രായഭേദമില്ലാതെ സ്ക്രീനുകളിൽ ദീർഘനേരം തപസ്സിരിക്കുന്നവരാണ് പുതുതലമുറ. ശാരീരികവും മാനസികവുമായ വലിയ അപകടങ്ങളാണ് സ്ക്രീൻ അഡിക്ഷന്റെ പരിണിതഫലം. നിയന്ത്രണങ്ങൾ അനിവാര്യമാണ്.

15







20 **വാശി പിടിക്കുന്ന മക്കൾ**
കെ.എം. ഫാത്തിമ ശമീമ


23 **വിവാഹാലോചനകൾ അന്വേഷണങ്ങൾ**
സിയാദ് സഖാഫി പാറന്നൂർ


37 **അപകടമാണ് സ്വവർഗലൈംഗികത**
സൈനുദ്ദീൻ ശാമിൽ ഇർഫാനി

05 തസ്കിയ
32 ശാഫിഈ ഫിഖ്ഹ്
48 വാർത്തകൾ

ചരിത്രാഖ്യായിക 29
നോവൽ 34
ഹനഫീ ഫിഖ്ഹ് 41

28 **ഇടിമിന്നൽ ജാഗ്രത പാലിക്കാം**
അബൂലിയാന

32 **കാതുകുത്തും മൂക്കുകുത്തും**
അബ്ദുൽജലീൽ സഖാഫി

40 **നിയന്ത്രിക്കാം സ്ക്രീൻടൈം**
റൈഹാൻ

42 **ഖിർഖ; വിനയത്തിന്റെ വസ്ത്രം**
അലി സഖാഫി പുൽപ്പറ്റ

46 **കൗമാരത്തിന് മാതൃകയാകാം**
ജാശിർ കുന്നളം

# ചുഴിഞ്ഞന്വേഷി ക്കുമ്പോൾ

തസ്കിയ

ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: ഒരിക്കൽ തിരുനബി(സ) ഒരു പ്രഭാഷണം നടത്തി. ഗൃഹാന്തരങ്ങളിൽ കഴിയുന്ന സ്ത്രീകൾ പോലും അത് കേൾക്കുകയുണ്ടായി. (അത്രയും ഉച്ചത്തിലായിരുന്നു സംസാരം)

അവിടുന്ന് പറഞ്ഞു: 'ഹൃദയത്തിൽ വിശ്വാസമുറപ്പിക്കാതെ നാവുകൊണ്ടു മാത്രം വിശ്വസിച്ചവരേ, നിങ്ങൾ സത്യവിശ്വാസികളെ ദ്രോഹിക്കരുത്. അവരുടെ രഹസ്യങ്ങൾ ചുഴിഞ്ഞന്വേഷിക്കരുത്. ആരാണോ തന്റെ സഹോദരന്റെ രഹസ്യങ്ങൾ പരതിനടക്കുന്നത്, അവന്റെ രഹസ്യങ്ങൾ അല്ലാഹുവും പരതുന്നതാണ്. (ഓർക്കുക) അല്ലാഹു ആരുടെയെങ്കിലും രഹസ്യങ്ങൾ അന്വേഷിച്ചു തുടങ്ങിയാൽ അയാളെ അവൻ വഷളാക്കുക തന്നെ ചെയ്യും; അയാൾ സ്വന്തം വീട്ടിനകത്ത് ഒളിച്ചിരുന്നാൽ പോലും.' (ത്വബ്റാനി, തിർമുദി)

അന്യരുടെ ന്യൂനതകളും രഹസ്യങ്ങളും തേടി നടക്കുന്നവരേറെയുണ്ട് സമൂഹത്തിൽ. ചിലർക്കൊരു ഹോബിയാണത്. പലതരം സ്വാർത്ഥലക്ഷ്യങ്ങൾ നേടിയെടുക്കാൻ അത് ഉപയോഗിക്കുന്നവരുമുണ്ട്. സോഷ്യൽമീഡിയയിൽ ഇത്തരം ആഘോഷങ്ങൾ സർവ്വത്രികമാണല്ലോ. ഇസ്ലാം കർശനമായി നിരോധിച്ച പാപങ്ങളിൽപെട്ടതാണിതെന്നോർക്കുക. വിശ്വാസം ഹൃദയത്തിൽ ഉറയ്ക്കാത്തവരാണ് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതെന്ന് പ്രസ്തുത ഹദീസിൽ സൂചനയുണ്ടല്ലോ. ഊഹങ്ങളെ അധികവും ഉപേക്ഷിക്കണമെന്നും ചില ഊഹങ്ങൾ കുറ്റകരമാണെന്നും ജനങ്ങളുടെ രഹസ്യങ്ങൾ ചുഴിഞ്ഞന്വേഷിക്കാൻ തുനിയരുതെന്നും വിശുദ്ധഖുർആനിലും കൽപ്പനയുണ്ടെന്നോർക്കുക.

സാമൂഹിക ജീവിതത്തിൽ വിശ്വാസികൾ മറ്റുള്ളവരുടെ ബാഹ്യവശം മാത്രം കണ്ടു വിലയിരുത്തിയാൽ മതി. മറ്റൊരാളുടെ അഭിമാനത്തിനു ക്ഷതമേൽപ്പിക്കുന്നതോ ഏതെങ്കിലും വിധത്തിൽ ഇകഴ്ത്തുന്നതോ നിസ്സാരപ്പെടുത്തുന്നതോ ആയ ഒരു പ്രവർത്തനവും വിശ്വാസിയിൽ നിന്നുണ്ടാവരുതെന്ന് പല ഹദീസുകളും ഉണർത്തുന്നുണ്ട്. 'മറ്റൊരാൾ അറിയരുതെന്ന് ഒരാൾ ആഗ്രഹിക്കുന്ന സംസാരം കട്ടു കേൾക്കുന്നവന്റെ ഇരുചെവിയിലും അന്ത്യനാളിൽ അല്ലാഹു ഈയ്യം ഉരുകിയൊഴിക്കുന്നതാണ്.' (ബുഖാരി) 'അന്യവീട്ടിലേക്ക് അവരുടെ അനുവാദമില്ലാതെ എത്തിനോക്കുന്നവന്റെ കണ്ണ് എറിഞ്ഞു പൊട്ടിക്കാൻ ആ വീട്ടുകാർക്ക് അനുവാദമുണ്ട്.' (ബുഖാരി) 'അനുവാദം കൂടാതെ തന്റെ സഹോദരന്റെ എഴുത്ത് നോക്കുന്നവൻ നരകത്തിലേക്കാണ് നോക്കുന്നത്.' (അബൂദാവൂദ്) തുടങ്ങിയ ഹദീസുകൾ ഈ പ്രശ്നത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നുണ്ട്. പക്ഷേ, നമ്മുടെ സമൂഹത്തിന്റെ അവസ്ഥയെന്താണ്? പലരും മറ്റുള്ളവരുടെ ന്യൂനതകൾ പരതി നടക്കുന്നു. അവ സദസ്സുകളിൽ അവതരിപ്പിച്ചും സോഷ്യൽമീഡിയയിൽ പ്രചരിപ്പിച്ചും ആനന്ദം കണ്ടെത്തുന്നു. മറ്റുള്ളവർ അത് കേട്ടും വായിച്ചും പ്രചരിപ്പിച്ചും അർമാദിക്കുന്നു. അതും ഒരു ദീനീസേവനമാണെന്ന് കരുതുന്നവർ പോലുമുണ്ട്. എന്നാൽ, അല്ലാഹുവും റസൂലും കഠിനമായി നിരോധിച്ചതാണതെന്ന് ഓർക്കുന്നില്ല. കഷ്ടമെന്നല്ലാതെ എന്തു പറയാൻ! അല്ലാഹു കാത്തുരക്ഷിക്കട്ടെ, ആമീൻ.

കവർസ്റ്റോറി

സൈറ അലി അരീക്കോട്

# റബ്ബിനു നന്ദി, തന്നതിനും തടഞ്ഞതിനും

പൈയുടെ മൂല്യം 3.14 ആണെന്ന് ഗണിതശാസ്ത്രത്തിൽ രേഖപ്പെടുത്തിയതു പോലെ സങ്കടങ്ങൾക്ക് സ്ഥായിയായ അളവുകോലുകളുണ്ടോ? ഇന്നയിന്ന പ്രശ്നങ്ങൾക്ക് ഇത്രയിത്ര ഭാരം എന്ന് ഏതെങ്കിലും പഠനങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ടോ? സങ്കടങ്ങളെ നമ്മൾ ചുമക്കുന്ന രീതിക്കനുസരിച്ച് അതിന്റെ ഭാരം കൂടിയും കുറഞ്ഞുമിരിക്കും. ഒരു മുസ്‌ലിമിനെ സംബന്ധിച്ച് ഈമാൻ കാര്യങ്ങളിൽ ആറാമത്തേത് നാം പലപ്പോഴും മറന്നുപോകുന്നതുകൊണ്ടാണ് ആധുനികകാലഘട്ടത്തിൽ സ്ട്രെസ്, ആങ്സൈറ്റി, ഡിപ്രഷൻ തുടങ്ങിയവയുടെ നീരാളിക്കരങ്ങളിൽ നാം പെട്ടുപോകുന്നത്. സാക്ഷരകേരളത്തിൽ വർധിച്ചുവരുന്ന ആത്മഹത്യാനിരക്കുകൾ സൂചിപ്പിക്കുന്നത്, ജീവിതമെന്ന വലിയൊരധ്യായത്തിൽ ഇനിയും പഠിച്ചു തീരാത്ത അനേകം സമവാക്യങ്ങളുണ്ടെന്നാണ്.

ജീവിതത്തിന്റെ ഓരോ പുലരിയും ഒരുപക്ഷേ, പുതിയ പരീക്ഷണങ്ങളായിരിക്കാം. എങ്കിലും കരുണാനിധിയായ റബ്ബിലേക്ക് ആത്മാർഥമായി കൈകൾ ഉയർത്തുന്ന പക്ഷം, അല്ലാഹു വെറും കൈയോടെ നമ്മെ മടക്കുകയില്ലെന്ന് വിശ്വസിച്ചാൽ തകർന്നുപോകാത്ത ഹൃദയത്തെ നമുക്ക് രക്ഷപ്പെടുത്താൻ കഴിഞ്ഞേക്കും. സങ്കടങ്ങളില്ലാത്ത മനുഷ്യരില്ലെന്നിരിക്കെ, അതിൽ തളരാത്ത ഒരു ഹൃദയമല്ലേ നമുക്കു വേണ്ടത്?

മേടം കത്തിനിന്ന ഒരു നട്ടുച്ചക്ക്, വെക്കേഷൻ കമ്പ്യൂട്ടർ പഠനം കഴിഞ്ഞു കൂട്ടുകാരിയോടൊപ്പം തിരിച്ചുവരികയായിരുന്നു. രാവിലെ തുടങ്ങുന്ന ക്ലാസ് തീരാൻ ഉച്ചയാവും. വയറ്റിൽ വിശപ്പിന്റെ വിളികൾ തുടങ്ങിയിരുന്നു. വീട്ടിലേക്കുള്ള വഴിയിൽ പതിവില്ലാതെ ജാഫർ നിൽക്കുന്നുണ്ട്. മദ്റസയിൽ ഞങ്ങളുടെ ക്ലാസ്സിലാണവൻ. ജാഫർ പറഞ്ഞു: 'എടീ, നീയിപ്പോൾ വീട്ടിലേക്ക് പോകേണ്ട, നിന്റെ വീട്ടിൽ പോലീസുണ്ട്. നീ ഫർസീനാന്റെ കൂടെ പൊയ്ക്കോ.' ജാഫറും ഫർസീനയും ഉമ്മാന്റെ കുടുംബമായതിനാൽ എനിക്ക് ഏതെങ്കിലും ഒരു വീട്ടിലേക്ക് പോകാമായിരുന്നു. ഞാൻ ചോദിച്ചു: 'പോലിസെന്തിനാ വന്നേ?'


'അത് മറ്റേ കേസുമായി വന്ന ജപ്തിയാണെന്ന് തോന്ന്ണു.' ഏതോ ഒരു കേസ് നടക്കുന്നുണ്ടെന്നല്ലാതെ, ഏതു കേസാണെന്ന് ഞങ്ങൾക്കൊന്നും വലിയ ധാരണയില്ലായിരുന്നു. എളുപ്പ

**ജീവിതത്തിന്റെ ഓരോ പുലരിയും ഒരുപക്ഷേ, പുതിയ പരീക്ഷണങ്ങളായിരിക്കാം. എങ്കിലും കരുണാനിധിയായ റബ്ബിലേക്ക് ആത്മാർഥമായി കൈകൾ ഉയർത്തുന്ന പക്ഷം, അല്ലാഹു വെറും കൈയോടെ നമ്മെ മടക്കുകയില്ലെന്ന് വിശ്വസിച്ചാൽ തകർന്നുപോകാത്ത ഹൃദയത്തെ നമുക്ക് രക്ഷപ്പെടുത്താൻ കഴിഞ്ഞേക്കും. സങ്കടങ്ങളില്ലാത്ത മനുഷ്യരില്ലെന്നിരിക്കെ, അതിൽ തളരാത്ത ഒരു ഹൃദയമല്ലേ നമുക്കു വേണ്ടത്?**

ത്തിൽ എത്താൻ വേണ്ടി ഞാൻ മാലതിച്ചേച്ചിയുടെ വീടിന്റെ ഇറയത്തുകൂടെ ഓടി. വീട്ടിലെ ആൾക്കൂട്ടം വരമ്പത്തു നിന്നേ കാണാമായിരുന്നു. 'പടച്ചോനേ, ഉമ്മാക്ക് ഒന്നും വരുത്തല്ലേ.' എന്നിൽ നിന്ന് കിതപ്പുള്ളൊരു പ്രാർത്ഥന മേലോട്ടുയർന്നു.

ഉമ്മ തൊട്ടടുത്തുള്ള സാഹിറത്താത്താന്റെ വീട്ടിലായിരുന്നു. 'ഉമ്മാ' എന്നു വിളിച്ചുകൊണ്ട് ഞാൻ അവിടേക്കോടി. ഉമ്മ കരയുന്നില്ല, ചിരിക്കുന്നുമില്ല, മരവിച്ചൊരു ഇരുപ്പ്! ഇക്കാക്കമാരും അവരുടെ കൂട്ടുകാരും ചേർന്ന് ഞങ്ങളുടെ വീട്ടുസാധനങ്ങളെല്ലാം പുറത്തേക്കിറക്കുന്നു.

ഞാൻ ക്ലാസിനു പോകുമ്പോൾ എന്തൊരു ശാന്തമായ മുറ്റമായിരുന്നു! ഇപ്പോൾ ആളുകളെക്കൊണ്ടും പോലീസുകാരെക്കൊണ്ടും നിറഞ്ഞിരിക്കുന്നു. അവിടവിടായി ചിതറിക്കിടക്കുന്ന ഞങ്ങളുടെ വീട്ടുപകരണങ്ങൾ, പുസ്തകങ്ങൾ, വസ്ത്രങ്ങൾ, പാത്രങ്ങൾ...!



സാഹിറത്താത്ത ഒരു കോപ്പയിൽ അവിലുവെള്ളം കൊണ്ടുവന്നു തന്നു. എന്റെ വിശപ്പിന്റെ വിളികളൊക്കെ നിലച്ചുപോയിരുന്നു. 'എനിക്ക് വേണ്ട ഇത്താ.' ഞാൻ പറഞ്ഞതുകേട്ട് വീട്ടിൽ നിന്ന് ചുമടിറക്കുന്നതിനിടയിൽ ആരോ ഒരാൾ വിയർത്ത മുഖത്തോടെ ഓടി വന്ന് ആ വെള്ളം വാങ്ങിക്കുടിച്ചു.

എല്ലാവരും തളർന്നിട്ടുണ്ട്. ഇക്കാക്കമാരൊക്കെ വിയർപ്പിൽ മുങ്ങി സാധനങ്ങളെല്ലാം ഇറക്കുകയാണ്. ആരോ വിളിച്ചുപറയുന്നതു കേട്ടു: 'ബേം ഇറക്കിം കുട്ട്യാളേ... കോടതി സീൽ വെച്ചാ പിന്നങ്ങട്ട് കേറാൻ കയ്യൂല.'

പോലീസുകാർ കാത്തുനിൽക്കുന്നത് സാധനങ്ങൾ ഇറക്കിത്തീരാൻ വേണ്ടിയാണെന്ന് ഞാൻ മനസ്സിലാക്കി. അധികം വൈകാതെ, അവർ ദൗത്യം പൂർത്തിയാക്കി, വീട് പൂട്ടി, വാതിലുകളിൽ എക്സ് ആകൃതിയിൽ പട്ടികവെച്ച് ആണിയടിച്ച് തിരിച്ചുപോയി.

എല്ലാവരും സാഹിറത്താത്തയുടെ വീടിനുള്ളിലും പുറത്തുമായി നിലയുറപ്പിച്ചു. കാളിയമ്മ അതീവദുഃഖത്തിൽ ഉമ്മയോട് പറയുന്നു: 'ന്നാലും പടച്ചതമ്പുരാൻ ന്റെ കുട്ടിക്ക് ഈ ഗതി വരുത്തിയല്ലോ.. മമ്മി മാപ്ലണ്ടായിരുന്നെങ്കിൽ പച്ചപ്പാന്തം പൊളിച്ചു അടിച്ചു കുഞ്ഞുട്ടന്റെ പൊറം പൊളിച്ചേനെ..!'

'യ്യ് തോൽക്കൂല കൈസൂട്ട്യേയ്, മമ്പറത്തെ തങ്ങളും, ബദ്‌രീങ്ങളുമൊന്നും ചില്ലറക്കാരല്ല. ന്റെ കുട്ടിന്റൊപ്പം ഓലോക്കെണ്ടാവും.' കാളിയമ്മ തുടർന്നു: 'മമ്മിമാപ്ലയെന്ന നെന്റെ വെല്ലിപ്പ നാട്ടിലെ ജന്മിയായിര്ന്ന്.'

കൂരയില്ലാത്ത കാളിക്കും കോരനും വീടുവെച്ചുകൊടുത്തത് വല്ല്യുപ്പയായിരുന്നത്രെ. അന്ന് മുതൽ കാളി തറവാട്ടിനകത്തും

> ആദ്യഗർഭത്തിന്റെ ഏഴാം മാസത്തിന്റെ തുടക്കത്തിൽ സ്കാനിംഗ് നോക്കികൊണ്ട് ഡോക്ടർ പറഞ്ഞു: 'നിങ്ങളുടെ കുഞ്ഞിന് 'ഫെറ്റൽ ഹൈഡ്രോസെഫാലസ്' എന്ന രോഗാവസ്ഥയാണ്. ഇത്തരം കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ ഏതെങ്കിലും വൈകല്യങ്ങളുണ്ടാവും. ചിലപ്പോൾ ഈ കുഞ്ഞിനെ നമുക്ക് കിട്ടുകയില്ല, ഇനി കിട്ടിയാലും നിങ്ങൾക്ക് വലിയ പ്രയോജനമൊന്നും ഉണ്ടാവില്ല.'

കോരൻ പാടത്തും പണിക്കു വന്നിരുന്നു. ആരോരുമില്ലാതെ എങ്ങനെയോ തറവാട്ടിലെത്തിപ്പെട്ട ആലിയാക്ക പിന്നെ അവിടത്തെ സ്ഥിരതാമസക്കാരനായതും ഉമ്മയെയും സഹോദരങ്ങളെയും സ്കൂളിലും മദ്റസയിലും കൊണ്ടുവിട്ടിരുന്നതും... എല്ലാം ഉമ്മ കഥകൾ പോലെ ഇടയ്ക്ക് പറഞ്ഞു തരാറുണ്ടായിരുന്നു.

നേരം ഇരുട്ടാൻ തുടങ്ങി. എവിടേക്കു പോകുമെന്ന ചർച്ചകൾ തുടങ്ങി. സാഹിറത്താത്താന്റെ പുത്യാപ്ല മോനുട്ടിക്കാക്ക പറഞ്ഞു: 'ഇങ്ങള് എവിടേം പോണ്ട. ഇവിടെ കിടന്നോളിം. എത്ര കാലം കഴിഞ്ഞിട്ടായാലും ഒരു വീട് കിട്ടീട്ട് പോയാ മതി. ഞങ്ങള് തറവാട്ടിലേക്ക് പോകാണ്.' പറഞ്ഞവസാനിച്ചതും അത്യാവശ്യസാധനങ്ങളെല്ലാമെടുത്ത് അവർ തറവാട്ടിലേക്ക് നടന്നുതുടങ്ങി.

ഞങ്ങൾ കളിച്ചുവളർന്ന വലിയ വീട് തൊട്ടുമുന്നിലെങ്കിലും ഒരുപാടകലെയായി നിന്നു. സാഹിറത്താത്താന്റെ വീട് താൽക്കാലികമായി ഉണ്ടാക്കിയ ഒരു ചെറിയ ഷെഡായിരുന്നു. വീടുപണി തീരും വരെ നിൽക്കാൻ വേണ്ടി പനയോലകൊണ്ട് നിർമ്മിച്ച ചെറിയൊരു ഷെഡ്. അതിന്റെ തറയിൽ ഞങ്ങൾ ഉറങ്ങാൻ കിടന്നു. നട്ടെല്ലിലേക്ക് കല്ലുകൾ കൊമ്പുകോർത്തു. വേദന കൊണ്ട് തിരിഞ്ഞും മറിഞ്ഞും കിടന്നു.

അന്നു രാത്രി ഒരു വേനൽ മഴ പെയ്തു. ഒരു പേമാരി. പനയോലച്ചീളുകളിൽ കൂടി വെള്ളം ഞങ്ങളുടെ ദേഹത്തേക്ക് വീണു. പുറത്ത് അനാഥമായിക്കിടന്ന ഞങ്ങളുടെ പുസ്തകങ്ങൾ, കിടക്കകൾ, വസ്ത്രങ്ങൾ എല്ലാം നനഞ്ഞു. 'കാരണോമ്മാർക്ക് പൊരുത്തണ്ടാവൂലാ. അതെന്നെ ഈ മയ.' ഉമ്മ ആരോടെന്നില്ലാതെ പറഞ്ഞു.

ഏഴാംനാൾ ഒരു വാടകവീടു കിട്ടി. രണ്ടു വർഷം കഴിഞ്ഞ് ഞങ്ങൾ വീടുവെച്ചു. പിന്നെയും കുറച്ചു കഴിഞ്ഞപ്പോൾ വല്ലിക്കാക്ക വേറെ വീടുവെച്ചു. എല്ലാറ്റിനും പിന്തുണയേകി ഉമ്മ നിന്നു. എന്തുവന്നാലും പ്രാർത്ഥനകൾ മുടക്കാത്ത ഉമ്മ ഞങ്ങളുടെ പരാജയങ്ങളിലൊന്നും തളർന്നില്ല. ഞങ്ങളെ തളരാൻ അനുവദിച്ചതുമില്ല. ഉപ്പ പ്രവാസജീവിതം നിറുത്തി നാട്ടിൽ വന്നപ്പോഴേക്കും വിമാനം കയറുമ്പോഴുണ്ടായിരുന്ന അവസ്ഥയിൽ നിന്ന് ഞങ്ങളുടെ ജീവിതം ഏറെ മെച്ചപ്പെട്ടിരുന്നു. ഉപ്പാന്റെ വിശ്രമജീവിതവും വളരെ സന്തോഷകരമായിരുന്നു. അൽഹംദുലില്ലാഹ്!!

*** *** ***

ആദ്യഗർഭത്തിന്റെ അവസാനത്തെ മൂന്നു മാസങ്ങൾ ഞാൻ ജീവിതത്തിൽ നേരിട്ട വലിയൊരു പ്രതിസന്ധികാലം തന്നെയായിരുന്നു. ഏഴാം മാസത്തിന്റെ തുടക്കത്തിൽ സ്കാനിംഗ് നോക്കികൊണ്ട് ഡോക്ടർ പറഞ്ഞു: 'നിങ്ങളുടെ കുഞ്ഞിന് 'ഫെറ്റൽ ഹൈഡ്രോസെഫാലസ്' എന്ന രോഗാവസ്ഥയാണ്. ഇത്തരം കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ ഏതെങ്കിലും വൈകല്യങ്ങളുണ്ടാവും. ചിലപ്പോൾ ഈ കുഞ്ഞിനെ നമുക്ക് കിട്ടുകയില്ല, ഇനി കിട്ടിയാലും നിങ്ങൾക്ക് വലിയ പ്രയോജനമൊന്നും ഉണ്ടാവില്ല.' ഡോക്ടർ പറഞ്ഞു നിർത്തി. ആ നിമിഷമൊരു ദിവാസ്വപ്നമായിരുന്നെങ്കിൽ എന്ന് ഞാൻ വ്യാമോഹിച്ചു. ശ്വാസം നിലച്ചുപോകാതിരിക്കാൻ ഞാൻ ആഞ്ഞുശ്വസിച്ചു. എന്റെ കരളങ്ങനെ പൊള്ളിത്തിണർത്തു. പകുതി മുറിഞ്ഞുപോയ ശബ്ദത്തിൽ ഞാൻ ചോദിച്ചു: 'ഡോക്ടർ, ഇതിനു മരുന്നില്ലേ?'

ഡോക്ടർ പറഞ്ഞു: 'ഈ അവസ്ഥക്ക് മരുന്നില്ല കുട്ടീ..!' പൊള്ളിപ്പോയ എന്റെ കരൾ പൊട്ടിയൊലിച്ചു!

പിന്നീടുള്ള നിമിഷങ്ങൾ ഞാൻ ജീവച്ഛവം പോലെയാണ് കഴിഞ്ഞത്. ആഴ്ചകളും ദിവസങ്ങളും തള്ളിനീക്കി. രാവും പകലുമില്ലാതെ പ്രാർത്ഥിച്ചു. ഉറക്കം നഷ്ടപ്പെട്ടതെല്ലാം പ്രാർത്ഥിക്കാൻ വേണ്ടിയായിരിക്കുമെന്ന് ഞാൻ വിശ്വസിച്ചു. കണ്ണുകൾ



സദാ സമയവും അല്ലാഹുവിനെ തേടിക്കൊണ്ടിരുന്നു. താങ്ങാൻ കഴിയാത്തതൊന്നും എന്റെ നാഥൻ എനിക്കു നൽകുകയില്ലെന്നു ഞാൻ ഉറപ്പിച്ചു. എന്തു വന്നാലും പിടിച്ചുനിൽക്കാനുള്ള ധൈര്യം എനിക്ക് പ്രാർത്ഥനയിലൂടെ കിട്ടിക്കൊണ്ടിരുന്നു. മൂന്നു മാസങ്ങൾ കടന്നു പോയി. പ്രസവത്തിനായി ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. ലേബർറൂമിലെ തണുപ്പനുഭവിച്ചു തുടങ്ങി. ഡോക്ടർ വീണ്ടും ഒരു സ്കാനിംഗ് കൂടി നിർദ്ദേശിച്ചു. അതിന്റെ റിസൾട്ട് നോക്കി അവർ പറഞ്ഞു: 'പടച്ചോൻ നിന്റെ കൂടെത്തന്നെയുണ്ട് കേട്ടോ.. ഇപ്പോൾ എല്ലാം നോർമലായിട്ടുണ്ട്. ഇനി പേടിക്കാനൊന്നുമില്ല.' വേനലിൽ വിണ്ട ഹൃദയത്തിലേക്കൊരു കുളിർമഴയായി പെയ്തിറങ്ങി ആ വാക്കുകൾ! അൽഹംദുലില്ലാഹ്!

വർഷങ്ങൾക്കിപ്പുറം, മഹല്ലിന്റെ പള്ളിമിനാരങ്ങളിൽ നിന്ന് ചിലപ്പോഴൊക്കെ മോന്റെ ശബ്ദം കേൾക്കും. ശ്രുതിമധുരമായ ബാങ്കൊലികൾ കുളിർക്കാറ്റിന്റെ അലകളിലൂടെ കാതിലെത്തും. അപ്പോഴെല്ലാം ആത്മാവിൽ ഹംദുകൾ പെരുകും. ലേബർറൂമിലെ തണുപ്പ് ഒരിക്കൽകൂടി അനുഭവിക്കും.

*** *** ***

2022 ലെ ഒരു വൈകുന്നേരം. കോവിഡിന്റെ പിടിവിട്ട് ജനങ്ങൾ സാധാരണജീവിതത്തിലേക്ക് ചേക്കേറുന്ന സമയം. ഉമ്മയെ കാണാൻ വീട്ടിലേക്കെത്തിയതാണ് ഞാൻ. ഒഴിവുദിവസമായതിനാൽ സഹോദരങ്ങളെല്ലാവരുമുണ്ട്. വലിയൊരു ചർച്ചക്കു നടുവിലേക്കാണ് ഞാൻ എത്തിച്ചേർന്നത്. ഒത്തിരി നാളുകളായി ഉമ്മാക്ക് ഹജ്ജിനു പോകാനുള്ള ആഗ്രഹം. പല കാരണങ്ങൾകൊണ്ടത് നീണ്ടുപോയി. ഒരു തുണയില്ലാതെ പോകാൻ കഴിയില്ലെന്ന് ഉമ്മ തീർത്തുപറഞ്ഞു. മരുന്നും മറ്റും കൈകാര്യം ചെയ്യാൻ പറ്റിയ ഒരാൾ തുണ വേണം. അതാരാകണമെന്നാണ് ചർച്ച. ഇക്കാക്കമാരെല്ലാം അവരുടെ ബാധ്യതകളുടെ കെട്ടഴിച്ചു. ഇത്താത്തമാർക്കുമുണ്ട് അസൗകര്യങ്ങൾ.

'അനക്ക് പോരാൻഎന്താ തടസ്സം?' അതുവരെ കുടിക്കുന്ന ചായയിൽ മാത്രം ശ്രദ്ധിച്ചിരുന്ന ഞാൻ പെട്ടെന്ന് എന്തു പറയണമെന്നറിയാതെ നിന്നു. ജീവിതത്തിൽ ഒരിക്കൽ പോലും പ്രതീക്ഷിച്ചിട്ടില്ലാത്ത ചോദ്യം! പരിശുദ്ധമക്കയിലും മദീനയിലും പോവണമെന്ന് എനിക്കും അങ്ങേയറ്റം ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, ഒരു ഹജ്ജ് ചെയ്യുന്നതിനോളം വലിയ സമ്മാനം എനിക്കായി നാഥൻ പാത്തുവെച്ചിട്ടുണ്ടാകുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല.

'അതിന് കൊറേ പൈസയൊക്കെ വേണ്ടെമ്മാ... ഇങ്ങക്കറിയൂലേ... ന്റേൽ എവിടെ പൈസ?' ഞാൻ ചോദിച്ചു. 'അനക്ക് വിധിണ്ടെങ്കിൽ പൈസൊക്കെണ്ടാവും.' ഉമ്മ പറഞ്ഞു. ചർച്ച തൽക്കാലത്തേക്ക് പിരിഞ്ഞു.

അധികം വൈകാതെ യാത്രക്കുള്ള ഒരുക്കങ്ങളായി. ഉമ്മ പറഞ്ഞതുപോലെ പൈസക്കോ മറ്റു കാര്യങ്ങൾക്കോ യാതൊരു തടസ്സങ്ങളും നേരിട്ടില്ല. മുപ്പതോളം സ്ത്രീകളുണ്ടായിരുന്നു ഞങ്ങളുടെ സംഘത്തിൽ; ഏകദേശം അത്രതന്നെ പുരുഷന്മാരും.

എന്താണ് ജീവിതത്തിൽ സംഭവിക്കുന്നതെന്ന് ഞാൻ യാത്രയിലുടനീളം ആലോചിച്ചു. എത്ര പെട്ടെന്നാണ് ഞാനൊരു ഹജ്ജുസംഘത്തിൽ എത്തിയതെന്നോർത്ത് അത്ഭുതപ്പെട്ടു.

ഞങ്ങൾ ജിദ്ദ വിമാനത്താവളത്തിൽ ഇറങ്ങി. പിന്നീടങ്ങോട്ട് ബസ്സിലായിരുന്നു യാത്ര. ബസ്സിൽ വെച്ച് ഉസ്താദ് ഓർമിപ്പിച്ചു: 'സാഹിറാ... ഈ സംഘത്തിൽ ഏറ്റവും ചെറുപ്പം നിങ്ങൾക്കാണ് കേട്ടോ. അതുകൊണ്ട് കൂടെയുള്ളവരെയെല്ലാം നിങ്ങളുടെ ഉമ്മയെപ്പോലെ നോക്കിക്കൊള്ളണേ...' ഞാൻ ശരിയെന്നു തലയാട്ടി.

ജീവിതത്തിലിന്നുവരെ വഹിച്ചതിൽ ഏറ്റവും മനോഹരമായിരുന്നു ആ ചുമതല. കാരണം, മരുന്നുപൊതികളിൽ എഴുതിയ കണക്കുകൾ വായിക്കാൻ പറ്റാതെ ഉമ്മമാർ പ്രയാസപ്പെട്ടപ്പോൾ കൃത്യമായി മരുന്നുകൾ എടുത്തുകൊടുക്കാൻ കഴിഞ്ഞു. ഫോണുകളിൽ സിംകാർഡുകളിടാനറിയാതെ വിഷമിച്ചപ്പോൾ അവർക്ക് തുണ നിൽക്കാൻ കഴിഞ്ഞു. ഉമ്മമാരുടെ ചിരി കാണാൻ നല്ല മൊഞ്ചായിരുന്നു. ചിലർക്കൊന്നും എന്റെ പേരറിയുമായിരുന്നില്ല. അവർ എന്നെ 'മ്മാന്റെ കുട്ടി' എന്ന് വിളിച്ചു. ദുനിയാവിലെ ഏറ്റവും മനോഹരമായ വിളികളിലൊന്നാണല്ലോ അത്.



മസ്ജിദുൽഹറാമിന്റെ കവാടങ്ങളിലൊന്നായ കിംഗ്ഫഹദ് ഗേറ്റ് കടന്ന് ഞങ്ങൾ അകത്തേക്കു പ്രവേശിച്ചു. ജീവിതത്തിൽ ആദ്യമായി പരിശുദ്ധ കഅ്ബാലയം കാണുകയാണ്. അൽഹംദുലില്ലാഹ്! പിന്നീട് പുണ്യമദീനയിലേക്ക്... തിരുനബി(സ)യുടെ തൊട്ടു ചാരെ, റൗളാപൂന്തോപ്പിൽ ചെന്നു സലാം പറഞ്ഞു. പ്രാർത്ഥനകളാൽ മനസ്സും ശരീരവും കുളിർത്തു.

കൂട്ടത്തിൽ ഒരു ഇത്താത്ത മാത്രം അതീവദുഃഖത്തിൽ കഴിയുന്നത് ഞാൻ ശ്രദ്ധിച്ചു. ഒരു ദിവസം ഞാനതിനുള്ള കാരണം തിരക്കി. 'മൂപ്പർക്ക് പോരാൻ വല്യ പൂത്യായിര്ന്ന്. കൈഞ്ഞീല മോളേ....!' അവരുടെ കണ്ണുകൾ നിറഞ്ഞു. ലോക്ഡൗണിന്റെ കോലാഹലങ്ങളൊക്കെ കഴിഞ്ഞ് ആദ്യമായി തുറക്കുന്ന വർഷമായിരുന്നതിനാൽ 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കന്ന് വിലക്കുണ്ടായിരുന്നു.

'നല്ലതിനായിരിക്കും ഇത്താ, നിങ്ങൾ വിഷമിക്കാതിരിക്കിൻ.' ഞാനവരെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

'കാലങ്ങളായി ഞങ്ങള് ഒന്നിച്ചുകണ്ട കിനാവേർന്ന്.' ഇത്താത്തയുടെ തേങ്ങലടങ്ങുന്നില്ല.


ഒരു പ്രതീക്ഷയും തയ്യാറെടുപ്പുമില്ലാതെ, അവിടെ എത്തിച്ചേർന്ന എന്റെ കാര്യം ഞാൻ അവരോട് പറഞ്ഞു. എന്നെ ഇവിടെ എത്തിച്ച നാഥന് ഇനിയും നിങ്ങളെ ഒരുമിച്ച് ഇവിടെയെത്തിക്കാൻ കഴിഞ്ഞേക്കുമെന്നു പറഞ്ഞു. ആ ചുണ്ടുകളിൽ ആശ്വാസത്തിന്റെ നേർത്ത പുഞ്ചിരിച്ച വിരിയുന്നതു കണ്ടു.

ഹജ്ജിന്റെ കർമ്മങ്ങൾ തൃപ്തികരമായി പൂർത്തിയായിക്കൊണ്ടിരുന്നു. സന്തോഷകരമെന്നു പറയട്ടെ! ആ വർഷത്തെ ഹാജിമാർക്കെല്ലാം റബ്ബ് ഒരുക്കിവെച്ചത് ഹജ്ജുൽഅക്ബറായിരുന്നു. അവസാന കല്ലേറു കർമ്മം കഴിഞ്ഞ് ഉമ്മ എന്റെ കൈ മുറുകെ പിടിച്ചുകൊണ്ട് പറഞ്ഞു: 'ഉമ്മ കരുതിയിരുന്നത്, വല്യക്കാക്കായിരിക്കും ന്റെ കൂടെ ണ്ടാവാന്നാ. ഓന് പോരാൻ കയ്യൂലാന്ന് പറഞ്ഞപ്പോ എനിക്ക് വല്യ ബേജാറായിര്ന്ന്. ഞാൻ പടച്ചോനോട് തേടിയത് ന്നെ നല്ലോണം നോക്കാൻ പറ്റിയ ഒരു തുണയെ തരണേന്നായിരുന്നു. അത് യ്യായിരുന്നു മോളേ.' ഉമ്മ കണ്ണുനീരൊഴുക്കി പുഞ്ചിരിച്ചു. ഞാൻ ഉമ്മാനെ കെട്ടിപ്പിടിച്ചു.

***     ***     ***

2025ലെ ഹജ്ജ്വാർത്തകളിൽ ശ്രദ്ധയനായ ആമിർഗദ്ദാഫിയെ നാം മറന്നിട്ടില്ലോ.

**തന്നിൽ പ്രതീക്ഷയർപ്പിച്ചവരെ അല്ലാഹു ഒരിക്കലും കൈവെടിയുകയില്ല. പരീക്ഷണങ്ങളുടെ തീച്ചൂളയിൽ കിടന്നു പിടയ്ക്കുമ്പോഴും അല്ലാഹുവിനെക്കുറിച്ചുള്ള പ്രതീക്ഷ കൈവിടാതിരിക്കുക. അല്ലാഹു നമുക്കു കരുതി വെച്ച സമ്മാനം എന്തായിരിക്കുമെന്ന് നമുക്കറിയില്ലല്ലോ. ഒരുപാട് പ്രാർത്ഥിച്ചിട്ടും അല്ലാഹു നമുക്കൊരു കാര്യം നൽകുന്നില്ലെങ്കിൽ അതായിരിക്കും നന്മ! നമുക്കും ഇങ്ങനെ പറയാൻ ശീലിക്കാം: 'അല്ലാഹുവേ, നീ തന്നതിനും തടഞ്ഞതിനും നന്ദി!'**



ലിബിയക്കാരനായ അദ്ദേഹം ഹജ്ജ്യാത്രക്കായി വിമാനത്താവളത്തിലെത്തിയപ്പോൾ ചില സുരക്ഷാകാരണങ്ങളാൽ അദ്ദേഹത്തിന്റെ യാത്ര തടഞ്ഞുവെക്കുകയായിരുന്നു. അദ്ദേഹത്തിന് യാത്ര ചെയ്യാനുള്ള വിമാനം അപ്പോഴേക്കും പുറപ്പെട്ടുകഴിഞ്ഞിരുന്നു. എന്നാൽ അധികം വൈകാതെ ചില യന്ത്രത്തകരാറുകൾ കാരണം വിമാനം അവിടെ തന്നെ തിരിച്ചു ലാൻഡ് ചെയ്തു. ഇത്തവണ അദ്ദേഹത്തെ കൊണ്ടുപോകുന്ന കാര്യം എയർപോർട്ട് ഉദ്യോഗസ്ഥർ സംസാരിച്ചിരുന്നെങ്കിലും പൈലറ്റ് വിസമ്മതിക്കുകയായിരുന്നു. വിമാനം തകരാറുകൾ പരിഹരിച്ച് വീണ്ടും ഉയർന്നു. ആമിറിന്റെ പ്രതീക്ഷകൾ അവസാനിച്ചിരുന്നില്ല. അദ്ദേഹം വിമാനത്താവളം വിട്ടുപോയിരുന്നില്ല. അത്ഭുതമെന്നു പറയാം, അസ്വാഭാവികമായ തകരാർ വീണ്ടും ഉണ്ടാവുകവും വിമാനം രണ്ടാമതും തിരിച്ചിറക്കുകയും ചെയ്തു. ഇത്തവണ ആമിറിനെയും കൂട്ടിയാണ് വിമാനം പറന്നുയർന്നത്! തന്നിൽ പ്രതീക്ഷയർപ്പിച്ചവരെ അല്ലാഹു ഒരിക്കലും കൈവെടിയുകയില്ല.

പരീക്ഷണങ്ങളുടെ തീച്ചൂളയിൽ കിടന്നു പിടയ്ക്കുമ്പോഴും അല്ലാഹുവിനെക്കുറിച്ചുള്ള പ്രതീക്ഷ കൈവിടാതിരിക്കുക. അല്ലാഹു നമുക്കു കരുതി വെച്ച സമ്മാനം എന്തായിരിക്കുമെന്ന് നമുക്കറിയില്ലല്ലോ. ഒരുപാട് പ്രാർത്ഥിച്ചിട്ടും അല്ലാഹു നമുക്കൊരു കാര്യം നൽകുന്നില്ലെങ്കിൽ അതായിരിക്കും നന്മ! നമുക്കും ഇങ്ങനെ പറയാൻ ശീലിക്കാം: 'അല്ലാഹുവേ, നീ തന്നതിനും തടഞ്ഞതിനും നന്ദി!'

കവർസ്റ്റോറി

ഫഹീം മുഹമ്മദ് സഖാഫി ചേലേമ്പ്ര

# ഇസ്‌ലാമിലെ സ്ത്രീ; തുല്യതയും നീതിയും

ഇസ്‌ലാമിൽ സൃഷ്ടികളുടെ ലിംഗഭേദത്തിന്റെ പേരിൽ യാതൊരു വിവേചനവും നമുക്ക് കാണാൻ സാധിക്കില്ല. ആണും പെണ്ണും അല്ലാഹുവിന്റെ ദൃഷ്ടിയിൽ തുല്യരാണ്. ഭൗതികമായ കഴിവുകളിലും ശാരീരികഘടനയിലും വ്യത്യാസങ്ങളുണ്ടെങ്കിലും, ആത്മീയമായും മനുഷ്യരെന്ന നിലയിലും ഇരു വിഭാഗത്തിനും ഒരേ പദവിയാണ് ഇസ്‌ലാം നൽകുന്നത്.

അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം എല്ലാ സൃഷ്ടികളും തുല്യമാണ്. എന്നാൽ, ഓരോ സൃഷ്ടിക്കും അതിന്റേതായ ധർമ്മങ്ങളും ഉത്തരവാദിത്തങ്ങളും നൽകിയിട്ടുണ്ട്. 'അവൻ ചെയ്യുന്നതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുകയില്ല, എന്നാൽ അവർ (സൃഷ്ടികൾ) ചോദ്യം ചെയ്യപ്പെടും' (സൂറത്തുൽ അൻബിയാഅ് 23) എന്ന വചനം, അല്ലാഹുവിന്റെ തീരുമാനങ്ങളെ ചോദ്യം ചെയ്യാനുള്ള മനുഷ്യന്റെ അശക്തി ഓർമ്മിപ്പിക്കുന്നു.



## പദവി, ഉത്തരവാദിത്തം, നേതൃത്വം

'പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണമുള്ളവരാണ്' (സൂറത്തുന്നിസാഅ് 34), 'പുരുഷന്മാർക്ക് അവരെക്കാൾ ഒരു പദവിയുണ്ട്' (സൂറത്തുൽബഖറ 228) എന്നീ ഖുർആൻ വചനങ്ങളെ പലപ്പോഴും സ്ത്രീയുടെ മഹത്വത്തെ ഇകഴ്ത്തിക്കാണിക്കാൻ അല്പജ്ഞാനികൾ ഉയർത്തിക്കാണിക്കാറുണ്ട്. യഥാർത്ഥത്തിലിത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുഗമമായ നടത്തിപ്പിനാവശ്യമായ ഉത്തരവാദിത്തവിഭജനത്തെയാണ് സൂചിപ്പിക്കുന്നത്.

കപ്പലിന് കപ്പിത്താൻ എന്നതുപോലെ, കുടുംബത്തിന് ഒരു നേതൃത്വം ആവശ്യമാണ്. ഈ നേതൃത്വപരമായ പങ്ക് പുരുഷനാണ് ഇസ്‌ലാം നൽകുന്നത്. സ്ത്രീയുടെയും കുട്ടികളുടെയും സംരക്ഷണം, സാമ്പത്തിക ഭദ്രത, കുടുംബത്തിന്റെ ക്ഷേമം തുടങ്ങിയ കനത്ത ഉത്തരവാദിത്തങ്ങളാണ് ഈ 'ഖവ്വാമൂൻ' (നിയന്ത്രണം/സംരക്ഷണം) എന്ന പദവി അർത്ഥമാക്കുന്നത്.

രാത്രി, പകൽ, വെളിച്ചം, ഇരുട്ട്, മഴ, വെയിൽ, മണ്ണ്, തീ എന്നിവയിൽ ഏതിനാണ് മഹത്വം കൂടുതൽ എന്ന് ചോദിക്കുന്നത് അർത്ഥശൂന്യമാണല്ലോ. കാരണം, ഇവയോരോന്നിനും അതിന്റേതായ ധർമ്മങ്ങളും പ്രാധാന്യങ്ങ

**രാത്രി, പകൽ, വെളിച്ചം, ഇരുട്ട്, മഴ, വെയിൽ, മണ്ണ്, തീ എന്നിവയിൽ ഏതിനാണ് മഹത്വം കൂടുതൽ എന്ന് ചോദിക്കുന്നത് അർത്ഥശൂന്യമാണല്ലോ. കാരണം, ഇവയോരോന്നിനും അതിന്റേതായ ധർമ്മങ്ങളും പ്രാധാന്യങ്ങളുമുണ്ട്. പരസ്പരം നിലനിൽപ്പിന് അവ അനിവാര്യവുമാണ്. അതുപോലെയാണ് സ്ത്രീയും പുരുഷനും. ഇരുവർക്കും വ്യത്യസ്തമായ കഴിവുകളുണ്ടെങ്കിലും അവയെല്ലാം സാമൂഹികമായ പൂർണ്ണതക്ക് അനിവാര്യമാണ്.**

ളുമുണ്ട്. പരസ്പരം നിലനിൽപ്പിന് അവ അനിവാര്യവുമാണ്. അതുപോലെയാണ് സ്ത്രീയും പുരുഷനും. ഇരുവർക്കും വ്യത്യസ്തമായ ശാരീരികവും മാനസികവുമായ കഴിവുകളുണ്ടെങ്കിലും അവയെല്ലാം സാമൂഹികമായ പൂർണ്ണതക്ക് അനിവാര്യമാണ്.

## പെണ്ണവകാശങ്ങൾ

ഇസ്‌ലാം സ്ത്രീയുടെ വ്യക്തിത്വത്തെയും അവകാശങ്ങളെയും പൂർണ്ണമായി അംഗീകരിക്കുന്നു. അവൾക്ക് വിദ്യാഭ്യാസം നേടാനും സ്വന്തമായി സമ്പാദിക്കാനും സ്വത്ത് കൈവശം വെക്കാനും കച്ചവടം ചെയ്യാനും കരാറുകളിൽ ഏർപ്പെടാനും ഇഷ്ടമുള്ളവരെ വിവാഹം കഴിക്കാനും വിവാഹമോചനം നേടാനും അവകാശം നൽകുന്നു.

**വിദ്യാഭ്യാസത്തിനുള്ള അവകാശം:** അറിവ് നേടുന്നത് ഓരോ മുസ്‌ലിമിനും നിർബന്ധമാണ്. സ്ത്രീക്കും പുരുഷനും ഇത് ഒരുപോലെ ബാധകമാണ്. ഇസ്‌ലാമിക ചരിത്രത്തിൽ നിരവധി പണ്ഡിതകളും അറിവുള്ള സ്ത്രീകളുമുണ്ടായിരുന്നല്ലോ.

**സാമ്പത്തികാവകാശങ്ങൾ:** വിവാഹത്തിനു മുമ്പ് സ്ത്രീയുടെ സംരക്ഷണം അവളുടെ പിതാവിനാണ്. വിവാഹം കഴിച്ചാൽ ഭർത്താവിനാണ്. അവളുടെ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ എല്ലാ അടിസ്ഥാന ആവശ്യങ്ങളും ഭർത്താവിന്റെ ബാധ്യതയാണ്. ഭാര്യ സമ്പാദിക്കുന്ന ധനം അവൾക്ക് സ്വന്തമാണ്. അത് ചെലവഴിക്കാൻ ഭർത്താവിന് അവകാശമില്ല. അവൾ അനുവദിച്ചാൽ മാത്രം ആ ധനം കുടുംബത്തിനുവേണ്ടി ചെലവഴിക്കാം. മക്കളുടെ ചെലവും പുരുഷനാണ് വഹിക്കേണ്ടത്. വിവാഹമോചനം സംഭവിച്ചാൽ പോലും, ഇദ്ദ കാലയളവിൽ സ്ത്രീയുടെയും കുട്ടികളുടെയും ചെലവ് ഭർത്താവ് വഹിക്കണം. കുട്ടി ജനിച്ചാൽ മുലയൂട്ടുന്നതിനു പോലും സ്ത്രീക്ക് വാടക ആവശ്യപ്പെടാനുള്ള അവകാശമുണ്ട്. പുരുഷനെ സംബന്ധിച്ചിടത്തോളം വിവാഹത്തിലൂടെ വലിയ സാമ്പത്തിക ഭാരം ഏറ്റെടുക്കുകയാണ് ചെയ്യുന്നത്.

**വിവാഹത്തിനുള്ള അവകാശം:** സ്ത്രീക്ക് തന്റെ ഇഷ്ടത്തിനനുസരിച്ച് വിവാഹം കഴിക്കാനുള്ള അവകാശമുണ്ട്. നിർബന്ധിത വിവാഹങ്ങൾ ഇസ്‌ലാം അനുവദിക്കുന്നില്ല.

**വിവാഹമോചനത്തിനുള്ള അവകാശം (ഖുൽഅ്):** പുരുഷന് ത്വലാഖ് പോലെ, സ്ത്രീക്ക് ഖുൽഅ് എന്ന രീതിയിൽ വിവാഹബന്ധം വേർപെടുത്താനുള്ള അവകാശമുണ്ട്.

**മാതാവിന്റെ പദവി:** ഇസ്‌ലാം സ്ത്രീക്ക് നൽകുന്ന ഏറ്റവും വലിയ ആദരവ് മാതൃത്വപദവിയാണ്.

ഒരാൾ പ്രവാചകരോട്(സ) ചോദിച്ചു: 'ഞാൻ ഏറ്റവും കൂടുതൽ കടപ്പെട്ടിരിക്കുന്നത് ആരോടാണ്?' പ്രവാചകർ(സ) പറഞ്ഞു: 'നിന്റെ മാതാവിനോട്.' അയാൾ വീണ്ടും ചോദിച്ചു: 'പിന്നീടോ?' പ്രവാചകർ(സ) പറഞ്ഞു: 'നിന്റെ മാതാവിനോട്.' മൂന്നാം തവണയും ഇതേ ചോദ്യം ആവർത്തിച്ചപ്പോൾ പ്രവാചകർ(സ) 'മാതാവിനോട്' എന്ന് മറുപടി നൽകി. നാലാം തവണ ചോദിച്ചപ്പോൾ മാത്രമാണ് 'നിന്റെ പിതാവിനോട്' എന്ന് മറുപടി നൽകിയത്. ഇത് ഉമ്മയ്ക്ക് ഇസ്‌ലാം നൽകുന്ന അനിഷേധ്യമായ സ്ഥാനത്തെയാണ് എടുത്തുകാണിക്കുന്നത്. ഒരു പുരുഷനും ഇതിൽ പരാതിപ്പെടുന്നില്ലെന്നത് ശ്രദ്ധേയമാണ്. ഇസ്‌ലാമിക നിയമമനുസരിച്ച്, സ്ത്രീക്ക് വീട്ടിലെ ജോലികൾ നിർബന്ധമില്ല. ഭർത്താവിന് വേലക്കാരിയെ വെക്കാൻ സാമ്പത്തിക ശേഷിയില്ലെങ്കിൽ മാത്രമേ അവൾ ആ ജോലികൾ ചെയ്യേണ്ടതുള്ളൂ. അതും നിയമപരമായ ബാധ്യതയല്ല, മറിച്ച്, സ്നേഹത്തിന്റെയും നന്ദിയുടെയും ഭാഗമായി ചെയ്യുന്നതാണ്. പുരുഷന്മാരോട് ഖുർആൻ പറയുന്നത് 'നിങ്ങൾ അവരുമായി നല്ല നിലയിൽ സഹവസിക്കുക' (സൂറത്തുന്നിസാഅ് 4/19) എന്നാണ്. പരസ്പര സ്നേഹത്തോടും ബഹുമാനത്തോടും കൂടിയുള്ള ജീവിതത്തിനാണ് ഇസ്‌ലാം ഊന്നൽ നൽകുന്നതെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു.

## അനന്തരാവകാശം

ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങൾ പലപ്പോഴും വിമർശിക്കപ്പെടാറുണ്ട്; പ്രത്യേകിച്ച് പുരുഷന് സ്ത്രീയുടെ ഇരട്ടി ഓഹരി ലഭിക്കുന്നു എന്നതിന്റെ പേരിൽ. ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയുടെയും സാമൂഹിക ഉത്തരവാദിത്തങ്ങളുടെയും പശ്ചാത്തലത്തിൽ വേണം ഇതിനെ മനസ്സിലാക്കാൻ.

പുരുഷന്റെ ഇരട്ടി ഓഹരിയുടെ യുക്തി: പുരുഷന് സ്ത്രീയുടെ ഇരട്ടി ഓഹരിയായി ലഭിക്കുന്ന ധനം അവന്റെ മാത്രം ആവശ്യങ്ങൾക്കുവേണ്ടിയുള്ളതല്ല. മറിച്ച്, അവന്റെ ഭാര്യയുടെയും മക്കളുടെയും മാതാപിതാക്കളുടെയും (ആവശ്യമെങ്കിൽ) സംരക്ഷണത്തിനായി അതിൽ നിന്ന് ചെലവഴിക്കാൻ അവൻ ബാധ്യസ്ഥനാണ്. അതേസമയം സ്ത്രീക്ക് അനന്തരാവകാശമായി ലഭിക്കുന്ന ധനം അവളുടെ സ്വന്ത



**പുരുഷന് സ്ത്രീയുടെ ഇരട്ടി ഓഹരിയായി ലഭിക്കുന്ന ധനം അവന്റെ മാത്രം ആവശ്യങ്ങൾക്കു വേണ്ടിയുള്ളതല്ല. മറിച്ച്, അവന്റെ ഭാര്യയുടെയും മക്കളുടെയും മാതാപിതാക്കളുടെയും (ആവശ്യമെങ്കിൽ) സംരക്ഷണത്തിനായി അതിൽനിന്ന് ചെലവഴിക്കാൻ അവൻ ബാധ്യസ്ഥനാണ്. അതേസമയം സ്ത്രീക്ക് അനന്തരാവകാശമായി ലഭിക്കുന്ന ധനം അവളുടെ സ്വന്തമാണ്. അതവളുടെ ഇഷ്ടത്തിനനുസരിച്ച് ചെലവഴിക്കാം.**

മാണ്. അതവളുടെ ഇഷ്ടത്തിനനുസരിച്ച് ചെലവഴിക്കാം. അവളുടെ ഭർത്താവിനോ പിതാവിനോ സഹോദരനോ ആ ധനത്തിൽ അവകാശമില്ല, അവളുടെ ചെലവ് വഹിക്കേണ്ട ബാധ്യതയും അവർക്കാണ്.

ഈ സാഹചര്യത്തിൽ, യഥാർത്ഥത്തിൽ സാമ്പത്തികനേട്ടം സ്ത്രീക്കാണെന്ന് മനസ്സിലാക്കാമല്ലോ. ഒരാൾ മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ കടം വീട്ടാനുള്ള ബാധ്യത മക്കൾക്കുണ്ട്. ഈ വിഷയത്തിൽ, പുരുഷന്മാർക്കാണ് കൂടുതൽ ഉത്തരവാദിത്തം നൽകിയിട്ടുള്ളത്. അനന്തരാവകാശം വീതിക്കുമ്പോൾ പുരുഷന് സ്ത്രീയുടെ ഇരട്ടി ഓഹരി ലഭിക്കുന്നതുപോലെ, കടം വീട്ടുന്ന കാര്യത്തിലും പുരുഷന്റെ വിഹിതമാണ് കൂടുതൽ പരിഗണിക്കുന്നത്. ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. കാരണം, പലപ്പോഴും അനന്തരാവകാശത്തെക്കുറിച്ച് സംസാരിക്കുമ്പോൾ സ്വത്തിന്റെ വിഭജനത്തിൽ പുരുഷനും സ്ത്രീക്കുമുള്ള വ്യത്യാസം പരാമർശിക്കാറുണ്ടെങ്കിലും, കടബാധ്യതയുടെ കാര്യത്തിൽ ഈ വ്യത്യാസം പലപ്പോഴും ചർച്ച ചെയ്യപ്പെടാറില്ല. ഇസ്‌ലാമിക അനന്തരാവകാശ നിയമങ്ങൾ ഒരു സന്തുലിതമായ സാമൂഹികനീതി ഉറപ്പാക്കുന്നു. പുരുഷന്റെ സാമ്പത്തിക ഉത്തരവാദിത്തങ്ങൾ കണക്കിലെടുത്താണ് ഈ വിഭജനം നടപ്പിലാക്കുന്നത്. ഇത് സ്ത്രീക്ക് സാമ്പത്തിക സുരക്ഷിതത്വം നൽകുകയും, അവളുടെ ധനം പൂർണ്ണമായും അവളുടെ നിയന്ത്രണത്തിലാക്കുകയും ചെയ്യുന്നു.

## ഹിജാബും സ്ത്രീസുരക്ഷയും

ഇസ്‌ലാമിലെ ഹിജാബ് (ശിരോവസ്ത്രം) പലപ്പോഴും സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതായി വ്യാഖ്യാനിക്കപ്പെടാറുണ്ട്. എന്നാൽ, ഇസ്‌ലാം ഹിജാബിനെ കാണുന്നത് സ്ത്രീയുടെ സുരക്ഷയ്ക്കും മാന്യതയ്ക്കും ബഹുമാനത്തിനും വേണ്ടിയുള്ള ഒരു മാർഗ്ഗമായാണ്. ഇസ്‌ലാം അന്യസ്ത്രീപുരഷന്മാർ പരസ്പരം കാണുന്നതിൽ ചില നിയന്ത്രണങ്ങൾ വെക്കുന്നു. സ്ത്രീക്ക് തന്റെ ഭർത്താവിനെയും മഹ്റം (വിവാഹം അനുവദനീയമല്ലാത്ത അടുത്ത ബന്ധുക്കൾ) ആയ പുരുഷന്മാരെയും കാണൽ അനുവദനീയമാണ്. പുരുഷനും തന്റെ ഭാര്യയെയും മഹ്റം ആയ സ്ത്രീകളെയും കാണാം. എന്നാൽ അന്യരെ പരസ്പരം കാണുന്നതിൽ ഇസ്‌ലാം പരിധി നിശ്ചയിച്ചിട്ടുണ്ട്.

ഇസ്‌ലാമിന്റെ അഞ്ച് പ്രധാന സ്തംഭങ്ങളിലൊന്നാണ് 'ഹിഫ്സുൽ നസ്ബ്' അഥവാ വംശശുദ്ധിസംരക്ഷണം. ഇതിനായി ഓരോ വ്യക്തിക്കും നിയമപരമായ ഒരു പിതാവും കുടുംബവുമുണ്ടാകണം. വ്യഭിചാരം ഇല്ലാതാക്കുക എന്നത് ഇതിന്റെ പ്രധാന ലക്ഷ്യമാണ്.

ഹിജാബിന്റെ പ്രാധാന്യം ഇതിൽ നിന്നാണ് വരുന്നത്. ഹിജാബിന്റെ ആയത്ത് അവതരിക്കുന്നതിനു മുമ്പുതന്നെ ആഇശബീവി(റ)യെപ്പോലുള്ള സ്ത്രീകൾ മുഖം മറച്ചിരുന്നുവെന്ന് ചരിത്രം പറയുന്നു. ഹിജാബിന്റെ പ്രധാന ഉപകാരം സ്ത്രീയുടെ സുരക്ഷയാണ്. ഇത് പുരുഷന്റെ ദുരുദ്ദേശ്യപരമായ നോട്ടങ്ങളിൽ നിന്നും ലൈംഗികപീഡനങ്ങളിൽ നിന്നും



**ഇസ്‌ലാം സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ റോളുകളും ഉത്തരവാദിത്തങ്ങളും നൽകുന്നതുവഴി തുല്യതയെ നിഷേധിക്കുകയല്ല. മറിച്ച്, സന്തുലിതമായ സാമൂഹികക്രമം നിലനിർത്തുന്നതിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുകയാണ്. ഓരോരുത്തർക്കും അവരുടേതായ പ്രാധാന്യവും സ്ഥാനവുമുണ്ട്. ഇരു വിഭാഗവും ഒരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് നല്ല സമൂഹമെന്ന സങ്കൽപം സഫലമാവുന്നത്.**

സ്ത്രീയെ സംരക്ഷിക്കുന്നു. സ്ത്രീയുടെ സൗന്ദര്യം മറ്റുള്ളവർക്ക് ആസ്വദിക്കാനുള്ളതല്ല. സ്ത്രീയുടെ സുരക്ഷയും അവളുടെ മാന്യതയും പരിഗണിക്കുമ്പോൾ, മുഖം മറയ്ക്കുന്നത് ഉചിതമായ തിരഞ്ഞെടുപ്പാണ്.

## സ്ത്രീ ചരക്കാണോ?

സ്ത്രീയെ 'ചരക്ക്' എന്ന് വിശേഷിപ്പിക്കുന്നു എന്നത് ഇസ്‌ലാമിനെക്കുറിച്ചുള്ള വലിയ ഒരാരോപണമാണ്. തിരുനബി(സ) പറഞ്ഞു: 'ദുനിയാവ് മുഴുവനും താൽക്കാലിക വിഭവമാണ് (മതാഅ്), അതിൽ ഏറ്റവും ഉത്തമമായ വിഭവം (മതാഅ്) സദ്‌വൃത്തയായ സ്ത്രീയാണ്.' (സ്വഹീഹ് മുസ്‌ലിം). ഇവിടെ 'മതാഅ്' എന്ന വാക്ക് ജീവനുള്ളതിനും ജീവനില്ലാത്തതിനും പ്രയോഗിക്കാവുന്നതാണ്. ഈ ഹദീസിൽ സ്ത്രീയെ ഒരു വിൽപനച്ചരക്കായല്ല; സമൂഹത്തിലെ ഏറ്റവും ഉത്തമമായ വിഭവമായിട്ടാണ് വിശേഷിപ്പിക്കുന്നത്,

'സ്ത്രീകൾ നിങ്ങളുടെ കൃഷിയിടമാണ്' (സുറത്തുൽ ബഖറ 223) എന്ന വചനവും തെറ്റിദ്ധാരണയ്ക്കിടയാക്കിയിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത്, മനുഷ്യസന്തതികൾ ഉൽപ്പാദിപ്പിക്കപ്പെടുന്നത് സ്ത്രീയുടെ ഗർഭപാത്രത്തിലൂടെ മാത്രമാണെന്നാണ്. മനുഷ്യകുലത്തിന്റെ നിലനിൽപ്പിന് സ്ത്രീയുടെ പ്രത്യുൽപാദന ശേഷി അനിവാര്യമാണെന്ന് ഈ വചനം ഓർമ്മിപ്പിക്കുന്നു. ലൈംഗിക ബന്ധം എവിടെയായിരിക്കണം (യോനിയിലൂടെ മാത്രം), എങ്ങനെയെല്ലാം ആവാം (ഇരുവർക്കും തൃപ്തികരമായ രീതിയിൽ), മറ്റൊരാളുടെ ഭാര്യയുമായി ലൈംഗികബന്ധം പാടില്ല എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട സന്ദേശങ്ങൾ ഈ വചനത്തിലുണ്ട്. മനുഷ്യകുലത്തിന്റെ തുടർച്ചയിൽ സ്ത്രീക്കുള്ള അമൂല്യമായ പങ്കിനെയാണ് ഈ സൂക്തം ഉദ്ഘോഷിക്കുന്നത്.

ചുരുക്കത്തിൽ, ഇസ്‌ലാം സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ റോളുകളും ഉത്തരവാദിത്തങ്ങളും നൽകുന്നതുവഴി തുല്യതയെ നിഷേധിക്കുകയല്ല. മറിച്ച്, സന്തുലിതമായ സാമൂഹികക്രമം നിലനിർത്തുന്നതിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുകയാണ്. ഓരോരുത്തർക്കും അവരുടേതായ പ്രാധാന്യവും സ്ഥാനവുമുണ്ട്. ഇരു വിഭാഗവും ഒരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് നല്ല സമൂഹമെന്ന സങ്കൽപം സഫലമാവുന്നത്.

കവർസ്റ്റോറി

ശഹബാസ് അഹ്മദ്

# സ്ക്രീനിൽ എത്ര നേരം?



'നിയന്ത്രിക്കാനാകാത്തവിധം ഞാൻ മൊബൈൽ ഫോണിന് അടിപ്പെട്ടു. പരീക്ഷകളിൽ മാർക്കു കുറയാനുള്ള കാരണം ഈ അഡിക്ഷനാണ്. ഫോൺ എന്റെ ജീവിതം തകർത്തു. ഇങ്ങനെയൊരു ദുരന്തത്തിൽ നിന്ന് ഇളയ സഹോദരിയെയെങ്കിലും രക്ഷിക്കണമെന്ന് അമ്മയോടാവശ്യപ്പെട്ട് ഞാൻ ജീവിതം അവസാനിപ്പിക്കുന്നു.'

2022 ജൂണിൽ തിരുവനന്തപുരം കല്ലമ്പലത്ത് സ്വന്തം വീട്ടിൽ ജീവനൊടുക്കിയ പ്ലസ്‌വൺ വിദ്യാർഥിനി ജീവമോഹനന്റെ 3 പേജ് നീളുന്ന ആത്മഹത്യാകുറിപ്പിന്റെ സംക്ഷിപ്തമാണ് മുകളിൽ. പഠനത്തിൽ മിടുക്കിയായിരുന്ന ജീവയ്ക്കു എസ്എസ്എൽസി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എപ്ലസ് ലഭിച്ചിരുന്നു. എന്നാൽ പ്ലസ്‌വണിലെത്തിയപ്പോൾ പഠനത്തിൽ പിന്നാക്കം പോയി. ആത്മഹത്യയ്ക്കു തൊട്ടുമുൻപ് നടന്ന പരീക്ഷയിലും മാർക്ക് കുറവായിരുന്നു. കൗമാരക്കാർക്കിടയിൽ വലിയ പ്രചാരം നേടിയ കൊറിയൻ സംഗീതട്രൂപ്പ് ബിടിഎസ് ആർമിയുടെ ആരാധകയായിരുന്നു അവൾ. മൊബൈൽഫോൺ ഉപയോഗം അഡിക്ഷനായി വളർന്നതോടെ പലപ്പോഴും മണിക്കൂറുകളാണ് ജീവ സ്ക്രീനിനു മുമ്പിൽ ചെലവഴിച്ചത്. പഠനത്തിൽ മിടുക്കിയാണല്ലോ എന്ന ധാരണയിൽ രക്ഷിതാക്കളും പ്രശ്നം അത്ര ഗൗരവത്തിലെടുത്തില്ല. സ്ക്രീൻ പതിയെ ജീവിതത്തെ കാർന്നു തിന്നുകയാണെന്ന് അവൾക്ക് മനസ്സിലാക്കാനായില്ല. അവസാനം മിടുക്കിയായ ഒരു പെൺകുട്ടി മനംനൊന്ത് ജീവനൊടുക്കി.

**അഞ്ചോ ആറോ വയസ്സുള്ളപ്പോൾ സ്മാർട്ട്ഫോണുകൾ ഉപയോഗിച്ചു തുടങ്ങിയ 31 ശതമാനം കുട്ടികൾക്കും പിൽക്കാലത്ത് ആത്മഹത്യാചിന്ത ഉണ്ടായതായി പഠനം ചൂണ്ടിക്കാട്ടുന്നു. 14 വയസ്സ് വരെ കുട്ടികൾക്ക് സ്മാർട്ട്ഫോണുകൾ നൽകരുതെന്നാണ് ഗവേഷകരുടെ അഭിപ്രായം. അമിതദേഷ്യം, വിരക്തി പോലുള്ള പ്രശ്നങ്ങൾക്കും സ്മാർട്ട്ഫോൺ കാരണമാകുമെന്ന് റിപ്പോർട്ട് പറയുന്നു.**

മൊബൈൽഫോൺ അഡിക്ഷൻ, ഇന്റർനെറ്റ് ദുരുപയോഗം എന്നിവ കാരണം 2021-25 കാലയളവിൽ കേരളത്തിൽ മാത്രം 41 വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തെന്ന് കഴിഞ്ഞ സെപ്റ്റംബറിലാണ് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വ്യക്തമാക്കിയത്. ഇതേ കാരണങ്ങൾ കൊണ്ട് ലൈംഗികചൂഷണം, ലഹരിക്കച്ചവടം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട 30 വിദ്യാർത്ഥികൾക്കെതിരെ നിയമനടപടിയും സ്വീകരിച്ചു.

കുട്ടികൾക്കു വിനോദത്തിനായി സ്മാർട്ട്ഫോണുകൾ നൽകുന്നതിനു പിന്നിലെ അപകടങ്ങളെക്കുറിച്ച് വിദഗ്ധർ പലപ്പോഴും മുന്നറിയിപ്പ് നൽകാറുണ്ട്. ഈ ആശങ്കകൾ അസ്ഥാനത്തല്ലെന്നു തെളിയിക്കുകയാണ് അടുത്തിടെ പുറത്ത് വന്നൊരു പഠനറിപ്പോർട്ട്. ചെറുപ്രായത്തിൽ സ്മാർട്ട്ഫോണുകൾ ഉപയോഗിക്കുന്നത് കുട്ടികളിൽ ആത്മഹത്യാചിന്തയടക്കമുള്ള പല മാനസികാരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കുമെന്നു പഠനം മുന്നറിയിപ്പ് നൽകുന്നു. ഒരു ലക്ഷത്തിലധികം കുട്ടികളിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ജേണൽ ഓഫ് ഹ്യൂമൻ ഡെവലപ്മെന്റ് ആൻഡ് കേപബിലിറ്റീസിലാണ് പ്രസിദ്ധീകരിച്ചത്. അഞ്ചോ ആറോ വയസ്സുള്ളപ്പോൾ സ്മാർട്ട്ഫോണുകൾ ഉപയോഗിച്ചു തുടങ്ങിയ 31 ശതമാനം കുട്ടികൾക്കും പിൽക്കാലത്ത് ആത്മഹത്യാചിന്ത ഉണ്ടായതായി പഠനം ചൂണ്ടിക്കാട്ടുന്നു. 14 വയസ്സ് വരെ കുട്ടികൾക്ക് സ്മാർട്ട്ഫോണുകൾ നൽകുകയേ ചെയ്യരുതെന്നാണ് ഗവേഷണത്തിന് നേതൃത്വം നൽകിയ താര ത്യാഗരാജന്റെ അഭിപ്രായം. കുട്ടികളിൽ അമിത ദേഷ്യം, വിരക്തി, മായക്കാഴ്ചകൾ പോലുള്ള പ്രശ്നങ്ങൾക്കും സ്മാർട്ട്ഫോൺ കാരണമാകുമെന്ന് റിപ്പോർട്ട് പറയുന്നു.



**ഗുരുതരമായ സാമൂഹിക-ശാരീരിക-മാനസിക പ്രശ്നങ്ങളിലേക്കാണ് കുട്ടികൾ പതിയെ നീങ്ങുന്നതെന്ന് ആരും മനസിലാക്കുന്നില്ല. പ്രശ്നങ്ങളെക്കുറിച്ച് അറിഞ്ഞുവരുമ്പോഴേക്കും ഏറെവൈകിയിട്ടുണ്ടാകും. അകാരണമായ ദേഷ്യം, മാനസിക സമ്മർദ്ദം എന്നിവയ്ക്കു പുറമെ വളർച്ചാമുരടിപ്പ്, വെർച്വൽ ഓട്ടിസം, പൊണ്ണത്തടി, കാഴ്ച സംബന്ധമായ മയോപിയ തുടങ്ങി പല പ്രശ്നങ്ങളാണ് അവരെ കാത്തിരിക്കുന്നത്.**

## ഫോൺ അഭയമല്ല

കരയുന്ന കുട്ടികളെ അടക്കിയിരുത്താനോ നേരത്തിന് ഭക്ഷണം കഴിക്കാൻ മടികാണിക്കുമ്പോൾ അവർക്ക് ആഹാരം നൽകാനോ 10 മിനുറ്റ് നേരം സ്വസ്ഥമായിരിക്കാനോ ആണ് പലപ്പോഴും രക്ഷിതാക്കൾ കുട്ടികൾക്ക് മൊബൈൽഫോണും ടാബും നൽകുന്നത്. ചുറ്റുവട്ടത്ത് എന്താണ് നടക്കുന്നതെന്നറിയാതെ കാർട്ടൂണിന്റെയും വീഡിയോഗെയിമിന്റെയും മായിക ലോകത്തായിരിക്കും പിന്നീടവർ സമയം ചെലവഴിക്കുക. എന്നാൽ ഗുരുതരമായ സാമൂഹിക-ശാരീരിക-മാനസിക പ്രശ്നങ്ങളിലേക്കാണ് കുട്ടികൾ പതിയെ നീങ്ങുന്നതെന്ന് ആരും മനസ്സിലാക്കുന്നില്ല. പ്രശ്നങ്ങളെക്കുറിച്ച് അറിഞ്ഞു വരുമ്പോഴേക്കും ഏറെ വൈകിയിട്ടുണ്ടാകും. എന്റെ കുട്ടിക്ക് മൊബൈൽഫോണിലെ എല്ലാം അറിയാം എന്ന് അഭിമാനത്തോടെ പറയുന്നവരുമുണ്ട്. അകാരണമായ ദേഷ്യം, മാനസിക സമ്മർദ്ദം എന്നിവയ്ക്കു പുറമെ വളർച്ചാമുരടിപ്പ്, വെർച്വൽ ഓട്ടിസം, പൊണ്ണത്തടി, കാഴ്ച സംബന്ധമായ മയോപിയ തുടങ്ങി പല പ്രശ്നങ്ങളാണ് അവരെ കാത്തിരിക്കുന്നത്.

## ഫോണില്ലാത്ത നല്ല കാലം

20 വർഷം മുമ്പുള്ള നമ്മുടെ വീടകങ്ങളെക്കുറിച്ചും നാടിനെക്കുറിച്ചും ആലോചിച്ചുനോക്കൂ. എത്രമേൽ മനോഹരമായിരുന്നു ആ നിമിഷങ്ങൾ! സ്കൂൾ വിട്ട് വീട്ടിലെത്തിയാൽ അയൽപക്കത്തെ കൂട്ടുകാരുമായി പരിസരത്തെ ഗ്രൗണ്ടിലേക്കോ പറമ്പിലേക്കോ ഓടുന്ന കുട്ടികൾ. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ കളികൾ.

വലിപ്പച്ചെറുപ്പമില്ലാതെ എല്ലാവരും മണ്ണിലിറങ്ങിക്കളിക്കുന്ന ചിത്രങ്ങൾ. സന്ധ്യയാകുമ്പോഴേക്ക് വിയർത്തു കുളിച്ച് വീട്ടിലേക്കുള്ള തിരിച്ചുപോക്ക്. കിണറ്റിലെ തണുത്തവെള്ളത്തിലുള്ള കുളി. രാത്രിയായാൽ പഠനവും മറ്റും കഴിഞ്ഞാൽ ഉമ്മയും ഉപ്പയും കുട്ടികളും ഒരുമിച്ചിരുന്ന് വിശേഷങ്ങൾ പങ്കുവയ്ക്കുന്ന നിമിഷങ്ങൾ. ശാരീരികമായും മാനസികമായും വീട്ടുകാർ ഒരു സ്ഥലത്ത് ഒരുമിച്ചിരുന്ന ദിവസങ്ങൾ. കുട്ടികളിലുണ്ടാകുന്ന ചെറിയ മാറ്റങ്ങൾ പോലും പെട്ടെന്ന് തിരിച്ചറിയാൻ അന്നത്തെ രക്ഷിതാക്കൾക്ക് കഴിഞ്ഞിരുന്നു.

എന്നാൽ, ഇന്ന് ചിത്രമാകെ ഏറെ മാറി. സ്കൂൾ വിട്ട് തിരിച്ചെത്തിയാൽ വീട്ടിലെ മൊബൈൽ ഫോണോ സ്വന്തം ടാബോ ആണ് കുട്ടികൾ ആദ്യം കൈക്കലാക്കുക. പുറത്തിറങ്ങിയുള്ള കളികൾ പാടെ ഇല്ലാതായി. രാത്രി ജോലി കഴിഞ്ഞ് തിരിച്ചെത്തുന്ന പിതാവ് ഫോണിൽ സ്ക്രോൾ ചെയ്തായിരിക്കും പലപ്പോഴും വീട്ടിലേക്ക് കയറുന്നതു തന്നെ. രാത്രി ഫോണിൽ വാർത്തയും മറ്റും സ്ക്രോൾ ചെയ്തിരിക്കുന്ന പിതാവ്, മറ്റൊരു ഫോണിൽ വാട്സാപ്പ് സന്ദേശങ്ങൾക്ക് മറുപടി നൽകുന്ന മാതാവ്, സ്വന്തം ഫോണിൽ ഇൻസ്റ്റഗ്രാമിലൂടെ കൂട്ടുകാരുമായി ചാറ്റ് ചെയ്യുന്ന ഇക്കാക്കമാർ, ഇത്താത്തമാർ! ഊണും ഉറക്കവുമെല്ലാം സ്ക്രീനിൽ തന്നെ! ഒരേ വീട്ടിൽ കൈയെത്തും ദൂരത്തിരുന്ന് പലരും പല ഡിജിറ്റൽ ലോകത്ത് സമയം ചെലവഴിക്കുന്ന വിചിത്രമായ കാഴ്ച ഇന്ന് നമുക്കിടയിൽ സർവസാധാരണമാണ്. തന്റെ മുന്നിലുള്ള സ്ക്രീനാണ് ഏറ്റവും വലിയ ലോകം എന്ന തെറ്റിദ്ധാരണയിലാണ് എല്ലാവരും. പക്ഷേ, ജീവിതത്തെ പോലും തകർക്കാൻ ശേഷിയുള്ള അപകടകാരിയാണ എന്ന് ആരും തിരിച്ചറിയുന്നില്ല.


## വൈകല്യത്തിലേക്ക് തള്ളിവിടണോ?

ഹരിയാനസ്വദേശിയായ ആരവിന്റെ കഥ ഭീകരമാണ്. മാതാപിതാക്കൾ രണ്ടുപേരും ജോലിക്കാർ. പലപ്പോഴും വീട്ടിൽ തിരിച്ചെത്തിയാലും ജോലിസംബന്ധമായ ഫോൺകോളുകളും മറ്റും അവരെ വീണ്ടും തിരക്കിലാക്കി. സ്വാഭാവികമായും ആരവിന് ഒരു വയസ്സായപ്പോഴേക്കും സ്മാർട്ട്ഫോൺ ലഭിച്ചു തുടങ്ങി. തങ്ങളുടെ തിരക്കുള്ള സമയക്രമത്തിനിടയിൽ കുട്ടിയെ ശാന്തമായി ഇരുത്താൻ അവർ കണ്ടുപിടിച്ച ഉപായം. ഭക്ഷണം

**ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ജീവിക്കുന്ന ഏഴായിരത്തിലേറെ രക്ഷിതാക്കൾക്കിടയിൽ കഴിഞ്ഞ വർഷം ഒക്ടോബറിൽ നടത്തിയ സർവേഫലം ഏറെ ഞെട്ടിക്കുന്നതാണ്. തങ്ങളുടെ മക്കൾക്ക് സോഷ്യൽ മീഡിയ, റീൽസ്, ഒടിടി അഡിക്ഷൻ ഉണ്ടെന്നാണ് 66 ശതമാനം രക്ഷിതാക്കളും പറഞ്ഞത്. ഈ അഡിക്ഷൻ കുട്ടികളെ അക്ഷമയിലേക്കും സ്വഭാവവൈകല്യങ്ങളിലേക്കും കൊണ്ടെത്തിച്ചെന്ന് 58 ശതമാനം പേരും വ്യക്തമാക്കി.**

### എത്ര സമയം ?

കുട്ടികൾ ഫോൺ ഉപയോഗിക്കുന്നുണ്ടോ ഇല്ലയോ എന്ന അന്വേഷണത്തിന് ഇന്ന് പ്രസക്തിയില്ലാതായിട്ടുണ്ട്. അതേസമയം, അവർ എത്രത്തോളം ഉപയോഗിക്കുന്നു, എന്തിനുവേണ്ടി ഉപയോഗിക്കുന്നു എന്നതാണ് പ്രധാനം. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ജീവിക്കുന്ന ഏഴായിരത്തിലേറെ രക്ഷിതാക്കൾക്കിടയിൽ കഴിഞ്ഞ വർഷം ഒക്ടോബറിൽ നടത്തിയ സർവേഫലം ഏറെ ഞെട്ടിക്കുന്നതാണ്. തങ്ങളുടെ മക്കൾക്ക് സോഷ്യൽ മീഡിയ, റീൽസ്, ഒടിടി അഡിക്ഷൻ ഉണ്ടെന്നാണ് 66 ശതമാനം രക്ഷിതാക്കളും പറഞ്ഞത്. ഈ അഡിക്ഷൻ കുട്ടികളെ അക്ഷമയിലേക്കും സ്വഭാവവൈകല്യങ്ങളിലേക്കും കൊണ്ടെത്തിച്ചെന്ന് 58 ശതമാനം പേരും വ്യക്തമാക്കി.



രണ്ടുവയസ്സിനു താഴെയുള്ള കുട്ടികളുടെ സ്ക്രീൻടൈം പൂജ്യമായിരിക്കണമെന്നാണ് ലോകാരോഗ്യസംഘടനയുടെ മാർഗനിർദ്ദേശം. അവരുടെ ഏഴയലത്തുപോലും ഫോൺ ഉണ്ടാകാൻ പാടില്ലെന്നർത്ഥം. 24 വയസ്സ് പ്രായമുള്ളവരുടെ സ്ക്രീൻ ടൈം പരമാവധി ഒരു മണിക്കൂറാണ്. എന്നാൽ ഇന്ത്യയിൽ 5 വയസ്സിനു താഴെയുള്ള കുട്ടികൾ ശരാശരി 2.2 മണിക്കൂർ ഒരു ദിവസം ഫോണിനു മുൻപിൽ സമയം ചെലവഴിക്കുന്നുണ്ടെന്നാണ് എയിംസ് റായ്പൂരിന്റെ പഠനം തെളിയിക്കുന്നത്. ഇത് ഇന്ത്യയിലെ ആകെ ശരാശരിയാണ്. പല കുട്ടികളുടെയും സക്രീൻടൈം 5 മണിക്കൂറിനു മുകളിലാണെന്നതാണ് യാഥാർഥ്യം.

> മണിക്കൂറുകൾ ഫോണിനും കമ്പ്യൂട്ടറിനും മുന്നിൽ ചെലവിടുന്നവർക്ക് എളുപ്പത്തിൽ വന്നു ചേരാകുന്ന അവസ്ഥകളിലൊന്നാണ് ഹ്രസ്വദൃഷ്ടി (മയോപിയ). അടുത്തുള്ള വസ്തുക്കൾ വ്യക്തമായി കാണുകയും അകലെയുള്ള വസ്തുക്കൾ കാണുമ്പോൾ മങ്ങലനുഭവപ്പെടുകയും ചെയ്യുന്ന രോഗാവസ്ഥയാണിത്. പ്രതിദിനം ഒരു മണിക്കൂർ സ്ക്രീൻടൈം ഉള്ളവർക്കു പോലും മയോപിയ ബാധിക്കുമെന്നാണ് അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ പഠനങ്ങൾ.



കഴിക്കുമ്പോഴും വെറുതെയിരിക്കുമ്പോഴും ഫോൺ വേണമെന്ന അവസ്ഥയിലേക്ക് ആരവ് പതിയെ മാറി. നാലു വയസ്സായപ്പോഴേക്കും രക്ഷിതാക്കൾ ചേർന്ന് അവന് ഒരു പുതിയ ഫോണും സമ്മാനിച്ചു. പുറത്തുപോയി കളിക്കുന്നതിനു പകരം മുഴുസമയവും ഫോണിൽ ചെലവഴിച്ചു. മകൻ പുറത്തുപോയി കളിക്കുന്നത് രക്ഷിതാക്കളും ഇഷ്ടപ്പെട്ടിരുന്നില്ല. സ്വാഭാവികമായും അവരും ഫോൺ ഉപയോഗത്തിന് പരമാവധി പ്രോത്സാഹനം നൽകി.

ഒന്നുരണ്ടു വർഷം കഴിഞ്ഞപ്പോഴേക്ക് ആരവിന്റെ കാഴ്ചയ്ക്ക് ചെറിയ പ്രയാസങ്ങൾ അനുഭവപ്പെടാൻ തുടങ്ങി. കുഞ്ഞുപ്രായത്തിലേ കണ്ണടയിലേക്കുള്ള മാറ്റം. തങ്ങളും കണ്ണട ധരിക്കുന്നവരായതു കൊണ്ട് മാതാപിതാക്കൾ അപ്പോഴും ഇതിനെ ഗൗരവത്തിലെടുത്തില്ല.

കുറച്ചുദിവസങ്ങൾക്കു ശേഷം ആരവിന് തലവേദന വന്നുതുടങ്ങി. ഡോക്ടറെ കാണിച്ചപ്പോൾ സ്ക്രീനിലെ പ്രകാശമാണ് വേദനയുടെ കാരണമെന്ന് മനസ്സിലായി. ഫോൺ ദൂരെ വയ്ക്കാനായിരുന്നു നിർദ്ദേശം. എന്നാൽ ഫോണില്ലാതെ ഒരുനിമിഷം പോലും നിൽക്കാൻ കഴിയാത്തവിധം അപ്പോഴേക്കും അവൻ മാറിയിരുന്നു. സ്ക്രീനിൽ മാറിവരുന്ന നിറങ്ങളും ചിത്രങ്ങളും ശബ്ദങ്ങളും അവനെ അത്തരത്തിൽ മാറ്റിയെന്ന് പറയുന്നതാവും നല്ലത്. എപ്പോഴൊക്കെ ഫോൺ എടുത്തുമാറ്റാൻ ശ്രമിച്ചോ, അപ്പോഴെല്ലാം അവൻ അലറിവിളിക്കാൻ തുടങ്ങി. സ്ഥിരമായി മദ്യപിക്കുന്നയാൾക്ക് പെട്ടെന്നൊരു ദിവസം അത് കിട്ടാതാകുമ്പോഴുണ്ടാകുന്ന തരത്തിൽ വിറയലും കഠിനമായ അസ്വസ്ഥതയും പ്രകടിപ്പിക്കാൻ തുടങ്ങി. പിന്നീട് ദീർഘകാലം നീണ്ട ചികിത്സകളായിരുന്നു. സ്ക്രീൻഅഡിക്ഷൻ മൂലം ജീവിതം തകർച്ചയിലേക്ക് നീങ്ങിയ അവൻ വളരെ പതിയെ സാധാരണരീതിയിലേക്ക് വന്നുകൊണ്ടിരിക്കുന്നു.

മണിക്കൂറുകൾ ഫോണിനും കമ്പ്യൂട്ടറിനും മുന്നിൽ ചെലവിടുന്നവർക്ക് എളുപ്പത്തിൽ വന്നുചേരാകുന്ന അവസ്ഥകളിലൊന്നാണ് ഹ്രസ്വദൃഷ്ടി (മയോപിയ). അടുത്തുള്ള വസ്തുക്കൾ വ്യക്തമായി കാണുകയും അകലെയുള്ള വസ്തുക്കൾ കാണുമ്പോൾ മങ്ങലനുഭവപ്പെടുകയും ചെയ്യുന്ന രോഗാവസ്ഥയാണിത്. പ്രതിദിനം ഒരു മണിക്കൂർ സ്ക്രീൻടൈം ഉള്ളവർക്കു പോലും മയോപിയ ബാധിക്കുമെന്നാണ് അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ പഠനങ്ങൾ. സ്ക്രീൻ സമയം വർധിക്കുന്നതിനനുസരിച്ച് മയോപിയ പിടിപെടാനുള്ള സാധ്യതയും കൂടും. ഡിജിറ്റൽ ഗാഡ്ജറ്റുകൾ ഉപയോഗിക്കാത്തവരുമായി താരതമ്യം ചെയ്താൽ ഒരു മണിക്കൂർ ഉപയോഗിക്കുന്നവർക്ക് ഹ്രസ്വദൃഷ്ടി പിടിപെടാനുള്ള സാധ്യത അഞ്ച് ശതമാനം കൂടുതലാണ്. ഒരു ദിവസം നാല് മണിക്കൂർ ഉപയോഗിക്കുന്നവർക്ക് ഇത് 97 ശതമാനമാണെന്നും പഠനം വിലയിരുത്തുന്നു.

പുറത്തെ സൂര്യപ്രകാശമോ മറ്റോ ലഭിക്കാതെ മുറിക്കുള്ളിൽ തന്നെയിരുന്ന് സ്ക്രീനിൽ സമയം ചെലവഴിക്കുന്നത് മയോപിയയുടെ തോത് വീണ്ടും കൂട്ടും. നിലവിലെ അവസ്ഥയിൽ സ്ക്രീൻടൈം ഭീകരമായ തോതിൽ കൂടുതലായതിനാൽ ഇന്ത്യയിൽ സ്കൂളിൽ പോകുന്ന 50 ശതമാനം കുട്ടികൾക്കും വേഗത്തിൽ മയോപിയ ബാധിക്കുമെന്ന് രാജ്യത്തെ നേത്രരോഗവിദഗ്ധരുടെ സംഘടന (എകോയിൻ) ഈയടുത്ത് പ്രസ്താവിച്ചിരുന്നു.

## ഉറക്കംകൊല്ലി

മനുഷ്യജീവിതത്തിൽ ഏറെ അനിവാര്യമാണ് ഉറക്കം. ആവശ്യമായ സമയത്ത് ആവശ്യമായ അളവിൽ ഉറക്കം ലഭിച്ചില്ലെങ്കിൽ പ്രമേഹമടക്കമുള്ള ഗുരുതരാവസ്ഥകളാണ് മനുഷ്യരെ കാത്തി

രിക്കുന്നത്. പ്രായം കൂടിയവരിൽ ഉറക്കക്കുറവ് സർവസാധാരമാണ്. എന്നാൽ, കുട്ടികളിലും ഉറക്കക്കുറവ് വ്യാപകമായി റിപ്പോർട്ടു ചെയ്യുന്നുണ്ടെന്നത് ആശങ്കപ്പെടുത്തുന്നതാണ്. 6 വയസ്സിനു താഴെയുള്ള കുട്ടികൾ സക്രീനിൽ ചെലവഴിക്കുന്ന ഓരോ മണിക്കൂർ സമയവും 10-12 മിനിറ്റ് വരെ ഉറക്കിനെ കുറയ്ക്കുമെന്നാണ് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

ശരീരത്തിലെ മെലാടോണിൻ എന്ന ഹോർമോണാണ് ഉറക്കിനെ സഹായിക്കുന്നത്. മുറിയിലെ ലൈറ്റ് ഓഫ് ചെയ്യുമ്പോൾ ശരീരം ഇത് ഉൽപാദിപ്പിക്കാൻ തുടങ്ങും. സ്ക്രീനിന്റെ വെളിച്ചം ഈ ഹോർമോണിന്റെ പ്രവർത്തനം തടസ്സപ്പെടുത്തും. മുതിർന്നവരെ അപേക്ഷിച്ച് കുട്ടികളെയാണ് ഇത് കൂടുതൽ ബാധിക്കുക. പഠനത്തിലെ പിന്നാക്കാവസ്ഥ, സ്കൂളിലെ മോശം പ്രകടനം, ക്ലാസ് സമയത്തുള്ള ഉറക്കം, മാനസിക പ്രശ്നങ്ങൾ, ഉറങ്ങുമ്പോൾ പോലും അറിയാതെ സ്ക്രീനിൽ സമയം ചെലവഴിക്കുന്നതു പോലുള്ള ആംഗ്യങ്ങൾ തുടങ്ങി ഒട്ടേറെ പ്രശ്നങ്ങളാണവരെ കാത്തിരിക്കുന്നത്.

## നഷ്ടമാകുന്ന പരിസരബോധം

വീട്ടിലെ ടിവിയിൽ കാർട്ടൂൺ കണ്ടിരിക്കുന്ന മൂന്ന് കുട്ടികളുടെ മുന്നിലേക്ക് ക്ഷീണിച്ച് നടന്നു വരികയും തളർന്നുവീഴുകയും ശ്വാസം കിട്ടാത്തതുപോലെ അഭിനയിക്കുകയും ചെയ്യുന്ന മാതാവിന്റെ വീഡിയോ സമൂഹ മാധ്യമങ്ങളിൽ വലിയതോതിൽ പ്രചരിച്ചിരുന്നു. അഭിനയമാണെങ്കിലും വേദനകൊണ്ട് പുളയുന്ന അമ്മയുടെ നേരെ ഒന്നു നോക്കുക പോലും ചെയ്യാതെ, കണ്ണുചിമ്മാതെ സക്രീനിൽ നോക്കിയിരിക്കുകയായിരുന്നു രണ്ടു മക്കൾ. കുറച്ചകലെ മാറിയിരിക്കുന്ന കുട്ടിമാത്രമാണ് സഹായത്തിനായി ഓടിയെത്തിയത്. സാധാരണഗതിയിൽ അമ്മയ്ക്ക് ചെറിയൊരു പ്രയാസം നേരിട്ടാൽ പോലും ഞെട്ടി എഴുന്നേൽക്കുകയും പ്രശ്നപരിഹാരത്തിനായി എത്തുകയും ചെയ്യേണ്ടവരാണല്ലോ മക്കൾ. എന്നാൽ ഇവിടെ അതുണ്ടായില്ല. അമ്മയേക്കാൾ മക്കൾക്കു വലുത് സ്ക്രീനിൽ മാറിമറിയുന്ന ചിത്രങ്ങളായിരുന്നു.

സക്രീനിന്റെ അമിതോപയോഗം കുട്ടികളുടെ മാനസിക വളർച്ചയെ വലിയതോതിൽ ബാധിക്കുന്നു എന്നതിന്റെ കാതലായ ഉദാഹരണമാണിത്. സക്രീനിൽ കൂടുതൽ സമയം നോക്കിയിരിക്കുന്ന കുട്ടികളുടെ തലച്ചോറിന്റെ വളർച്ച മന്ദഗതിയിലാകുമെന്നാണ് പഠനങ്ങൾ. ജീവിതത്തിലുടനീളം പ്രശ്നങ്ങളെ കൈകാര്യം ചെയ്യാനും വൈകാരിക നിയന്ത്രണത്തിനും മറ്റും സഹായിക്കുന്ന എക്സിക്യൂട്ടീവ് സ്കിൽസിന്റെ വളർച്ചയും മുരടിക്കും. സ്ക്രീനിൽ മാറിമറിയുന്ന ചിത്രങ്ങളും നിറങ്ങളും രൂപങ്ങളും കുട്ടികളെ പതിയെ യഥാർത്ഥലോകത്തുനിന്ന് മായാലോകത്തിലേക്ക് വലിച്ചുകൊണ്ടുപോകും. സാഹചര്യങ്ങളെ മനസ്സിലാക്കാൻ കഴിയാതെ വളരുന്ന കുട്ടികളാണ് ചെറിയ കാര്യങ്ങൾക്കുപോലും പെട്ടെന്ന് ദേഷ്യപ്പെടുന്നതും ആത്മഹത്യ പോലുള്ള അപകടകരമായ തീരുമാനങ്ങളെടുക്കുന്നതും.

ഒരു വയസ്സുള്ള കുട്ടിയുടെ സ്ക്രീൻ ടൈം 1-4 മണിക്കൂർ ആണെങ്കിൽ സാധാരണ കുട്ടികളെ അപേക്ഷിച്ച് അവരുടെ കഴിവുകളുടെ വളർച്ചയ്ക്ക് മൂന്നിരട്ടി കുറവായിരിക്കും. 5 മണിക്കൂറിനു മുകളിലാണ് സ്ക്രീൻടൈം എങ്കിൽ പ്രശ്നം അഞ്ചിരട്ടിയാകും.

## പരിഹാരമുണ്ടോ?

കുട്ടികളുടെ സ്ക്രീൻഅഡിക്ഷൻ ഒരു മഹാമാരി പോലെ സമൂഹത്തിൽ പടരുന്നുവെന്നത് യാഥാർത്ഥ്യമാണ്. ദരിദ്രരെന്നോ സമ്പന്നരെന്നോ വ്യത്യാസമില്ലാതെ എല്ലാ കുടുംബങ്ങളിലും ഇതിന്റെ ഇരകളുണ്ട്. ഇതിന്റെ നീരാളിപ്പിടുത്തത്തിൽ നിന്ന് കുട്ടികളെ മോചിപ്പിക്കണമെങ്കിൽ പ്രധാനമായും രക്ഷിതാക്കൾ തന്നെയാണ് തീരുമാനമെടുക്കേണ്ടത്. ചെറുപ്പം മുതൽ കുട്ടികൾക്ക് ഫോൺ നൽകാതിരിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട മാർഗം. നഴ്സറികളിലോ സ്കൂളിൽ ചെറിയ ക്ലാസുകളിലോ അവർക്ക് ഒരു കാരണവശാലും ഇതിന്റെ ആവശ്യം വരുന്നില്ല. രക്ഷിതാക്കളോട് അധ്യാപകരുടെ നിർദ്ദേശങ്ങൾ പങ്കുവയ്ക്കാനുള്ള ഇടമായി മാത്രം വാട്ട്സാപ്പ്ഗ്രൂപ്പുകളെ പരിമിതപ്പെടുത്താം. അങ്ങനെയാകണമെന്ന കർശനനിർദ്ദേശവും രക്ഷിതാക്കൾ സ്കൂൾ അധികൃതർക്ക് നൽകണം.

ഫോണും ടാബും ഉപയോഗിച്ചു തുടങ്ങുകയും അതിന് അടിപ്പെടുകയും ചെയ്തവരാണെങ്കിൽ ഒരു സുപ്രഭാതത്തിൽ അവരിൽ നിന്ന് അവ ബലമായി പിടിച്ചുവാങ്ങിയതുകൊണ്ട് കാര്യമില്ല. മറിച്ച് അമിതോപയോഗത്തിന്റെ അപകടങ്ങൾ അവരെ പറഞ്ഞു മനസ്സിലാക്കണം. സ്വന്തം കൈയിൽ നിൽക്കുന്നില്ലെങ്കിൽ പരിശീലനം ലഭിച്ച മനഃശാസ്ത്ര വിദഗ്ധരെ ചെന്നുകാണുകയും ആവശ്യമായ ചികിത്സ നൽകുകയും വേണം. ദിവസം മുഴുവനും ഫോൺ ഉപയോഗിക്കുകയും കുട്ടികളെ ഉപദേശിക്കുകയും ചെയ്തതുകൊണ്ട് കാര്യമില്ല. അവരുടെ റോൾമോഡലാകാൻ രക്ഷിതാക്കൾക്കു കഴിയണം. ഭക്ഷണം കഴിക്കുമ്പോഴും യാത്രകളിലും മറ്റുമുള്ള കുടുംബസമയങ്ങളിൽ ഫോൺ ഉപയോഗിക്കാതിരിക്കുക പ്രധാനമാണ്. കരാട്ടെ, കളരി തുടങ്ങിയ ആയോധനകലകളിൽ കുട്ടികൾക്ക് പരിശീലനം നൽകലും ട്രക്കിങ്ങുകളിലും ക്യാമ്പുകളിലും അവരെ പങ്കെടുപ്പിക്കലും കൂടുതൽ നല്ല സൗഹൃദലോകം സൃഷ്ടിക്കലും അവരെ സ്ക്രീൻഅഡിക്ഷനിൽ നിന്ന് രക്ഷപ്പെടുത്താൻ സഹായിക്കും.

കെ.എം ഫാത്വിമ ശമീമ (കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്)

# വാശി പിടിക്കുന്ന മക്കൾ

'എന്റെ മോൾക്ക് വിചാരിച്ചത് കിട്ടിയില്ലെങ്കിൽ കിട്ടുന്നതു വരെ തറയിൽ കിടന്നുരുളലും തല ഭിത്തിയിലിട്ട് ഇടിക്കലുമൊക്കെയാണ്. ആവശ്യങ്ങളെല്ലാം നേടിയെടുക്കാൻ വലിയ വാശിയാണവൾക്ക്. എന്താ ഞാൻ ചെയ്യണ്ടേ?' ഒരു ഉമ്മ മൂന്നുവയസ്സുകാരിയായ മകളെക്കുറിച്ചു പറഞ്ഞ പരിഭവമാണിത്.

എന്തുകൊണ്ടാണ് മക്കൾ വാശി പിടിക്കുന്നതെന്ന് ആലോചിച്ചിട്ടുണ്ടോ? ചില കുഞ്ഞുങ്ങളുടെ വാശി കണ്ടാൽ ഇനി അവരുടെ ആവശ്യം നിറവേറ്റിക്കൊടുക്കുകയല്ലാതെ വേറെ നിവൃത്തിയില്ലെന്നു തോന്നിപ്പോകും. വീട്ടിലാകുമ്പോൾ ഒരുവിധം വാശിയൊക്കെ നമുക്ക് എന്തെങ്കിലും പറഞ്ഞ് ഒതുക്കാനാകും. പുറത്തുപോകുമ്പോൾ കടയിൽ കാണുന്ന ടോയ്സും ചോക്ലേറ്റുമെല്ലാം വേണമെന്ന് വാശി പിടിക്കുമ്പോഴാണ് നാം ശരിക്കും പ്രതിസന്ധിയിലാവുക. കരഞ്ഞു നിലവിളിക്കുന്ന കുഞ്ഞിനെ ആളുകളെല്ലാം ശ്രദ്ധിക്കും. ആയുധം വെച്ച് കീഴടങ്ങുകയല്ലാതെ വേറെ മാർഗമില്ലെന്നു വരും. വാശി പിടിക്കുന്ന മക്കളെ എങ്ങനെ നിയന്ത്രിക്കും എന്ന് ആലോചിക്കുന്നതിനു മുമ്പ് എന്തുകൊണ്ടാണ് കുട്ടികൾ വാശി പിടിക്കുന്നതെന്നു നോക്കാം.

പതിനെട്ടു മാസം മുതൽ നാലു വയസ്സ് വരെ പ്രായമുള്ള കുട്ടികളിലാണ് കൂടുതൽ വാശി കണ്ടുവരുന്നത്. അതിനു ശേഷവും അനിയന്ത്രിതമായ വാശി കാണിക്കുന്നുണ്ടെങ്കിൽ നാലുവയസ്സിനു മുമ്പ് കുട്ടികൾ വാശി പിടിക്കുന്നതെല്ലാം നിറവേറ്റിക്കൊടുത്തതാകും കാരണം. മാതാപിതാക്കളെ എതിർക്കാനും സ്വന്തം ആവശ്യങ്ങൾ നേടിയെടുക്കാനും അവർ ശ്രമിക്കുന്ന സമയമാണിത്. രണ്ട് വയസ്സു വരെ മക്കൾക്ക് ഭക്ഷണം വാരിക്കൊടുക്കുന്നതു മുതൽ വസ്ത്രം ധരിക്കുന്നതു വരെ എല്ലാ കാര്യങ്ങളും നാം ചെയ്തുകൊടുക്കണം. എന്നാൽ, രണ്ടു വയസ്സു മുതൽ ഇത്തരം കാര്യങ്ങളൊക്കെ കുഞ്ഞുങ്ങൾ തനിയെ ചെയ്യാൻ ശ്രമിക്കും. ഞാൻ ചെയ്തോളാം, ഞാൻ കഴിക്കാം, ഞാൻ ലൈറ്റിടാം, ഞാൻ ഡ്രസ്സ് ധരിക്കാം തുടങ്ങി എല്ലാം ഒറ്റയ്ക്കു ചെയ്ത് സ്വയംപര്യാപ്തരാവാൻ അവർ ശ്രമിക്കും. ആ സമയത്താണവർക്കുള്ളിൽ സ്വാതന്ത്ര്യബോധം രൂപപ്പെടുന്നതും തങ്ങളുടെ ആവശ്യങ്ങൾ നടന്നുകാണണമെന്ന് തോന്നിത്തുടങ്ങുന്നതും. അപ്പോൾ അവരുടെ



താൽപര്യങ്ങൾക്കനുസരിച്ച് മാതാപിതാക്കളെ എതിർക്കാനും ആവശ്യങ്ങളുന്നയിക്കാനും ശ്രമിച്ചുതുടങ്ങും. അവരും നമ്മളെപ്പോലെ തീരുമാനങ്ങളെടുക്കാൻ പ്രാപ്തരാണെന്ന ചിന്ത വരും.

പക്ഷേ, അവർ കുഞ്ഞുങ്ങളാണെന്നതാണ് പ്രശ്നം. ചെയ്യുന്നത് തെറ്റാണോ ശരിയാണോ, നന്മയാണോ തിന്മയാണോ, ഒരു സാധനം വേണമെന്നു തോന്നിയാൽ അത് അനിവാര്യമായി വാങ്ങേണ്ടതാണോ, ഉടൻ വാങ്ങേണ്ടതാണോ, അതിനുള്ള പണമുണ്ടോ, ഞാനിത് ചെയ്താൽ ഉമ്മാക്ക് ഇഷ്ടമാകുമോ തുടങ്ങിയുള്ള ആലോചനകളൊന്നും അവർക്കുണ്ടാവില്ല. അവരുടെ ആഗ്രഹങ്ങൾ അതേപടി ചെയ്യുകയാണവർ. ശരിയും തെറ്റും നന്മയും തിന്മയും അവർക്ക് വേർതിരിച്ചു മനസ്സിലാക്കിക്കൊടുക്കേണ്ടത് രക്ഷിതാക്കളാണല്ലോ.

അപ്പോൾ, രക്ഷിതാക്കൾ ഒന്നുകിൽ കുട്ടികൾ വാശി പിടിക്കുന്ന കാര്യം സാധിപ്പിച്ചുകൊടുക്കും, അല്ലെങ്കിൽ ശിക്ഷിക്കും.

ഈ രണ്ട് സമീപനവും ശരിയല്ല. ശരിയും തെറ്റും വിശദീകരിച്ചു കൊടുക്കുന്നതിനു പകരം വാശി പിടിക്കുന്നതെല്ലാം അംഗീകരിക്കുകയാണെങ്കിൽ കുട്ടികൾ അതാണ് ശരിയെന്നു കണക്കാക്കും. ശിക്ഷിച്ചാൽ എന്തിനാണ് ശിക്ഷിക്കപ്പെട്ടതെന്നോ വാശി പിടിച്ച കാര്യത്തിന്റെ ദോഷവശങ്ങൾ എന്തെല്ലാമാണെന്നോ തിരിച്ചറിയാനും അവർക്ക് കഴിയില്ല. വാശി പിടിച്ച കാര്യം നടക്കില്ലെന്നറിയുമ്പോഴുള്ള സങ്കടവും ദേഷ്യവുമാണ് അവർ തറയിൽ കിടന്നുരുണ്ടും ഭിത്തിയിലിടിച്ചുമെല്ലാം പ്രകടിപ്പിക്കുന്നത്.

**വാശി പിടിക്കുന്നതെല്ലാം അംഗീകരിക്കുകയാണെങ്കിൽ കുട്ടികൾ അതാണ് ശരിയെന്നു കണക്കാക്കും. ശിക്ഷിച്ചാൽ എന്തിനാണ് ശിക്ഷിക്കപ്പെട്ടതെന്നോ വാശി പിടിച്ച കാര്യത്തിന്റെ ദോഷവശങ്ങൾ എന്തെല്ലാമാണെന്നോ തിരിച്ചറിയാനും അവർക്ക് കഴിയില്ല. വാശി പിടിച്ച കാര്യം നടക്കില്ലെന്നറിയുമ്പോഴുള്ള സങ്കടവും ദേഷ്യവുമാണ് അവർ തറയിൽ കിടന്നുരുണ്ടും ഭിത്തിയിലിടിച്ചുമെല്ലാം പ്രകടിപ്പിക്കുന്നത്.**



## രക്ഷിതാക്കൾ എന്തുചെയ്യണം?

കുട്ടികൾക്ക് വികാരങ്ങളെ യഥാവിധം നിയന്ത്രിക്കാനറിയില്ല. അവർ ഒരു കാര്യം ആവശ്യപ്പെടുമ്പോൾ ഉടനെ നോ പറയുന്നതിനു പകരം അവരുടെ ആവശ്യങ്ങൾ സൗമ്യമായി ചോദിച്ചറിയണം. അത് നടപ്പിലാക്കിയാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അവർക്ക് ഉൾക്കൊള്ളാനാകുന്ന രൂപത്തിൽ വിശദീകരിക്കണം. ടോയ്കാർ വാങ്ങിത്തരാൻ പറയുന്ന കുട്ടിയോട് തട്ടിക്കയറി, ‘നിനക്കിപ്പോ എന്തിനാ അത്’ എന്നോ മറ്റോ പറഞ്ഞ് കയർക്കുകയല്ല വേണ്ടത്. അവരെ വാരിയെടുത്തും മുത്തം കൊടുത്തും ചേർത്തുപിടിച്ചും സ്നേഹം പ്രകടിപ്പിക്കണം. വാശി പിടിക്കുന്ന കാര്യം ഉമ്മയും ഉപ്പയും വേണ്ടെന്നു പറയുന്നുണ്ടെങ്കിൽ അതിലെന്തെങ്കിലും പ്രശ്നമുണ്ടാകുമെന്ന് കുട്ടികൾക്ക് ബോധ്യപ്പെടണം.

‘ഉമ്മാന്റെ കുട്ടിക്ക് ഒരുപാട് ടോയ്സുണ്ടല്ലോ, കാർ നമുക്ക് പിന്നെ വാങ്ങിയാൽ പോരേ?’, ‘നമ്മുടെ വീട്ടിൽ ഒരുപാട് ടോയ്സുണ്ടല്ലോ, മോനത് വാങ്ങിയാൽ ടോയ്സില്ലാത്ത കുട്ടികൾക്ക് വാങ്ങാൻ കഴിയില്ലല്ലോ...’ തുടങ്ങിയ ചിന്തോദ്ദീപകമായ ചോദ്യങ്ങൾ സ്നേഹപൂർവം ചോദിക്കാം. അവരുടെ അഭിപ്രായങ്ങളും കണക്കിലെടുക്കണം. വാശി പിടിച്ച് കരയുമ്പോഴല്ല ഇതൊന്നും ചെയ്യേണ്ടത്. കരയുന്ന സമയത്ത് അവരെ കൈയിലെടുത്തോ കെട്ടിപ്പിടിച്ചോ സ്നേഹവാക്കുകൾ പറഞ്ഞോ മറ്റൊരു കാര്യത്തിലേക്ക് ശ്രദ്ധ തിരിക്കാം. താൽപര്യമുള്ള കാര്യങ്ങളിൽ വ്യാപൃതരായി കരച്ചിൽ മാറിയതിനു ശേഷം അവർ വാശി പിടിച്ച കാര്യത്തെ സംബന്ധിച്ച് സംസാരിക്കാം. ഉദാഹരണത്തിന്, വഴിയരികിലൂടെ നടക്കുമ്പോൾ മിഠായി വേണമെന്ന് പറഞ്ഞ് വാശി പിടിച്ചു കരയുന്ന കുഞ്ഞിന് ഉടനെ വാങ്ങിക്കൊടുക്കാതെ ഉപയോഗമുള്ള മറ്റെന്തെങ്കിലും വസ്തുക്കൾ വാങ്ങിക്കൊടുത്തോ നമുക്ക് മറ്റൊരു സാധനം വാങ്ങാനുണ്ടെന്ന് പറഞ്ഞോ ശ്രദ്ധ തിരിക്കാം. ഇതെല്ലാം സിംപിളാണെന്നു കരുതരുത്. ഇങ്ങനെയൊക്കെ ചെയ്യുന്നതിനെക്കാൾ, അവരുടെ വാശി വോഗം ഒതുക്കാൻ നല്ലത് അതങ്ങ് വാങ്ങിക്കൊടുക്കലാണെന്നൊക്കെ തോന്നും. എന്നാൽ, അതവരുടെ വാശിക്ക് വളമാവുക

**ആളുകൾക്കിടയിൽ കുഞ്ഞ് വാശി പിടിച്ചു കരയുന്നത് അഭിമാനപ്രശ്നമാണ് പലർക്കും. അതുകൊണ്ട് എത്രയും പെട്ടെന്നത് ഒതുക്കാനാണ് ശ്രമിക്കുക. പല ഉമ്മമാരും പറയാറുണ്ട്: 'വീട്ടിലാകുമ്പോൾ കുഴപ്പമൊന്നുമില്ല. പക്ഷേ, പുറത്തിറങ്ങിയാൽ കാണുന്നതെല്ലാം അവർക്ക് വേണം.' മക്കൾക്കറിയാം, ജനങ്ങൾക്കിടയിൽ വാശിപിടിച്ചാൽ അഭിമാനം കാക്കാൻ വേണ്ടിയെങ്കിലും മാതാപിതാക്കൾ സാധിപ്പിച്ചുതരുമെന്ന്.**

യാണ് ചെയ്യുക.

ശിക്ഷിക്കുന്നതും പരിഹാരമല്ല, വാശി പിടിച്ചാൽ വീട്ടുപകരണങ്ങളോ ടോയ്സുകളോ മറ്റോ തകർക്കുന്ന ശീലമോ സ്വയം വേദനിപ്പിക്കുന്ന ശീലമോ കുട്ടികൾക്കുണ്ടെങ്കിൽ ടൈംഔട്ട് ചെയ്യാം. അഥവാ, കുറച്ചു സമയത്തേക്ക് അപകടകരമല്ലാത്ത ഒരിടത്തേക്ക് അവരെ മാറ്റിനിർത്താം. പത്തു മുതൽ മുപ്പത് മിനിറ്റു വരെ അവർക്കിഷ്ടമുള്ള കാര്യങ്ങളൊന്നും ചെയ്യാൻ അനുവദിക്കാതെ രക്ഷിതാക്കളുടെ കണ്ണെത്തുന്ന ഒരിടത്തേക്ക് മാറ്റി നിർത്തണം. സ്കൂളിലൊക്കെ കുട്ടികളെ ക്ലാസ്സിനു പുറത്ത് നിർത്തുന്നതു പോലെയാണിത്. അല്ലെങ്കിൽ അവരെ ശ്രദ്ധിക്കാതിരിക്കാം. അപകടകരമായ രീതിയിൽ ദേഷ്യം പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ ഒരു സൈക്കോളജിസ്റ്റിന്റെ സഹായം തേടാം.

കുട്ടികളുടെ ദുർവാശി നിറവേറ്റിക്കൊടുക്കാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്ന രണ്ടു പ്രധാനഘടകങ്ങളാണുള്ളത്. ഒന്ന്, അഭിമാനബോധം. രണ്ട്, സ്വസ്ഥത. ആളുകൾക്കിടയിൽ കുഞ്ഞ് വാശി പിടിച്ചു കരയുന്നത് അഭിമാനപ്രശ്നമാണ് പലർക്കും. അതുകൊണ്ട് എത്രയും പെട്ടെന്നത് ഒതുക്കാനാണ് രക്ഷിതാക്കൾ ശ്രമിക്കുക. പല ഉമ്മമാരും പറയാറുണ്ട്: 'വീട്ടിലാകുമ്പോൾ കുഴപ്പമൊന്നുമില്ല. പക്ഷേ, പുറത്തിറങ്ങിയാൽ കാണുന്നതെല്ലാം അവർക്ക് വേണം.' മക്കൾക്കറിയാം, പൊതുജനങ്ങൾക്കിടയിൽ വാശിപിടിച്ചു കരഞ്ഞാൽ അഭിമാനം കാക്കാൻ വേണ്ടിയെങ്കിലും മാതാപിതാക്കൾ കാര്യം സാധിപ്പിച്ചുതരുമെന്ന്.

സ്വസ്ഥതയും സമാധാനവും നഷ്ടമാകുമെന്നതാണ് മറ്റൊരു പ്രശ്നം. ഒരു പരിധിവരെ മക്കളുടെ വാശി രക്ഷിതാക്കൾ അവഗണിച്ചുനോക്കും. പക്ഷേ, കരഞ്ഞു ശല്യം ചെയ്യുമ്പോൾ സ്വസ്ഥതക്കു വേണ്ടി രക്ഷിതാക്കൾ തോൽവി സമ്മതിക്കും. 'വാശി പിടിച്ചു കരഞ്ഞാൽ ആദ്യം ഉമ്മ വിസമ്മതിക്കുമെങ്കിലും കുറച്ചു കഴിഞ്ഞാൽ എനിക്ക് വേണ്ടത് കിട്ടും' എന്നാകും മക്കളപ്പോൾ ചിന്തിക്കുക.

രക്ഷിതാക്കളുടെ വാക്കും നോക്കും ചലനവും നിശ്ചലനവും മൗനവും സംസാരവും ശൈലിയും ഭാഷയുമെല്ലാം ഒരു സിസിടിവി പോലെ മക്കൾ നിരീക്ഷിക്കുന്നുണ്ടെന്ന ബോധം വേണം. രക്ഷിതാക്കളെ കണ്ടും കേട്ടും വളരുന്നവരാണ് മക്കൾ. ഞാൻ എത്ര വട്ടം ചോദിച്ചാൽ, എങ്ങനെ ചോദിച്ചാൽ എന്റെ ആവശ്യം നിറവേറുമെന്ന് മക്കൾ പരീക്ഷിക്കുകയാണ്. ആദ്യമൊക്കെ ചോദിക്കുന്നതെല്ലാം കിട്ടി ശീലിച്ച് പിന്നെ വാശിപിടിക്കുമ്പോൾ പെട്ടെന്ന് 'നോ' പറഞ്ഞാൽ അതവർക്ക് അംഗീകരിക്കാൻ കഴിയില്ല. അവർ കുഞ്ഞുങ്ങളാണല്ലോ.

'ഇപ്പോൾ ഉപ്പാന്റെ കൈയിൽ കാശില്ല' എന്നു പറഞ്ഞാൽ അതിന്റെ ഗൗരവം മനസ്സിലാക്കാനൊന്നും ഒരുപക്ഷേ അവർക്ക് കഴിയണമെന്നില്ല. വളർന്നുവരുമ്പോൾ തന്റെ ആവശ്യങ്ങൾ തക്കതായ കാരണങ്ങളാലാണ് എതിർക്കപ്പെടുന്നതെന്ന് അംഗീകരിക്കാനും അവരെ ശീലിപ്പിക്കണം. 'കുഞ്ഞല്ലേ, അവനെ/അവളെ ഇങ്ങനെ കരയിപ്പിക്കല്ലേ, എന്താ വേണ്ടതെന്നുവെച്ചാൽ അങ്ങ് കൊടുത്തേക്ക്' എന്നൊക്കെ പറയുന്നവരുണ്ട്. പ്രത്യേകിച്ച് വല്യുപ്പമാരും വല്യുമ്മാമാരുമൊക്കെ. അവർക്ക് പേരമക്കളോട് കുറച്ചധികം വാത്സല്യമുണ്ടാകും. എന്നാൽ, അതൊന്നും അവരുടെ പിടിവാശി വകവെച്ചുകൊടുക്കാനുള്ള കാരണമായിത്തീരരുത്. എന്തുകൊണ്ടാണ് ആവശ്യം നിരസിക്കപ്പെടുന്നതെന്ന് അവർക്ക് വ്യക്തമാക്കിക്കൊടുക്കുകയും വേണം.

മക്കളുടെ വാശി ഒതുക്കാൻ രക്ഷിതാക്കൾ പ്രയോഗിക്കുന്ന മറ്റൊരു വിദ്യയാണ് അവരുടെ കൈകളിൽ മൊബൈൽഫോൺ കൊടുക്കൽ. കുറച്ചുനേരത്തേക്ക് മക്കളെ അടക്കിയിരുത്താൻ സഹായിക്കുമെങ്കിലും ഏറെ അപകടകരമായൊരു പ്രവണതയാണിത്. കുട്ടികളുടെ വാശിയും സ്ക്രീൻടൈമും വർധിപ്പിക്കുന്നതിനേ ഇത് സഹായിക്കൂ. ഫോൺ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് എഴുതിയാൽ തീരില്ല. അഞ്ചു വയസ്സിൽ താഴെയുള്ള മക്കൾക്ക് മൊബൈൽഫോൺ കൊടുക്കുന്നത് ഒരിക്കലും പ്രോത്സാഹിപ്പിച്ചു കൂടാ. ഉപയോക്താക്കളെ പെട്ടെന്ന് അടിമകളാക്കാൻ സ്മാർട്ട്ഫോണുകൾക്ക് സാധിക്കും.

കൊച്ചുകുഞ്ഞിനുപോലും സ്മാർട്ട്ഫോൺ ഉപയോഗിക്കാനറിയാമെന്നിരിക്കെ ഇക്കാലഘട്ടത്തിൽ സ്ക്രീൻടൈം നിയന്ത്രണത്തെ സംബന്ധിച്ച് കാര്യമായ ആലോചനകൾ അനിവാര്യമാണ്. 'ഫോണില്ലാതെ എങ്ങനെ ഇക്കാലത്ത് കുഞ്ഞുങ്ങളെ വളർത്തും' എന്നു ചോദിച്ച ഒരു ഉമ്മയെ ഓർക്കുന്നു. മക്കൾക്ക് ഫോൺ കൊടുക്കുന്നതും പരിചയപ്പെടുത്തുന്നതും രക്ഷിതാക്കളാണല്ലോ. സ്ക്രീൻ ഉപയോഗം ആദ്യം രക്ഷിതാക്കൾ നിയന്ത്രിച്ചാൽ മാത്രമേ മക്കളെ നിയന്ത്രിക്കാനാവുകയുള്ളൂ. വീട്ടിലും കൂടുംബബന്ധത്തിലുമുള്ള മറ്റുള്ളവരിൽ നിന്നും മക്കൾക്ക് ഫോൺ ആവശ്യത്തിലധികം ലഭിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

സ്നേഹതീരം

സിയാദ് സഖാഫി പാറന്നൂർ

# വിവാഹാലോചനകൾ, അന്വേഷണങ്ങൾ

വിവാഹം തീർത്തും ചില നിയമവ്യവസ്ഥകളിൽ അധിഷ്ഠിതമാണ്. മരണം വരെ സുഖത്തിലും ദുഃഖത്തിലും പങ്കുചേർന്ന് പരസ്പരം മനസ്സിലാക്കി ജീവിക്കുന്ന ദാമ്പത്യം സ്വർഗ്ഗീയമായ അനുഗ്രഹം തന്നെയാണ്. വർഷങ്ങൾ ഒന്നിച്ചു ജീവിച്ചിട്ടും തമ്മിൽ മനസ്സിലാക്കാനാവാതെ മാനസികമായി അകന്നു ജീവിക്കുന്ന വിവാഹബന്ധം വലിയൊരു ദുരന്തവുമാണ്. അതിനാൽ ഏറെ ചിന്തിച്ചും ആലോചിച്ചും മതപരമായ കാര്യങ്ങൾ പൂർണമായി അനുസരിച്ചും ജീവിതപങ്കാളിയെ തെരഞ്ഞെടുക്കണം. വിവാഹം കഴിക്കാതെ ജീവിക്കുന്നതിനെക്കാൾ പ്രയാസമാണ് വിവാഹം കഴിഞ്ഞിട്ടും സമാധാനപൂർണമായ ഒരു ജീവിതം കിട്ടാതിരിക്കുന്നത്. അതുകൊണ്ട് ഇസ്‌ലാം വിവാഹവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും വ്യക്തമായ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വൈവാഹിക ജീവിതത്തിന്റെ നിബന്ധനകളും മര്യാദകളും വിശ്വാസി കൃത്യമായി പഠിച്ചിരിക്കണം.

## നികാഹിന്റെ ശർത്വുകൾ

നികാഹിന് അഞ്ച് അനിവാര്യഘടകങ്ങളുണ്ട്. വധു, വരൻ, വലിയ്യ് (നികാഹ് ചെയ്തുകൊടുക്കാൻ അധികാരമുള്ളയാൾ), രണ്ടു സാക്ഷികൾ, സീഗ(ഉടമ്പടി വാക്യം) എന്നിവയാണവ. ഇബ്നുഹജർ(റ)വിനെപ്പോലുള്ള കർമ്മശാസ്ത്രപണ്ഡിതർ വരനെയും വധുവിനെയും ഒരു ഘടകമായി കണക്കാക്കി ശർത്വുകൾ നാലെണ്ണമാണെന്ന് പറഞ്ഞിട്ടുണ്ട്. ഓരോ നിബന്ധനയും വിശദമായി പരിശോധിക്കാം.



## വരന്റെ നിബന്ധനകൾ

1. നിർണ്ണിതമായിരിക്കണം. വലിയ്യ് രണ്ടുപേരോട് ‘നിങ്ങൾ രണ്ടുപേരിൽ ഒരാൾക്ക് എന്റെ മകളെ വിവാഹം ചെയ്തു തന്നു’ എന്നു പറഞ്ഞാൽ അത് ബാത്വിലാണ്. അവരിൽ ഒരാളെ വലിയ്യ് പ്രത്യേകം കരുതിയിട്ടുണ്ടെങ്കിലും അത് ബാത്വിൽ തന്നെയാണ്. പദത്തിൽ ഒരാളെ പ്രത്യേകം നിർണയിച്ചിട്ടില്ലെന്നതാണ് കാരണം.

2. സ്വന്തം താത്പര്യപ്രകാരമായിരിക്കണം നികാഹ്. ആരുടെയെങ്കിലും നിർബന്ധത്തിനു വഴങ്ങി ചെയ്യുന്ന നികാഹ് സ്വഹീഹല്ല.

3. നിലവിൽ ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്തിരിക്കുന്ന വ്യക്തിയാവാൻ പാടില്ല.

4. വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന സ്ത്രീയുടെ മഹ്റമായ (രണ്ടിൽ ഒരാളെ പുരുഷനായി സങ്കൽപ്പിക്കുമ്പോൾ) മറ്റൊരു സ്ത്രീ വരന്റെ പത്നീപദത്തിൽ ഉണ്ടാവാൻ പാടില്ല. ഒരു നികാ

> സൈനുദ്ദീൻമഖ്ദൂം(റ) പറയുന്നു: ‘ദുർവൃത്തയായ സ്ത്രീയെക്കാൾ നീതിബോധവും മതചിട്ടയും ഉള്ളവളെ വിവാഹം ചെയ്യുന്നതാണുത്തമം.’ (ദുർവൃത്ത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വൻദോഷം ചെയ്തവളോ ചെറുദോഷം പതിവാക്കുന്നവളോ ആണ്.) ദുർവൃത്തി വ്യഭിചാരമാവണമെന്നില്ല. ഇമാം ബുഖാരി(റ), മുസ്‌ലിം(റ) ഉദ്ധരിച്ച ഹദീസാണ് ഇതിന് ആധാരം.

ഹു കൊണ്ട് ഈ വകുപ്പിൽപ്പെട്ട രണ്ടുപേരെ വിവാഹം കഴിക്കുകയാണെങ്കിൽ രണ്ടും ബാത്വിലാണ്. വ്യത്യസ്ത സമയങ്ങളിലുള്ള ഇടപാടുകൊണ്ടാണ് നികാഹ് കഴിക്കുന്നതെങ്കിൽ രണ്ടാമത്തേത് ബാത്വിലാണ്.

5. വരന് അപ്പോൾ നാലോ അതിലധികമോ ഭാര്യമാരുണ്ടാവാൻ പാടില്ല. പരമാവധി ഒരു പുരുഷന് ഇസ്‌ലാം അനുവദിച്ച ഭാര്യമാരുടെ എണ്ണം നാലാണ്. (നിബന്ധനകൾക്ക് വിധേയം) ഒരു ഇടപാടുകൊണ്ട് അഞ്ചുപേരെ ഒരുമിച്ച് വിവാഹം കഴിച്ചാൽ അഞ്ചും ബാത്വിലാകും. ക്രമപ്രകാരമാണ് വിവാഹം കഴിക്കുന്നതെങ്കിൽ അവസാനത്തേത് ബാത്വിലാണ്.

6. സ്വന്തമായാണ് വിവാഹ ഇടപാട് നടത്തുന്നതെങ്കിൽ പ്രായപൂർത്തിയും ബുദ്ധിയുമുള്ള മുകല്ലഫ് ആയിരിക്കണം. പ്രായപൂർത്തിയും ബുദ്ധിയുമില്ലെങ്കിൽ വലിയ്യാണ് അവനുവേണ്ടി നികാഹ് സ്വീകരിക്കേണ്ടത്.

## വധുവിന്റെ നിബന്ധനകൾ

1. നിർണ്ണിതമായിരിക്കണം. ഉദാഹരണം: ‘എന്റെ ഫാത്വിമ എന്ന മകളെ നിനക്ക് ഞാൻ കെട്ടിച്ചുതന്നു.’ ‘എന്റെ രണ്ടു പെൺമക്കളിലൊരാളെ നിനക്ക് ഞാൻ കെട്ടിച്ചു തന്നു’ എന്നത് ബാത്വിലാണ്. വധു നിർണ്ണിതമല്ലെന്നതാണ് കാരണം.

2. വധു നിലവിൽ ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്തവളാവരുത്.

3. കുടുംബബന്ധം, കെട്ടുബന്ധം, മുലകുടിബന്ധം എന്നിവയിൽ ഏതെങ്കിലുമൊന്നുകൊണ്ട് മഹ്റമിയ്യത്ത് (വിവാഹബന്ധം നിശിദ്ധമാകൽ) ഉണ്ടാവരുത്.

4. മറ്റൊരാളുടെ ഭാര്യയോ ഇദ്ദയിലുള്ളവളോ ആകരുത്.

5. മുസ്‌ലിം ആയിരിക്കണം. അന്യമതസ്ഥരെ മുസ്‌ലിം വിവാഹം കഴിക്കാൻ പാടില്ല.

6. മനുഷ്യവർഗത്തിലുള്ള വരാവണം. മനുഷ്യൻ മനുഷ്യവർഗത്തിൽപെട്ടവരെ മാത്രമേ വിവാഹം ചെയ്യാവൂ.

## ഇണയെ തെരഞ്ഞെടുക്കുമ്പോൾ

ഇണകൾ ജീവിതകാലം മുഴുവൻ ഒരുമിച്ച് ജീവിക്കേണ്ടവരാണല്ലോ. സുഖത്തിലും ദുഃഖത്തിലും നിഴൽപോലെ കൂടെ നിന്ന് തന്റെ നല്ലപാതിയായി നിൽക്കേണ്ട ഭാര്യയെ തെരഞ്ഞെടുക്കുമ്പോൾ പല കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. കൂടുതൽ ചിന്തിക്കാതെ താൽക്കാലിക പ്രലോഭനങ്ങൾക്കും വികാരങ്ങൾക്കും അടിപ്പെട്ട് എടുത്തുചാടിച്ചെയ്യേണ്ട കാര്യമല്ല ഇത്. അങ്ങനെയായാൽ പിന്നീട് ഖേദിക്കേണ്ടിവരും. ഹൃദ്യവും സുദൃഢവുമായ ഈ ബന്ധത്തിന്റെ കെട്ടുറപ്പിന് ഇസ്‌ലാം വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

സൈനുദ്ദീൻമഖ്ദൂം(റ) പറയുന്നു: ‘ദുർവൃത്തയായ സ്ത്രീയെക്കാൾ നീതിബോധവും മതചിട്ടയും ഉള്ളവളെ വിവാഹം ചെയ്യുന്നതാണുത്തമം.’ (ദുർവൃത്ത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വൻദോഷം ചെയ്തവളോ ചെറുദോഷം പതിവാക്കുന്നവളോ ആണ്.) ദുർവൃത്തി വ്യഭിചാരമാവണമെന്നില്ല. ഇമാം ബുഖാരി(റ), മുസ്‌ലിം(റ) ഉദ്ധരിച്ച ഹദീസാണ് ഇതിന് ആധാരം: ‘മതഭക്തയെ വിവാഹം ചെയ്ത് നീ ധന്യനാവുക’ പണ്ഡിതർ, സജ്ജനങ്ങൾ തുടങ്ങിയവരിലേക്ക് ചേർക്കപ്പെട്ട കുലീനയും വംശം അറിയപ്പെട്ടവളുമാണ് ഉത്തമം.

നബി(സ) പറഞ്ഞു: ‘ബീജം നിക്ഷേപിക്കാൻ അനുയോജ്യയായ ഇണയെ നിങ്ങൾ തെരഞ്ഞെടുക്കുക. അനുയോജ്യമല്ലാതിടത്ത് അതിനെ പാഴാക്കാതിരിക്കുക.’

## മാതാപിതാക്കൾ നല്ലവരാകണം

പെൺകുട്ടിയുടെ മാതാപിതാക്കളുടെ സദ്ഗുണവും പരിഗണനീയമാണ്. നല്ല മാതാപിതാക്കളിലൂടെയാണല്ലോ നല്ല മക്കൾ പിറക്കുന്നത്. വ്യഭിചാരത്തിൽ പിറന്ന സ്ത്രീയെയും ദുർനടപ്പുകാരന്റെ മകളെയും വിവാഹം കഴിക്കൽ കറാഹത്താണ്. (ഫത്ഹുൽമുഈൻ)

മാതാപിതാക്കളിലുള്ള ദുസ്സ്വഭാവങ്ങൾ മക്കളിലേക്ക് പകരുമെന്നതാണ് കാരണം.

ഇമാം അദ്റഈ(റ) പറയുന്നു: ‘പിതാവ് ആരാണെന്നറിയാത്ത സ്ത്രീയെ വിവാഹം കഴിക്കുന്നത് നല്ലതല്ല.’

ഒരാൾ തന്റെ മക്കൾക്ക് നൽകുന്ന ഏറ്റവും മികച്ച ഉപഹാരമാണ് അവർക്കുവേണ്ടി നല്ല മാതാവിനെ തെരഞ്ഞെടുക്കുക എന്നത്. അബുൽഅസ്‌വദ് അദ്ദുഅലി(റ) തന്റെ മക്കളോട് പറഞ്ഞു:

‘നിങ്ങളുടെ ചെറുപ്പത്തിലും കൗമാരത്തിലും ജനനത്തിനു മുമ്പും ഞാൻ നിങ്ങൾക്ക് നന്മ ചെയ്തിട്ടുണ്ട്.’ അപ്പോൾ മക്കൾ ചോദിച്ചു: ‘ഞങ്ങളുടെ ജനനത്തിനു മുമ്പ് ഉപ്പ എങ്ങനെയാണ് ഞങ്ങൾക്ക് നന്മ ചെയ്തത്?’

മഹാൻ പറഞ്ഞു: ‘ഒരിക്കലും

ആക്ഷേപിക്കേണ്ടിവരാത്ത നല്ലൊരു ഉമ്മയെ നിങ്ങൾക്കു വേണ്ടി ഞാൻ തിരഞ്ഞെടുത്തു.'

## നല്ലഭാര്യ

നല്ല ഭാര്യക്ക് ഉണ്ടായിരിക്കേണ്ട ധാരാളം ലക്ഷണങ്ങൾ പണ്ഡിതന്മാർ പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യന് ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും അമൂല്യമായ അനുഗ്രഹങ്ങൾ ഏതെല്ലാമാണെന്ന് നബി(സ) പഠിപ്പിക്കുന്നു: 'നന്ദിയുള്ള ഹൃദയം, ദിക്റ് ചൊല്ലുന്ന നാവ്, ജീവിതവ്യവഹാരങ്ങളിലും മതകാര്യങ്ങളിലും നിങ്ങളെ സഹായിക്കുന്ന സച്ചരിതയായ ഭാര്യ.' (ബുഖാരി)

അബൂഹുറയ്റ(റ) നിവേദനം: 'സ്ത്രീകളിൽ ഏറ്റവും ഉത്തമർ ആരാണ്' എന്ന് നബി(സ)യോട് സ്വഹാബികൾ ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'ഭർത്താവിനെ സന്തോഷിപ്പിക്കുകയും അനുസരിക്കുകയും ചെയ്യുന്നവൾ. തന്റെ ശരീരത്തിലോ സമ്പത്തിലോ ഭർത്താവിന് അനിഷ്ടമായത് ചെയ്യാത്തവൾ.' (ഹദീസ്)

ഉമർ(റ) പറഞ്ഞു: 'ഈമാനിനു ശേഷം സൽസ്വഭാവിയായ, സ്നേഹമുള്ള, ധാരാളം പ്രസവിക്കുന്ന ഒരു സ്ത്രീയെക്കാൾ ഉത്തമമായ മറ്റൊന്നും മനുഷ്യൻ നേടിയിട്ടില്ല.' (ഇബ്നുഅബീശൈബ)

## കുടുംബത്തിൽ നിന്നുള്ള വിവാഹം

അകന്ന കുടുംബത്തിൽ നിന്ന് വധുവിനെ തെരഞ്ഞെടുക്കുന്നതാണ് നല്ലത്. കുടുംബബന്ധമില്ലാത്ത അന്യരെക്കാളും അടുത്ത കുടുംബത്തിലുള്ളവരെക്കാളും പ്രാധാന്യം നൽകേണ്ടത് അകന്ന കുടുംബത്തിലുള്ളവർക്കാണ്. അകന്ന ബന്ധുക്കളില്ലെങ്കിൽ അന്യരെ പരിഗണിക്കാം. കാരണം, അടുത്ത ബന്ധുവിനെക്കാൾ നല്ലത് അന്യരാണ്. കർമശാസ്ത്ര പണ്ഡിതർ വിശദീകരിക്കുന്നു: 'അകന്ന ബന്ധുവാണ് അടുത്ത ബന്ധുവിനെക്കാളും അന്യരെക്കാളും നല്ലത്. അടുത്ത ബന്ധുവാകുമ്പോൾ പരസ്പരവികാരം കുറയാനും അതുമൂലം കുട്ടികൾ ദുർബലരാവാനും കാരണമാകും.' (ഫത്ഹുൽമുഈൻ 3:429) അടുത്ത ബന്ധുക്കൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മാതൃ-പിതൃ-സഹോദര പരമ്പരയിലെ ഒന്നാം കണ്ണികളാണ്. (ഫത്ഹുൽ മുഈൻ)

അഥവാ, പിതൃ-സഹോദരന്റെയോ സഹോദരിയുടെയോ മക്കൾ, ഉമ്മയുടെ സഹോദരന്റെയോ സഹോദരിയുടെയോ മക്കൾ. ഇവർ മഹ്റമല്ലെങ്കിലും മഹ്റമിനെപ്പോലെ ഇടപഴകുകയും ചെറുപ്പം മുതലേ സഹോദര സഹോദരിമാരെപ്പോലെ ഒരുമിച്ച് ജീവിക്കുകയും ചെയ്യുന്നവരാണല്ലോ.

അബൂഹുറയ്റ(റ) നിവേദനം: 'സ്ത്രീകളിൽ ഏറ്റവും ഉത്തമർ ആരാണ്' എന്ന് നബി(സ)യോട് സ്വഹാബികൾ ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'ഭർത്താവിനെ സന്തോഷിപ്പിക്കുകയും അനുസരിക്കുകയും ചെയ്യുന്നവൾ. തന്റെ ശരീരത്തിലോ സമ്പത്തിലോ ഭർത്താവിന് അനിഷ്ടമായത് ചെയ്യാത്തവൾ.' ഉമർ(റ) പറഞ്ഞു: 'ഈമാനിനു ശേഷം സൽസ്വഭാവിയായ, സ്നേഹമുള്ള, ധാരാളം പ്രസവിക്കുന്ന ഒരു സ്ത്രീയെക്കാൾ ഉത്തമമായ മറ്റൊന്നും മനുഷ്യൻ സമ്പാദിച്ചിട്ടില്ല.'





നബി(സ) തന്റെ പിതൃസഹോദരിയുടെ മകളായ സൈനബ് ബിൻത് ജഹ്ശ്(റ)യെ വിവാഹം കഴിച്ചിട്ടുണ്ട്. അത് ഈ വിവാഹം അനുവദനീയമാണെന്ന് പഠിപ്പിക്കാനും പ്രത്യേകമായ മറ്റു ചില സാഹചര്യങ്ങൾ കണക്കിലെടുത്തുമാണ്. നബി(സ) വളർത്തുപുത്രനായ സൈദ്(റ)വിന് സൈനബ്(റ)യെ വിവാഹം ചെയ്തു കൊടുത്തിരുന്നു. എന്നാൽ, അവർക്കിടയിൽ അസ്വാരസ്യമുടലെടുക്കുകയും ബന്ധം അവസാനിപ്പിക്കാൻ പലതവണ നബി(സ)യോട് അനുമതി ചോദിക്കുകയും ചെയ്തു. സൈനബിന്റെ സൗന്ദര്യബോധവും ആഭിജാത്യ മനോഭാവവും സന്തുഷ്ടമായ ദാമ്പത്യജീവിതത്തിനു തടസ്സമായി. ഒരു നിലക്കും മാനസിക പൊരുത്തത്തോടെ മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയ നബി(സ) ഒടുവിൽ അവർക്ക് വിവാഹമോചനത്തിന് അനുമതി നൽകി.

വളർത്തുപുത്രന്മാർ മരണപ്പെട്ടാലോ വിവാഹമോചനം നടത്തിയാലോ അവരുടെ മുൻഭാര്യമാരെ വിവാഹം ചെയ്യൽ അനുവദനീയമല്ലെന്ന ഒരു ധാരണ അന്ന് നിലവിലുണ്ടായിരുന്നു. അത് ശരിയല്ലെന്ന് ബോധ്യപ്പെടുത്തുക കൂടിയായിരുന്നു നബി(സ) സൈനബ്(റ)യെ വിവാഹം ചെയ്തതിന്റെ താത്പര്യം. പ്രസ്തുത സംഭവം വിശുദ്ധഖുർആൻ പ്രതിപാദിക്കുന്നുണ്ട്: 'അങ്ങനെ സൈദ് അവളിൽ നിന്ന് ആവശ്യം നിറവേറ്റിക്കഴിഞ്ഞപ്പോൾ അവളെ നാം താങ്കൾക്ക് ഭാര്യയാക്കിത്തന്നു. തങ്ങളുടെ ദത്തുപുത്രന്മാർ ഇണകളിൽ നിന്ന് ആവശ്യം നിറവേറ്റിക്കഴിഞ്ഞ ശേഷം അവരെ വിവാഹം ചെയ്യുന്ന കാര്യത്തിൽ സത്യവിശ്വാസികൾക്ക് യാതൊരു പ്രയാസവും ഇല്ലാതിരിക്കാൻ വേണ്ടിയത്രെ അത്. അല്ലാഹുവിന്റെ കല്പന പ്രാവർത്തികമാക്കപ്പെടുന്നതാകുന്നു.' (സൂറത്തുൽ അഹ്സാബ് – 33)

അലി(റ) ഫാത്വിമ(റ)യെ വിവാഹം കഴിച്ചത് ഈ ഗണത്തിൽ പെട്ടതല്ല. കാരണം, അവർ അകന്ന ബന്ധത്തിൽ പെട്ടവരാണ്. അലി(റ)വിന്റെ പിതൃവ്യന്റെ മകന്റെ മകളാണല്ലോ ഫാത്വിമ ബീവി(റ).

## നിഷിദ്ധമായ വിവാഹാലോചനകൾ

വിവാഹാലോചന പുരുഷന്റെയും സ്ത്രീയുടെയും ഭാഗത്തുനിന്ന് ഉണ്ടാവാറുണ്ട്. പുരുഷന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ് അധികവും. സ്ത്രീയുടെ ഭാഗത്തുനിന്ന് അന്വേഷണം വരുന്നതിൽ തെറ്റൊന്നുമില്ല. വിവാഹാലോചനയുടെ സമയത്ത് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ വിശുദ്ധ ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്: മറ്റൊരാൾ വിവാഹാലോചന നടത്തിക്കൊണ്ടിരിക്കുന്ന സ്ത്രീയെ അത് തീരുമാനമാകുന്നതിനു മുമ്പ് വിവാഹമാലോചിക്കരുത്.

നബി(സ) പറയുന്നു: 'സത്യവിശ്വാസികൾ പരസ്പരം സഹോദരന്മാരാണ്. തന്റെ സഹോദരൻ കച്ചവടം നടത്തുന്ന ചരക്കിന്മേൽ കച്ചവടം പറയാനോ വിവാഹാന്വേഷണം നടത്തുന്ന സ്ത്രീയെ ആലോചന നടത്താനോ പാടില്ല.'

ഇമാം ബുഖാരി(റ) ഉദ്ധരിച്ച മറ്റൊരു ഹദീസിൽ നബി(സ) പറയുന്നു: 'ഒരാൾ വിവാഹാന്വേഷണം നടത്തുന്ന സ്ത്രീയെ അയാൾ ആലോചന ഉപേക്ഷിക്കുന്നതുവരെ വിവാഹാലോചന നടത്തരുത്.' (ബുഖാരി 4746) മറ്റൊരാൾ വിവാഹം ആലോചിക്കുന്നുണ്ടെന്നും വധുവിന്റെ രക്ഷിതാവിൽ നിന്ന് അനുകൂലമായ മറുപടിയുണ്ടെന്നും വിവാഹമന്വേഷിച്ചയാൾ പിന്മാറിയിട്ടില്ലെന്നുമെല്ലാം അറിവുണ്ടാകുമ്പോഴാണിത് നിഷിദ്ധമാകുന്നത്.

സൈനുദ്ദീൻ മഖ്ദൂം(റ) വിശദീകരിക്കുന്നു: 'വിവാഹാന്വേഷണം അനുവദനീയമായ ഒരാൾ (കറാഹത്ത് ആയിരുന്നാലും) ഒരു സ്ത്രീയെ വിവാഹാന്വേഷ

**ഒരു കക്ഷിയുടെ ന്യൂനത വെളിപ്പെടുത്താതെ അനഭിലഷണീയമായ ഒരു ആലോചന ഒഴിവായിപ്പോവില്ലെന്നു കണ്ടാൽ മാത്രമേ ന്യൂനതകൾ പറയാവൂ. ന്യൂനത വെളിപ്പെടുത്താതെ തന്നെ ആലോചന നിരസിക്കപ്പെടുമെന്നു കണ്ടാൽ ന്യൂനത പറയരുത്. 'അത് നമുക്ക് ചേരില്ല', 'നമുക്ക് മികച്ച മറ്റൊരു ആലോചനക്കായി കാത്തിരിക്കാം' തുടങ്ങിയ പ്രതികരണങ്ങളിൽ ചുരുക്കാം. അല്ലെങ്കിൽ കുറഞ്ഞതോതിൽ മാത്രം ന്യൂനത പറഞ്ഞ് ചുരുക്കാം.'**

ണം നടത്തുകയും വധുവിന്റെ രക്ഷിതാവിൽ നിന്ന് വ്യക്തമായ മറുപടി ലഭിക്കുകയും ചെയ്താൽ, വിവാഹമന്വേഷിച്ചവൻ ഭീഷണിയോ ലജ്ജയോ കൂടാതെ സമ്മതം നൽകുകയോ സ്വയം പിൻവാങ്ങുകയോ ചെയ്താലേ മറ്റൊരാൾക്ക് അവളെ വിവാഹമന്വേഷിക്കൽ അനുവദനീയമാവുകയുള്ളൂ. അല്ലാത്ത സാഹചര്യത്തിൽ, ഇക്കാര്യം അറിയുന്നവന്റെ അന്വേഷണം ഹറാമാണ്. കാല ദൈർഘ്യവും ദൂരയാത്രയുമെല്ലാം പിൻവാങ്ങിയതിന് ഉദാഹരണങ്ങളായെടുക്കാം.' (ഫത്ഹുൽ മുഈൻ 3/425) മറ്റൊരാൾക്ക് ബുദ്ധിമുട്ടുണ്ടാക്കുക എന്നതാണ് ഇത് നിഷിദ്ധമാകുന്നതിലെ യുക്തി. (ഇആനത്തു ത്വാലിബീൻ)

ഒന്നാമത് വിവാഹമാലോചിച്ച വ്യക്തി വ്യക്തമായ മറുപടി നൽകിയില്ലെങ്കിലും രണ്ടാമത് വിവാഹം ആലോചിച്ച വ്യക്തി ഇത് അറിഞ്ഞിട്ടില്ലെങ്കിലും വിവാഹമാലോചിച്ചതറിയുകയും മറുപടി നൽകിയത് അറിയാതിരിക്കുകയും ചെയ്താലും നിഷിദ്ധമാവുകയില്ല. (ഇആനത്തുത്വാലിബിൻ)

സ്ത്രീയുടെ ഇദ്ദ കാലഘട്ടത്തിലും വിവാഹാലോചന പാടില്ല. ഇക്കാലയളവിൽ വ്യക്തമായ പദം കൊണ്ട് വിവാഹാലോചന നടത്തൽ ഹറാമാണ്. ഭർത്താവിന്റെ മരണം, ത്വലാഖ്, ഫസ്ഖ് എന്നിങ്ങനെ ഏതു കാരണം കൊണ്ട് ഇദ്ദ ഇരിക്കുന്ന സ്ത്രീ ആണെങ്കിലും വ്യക്തമായ പദം കൊണ്ടാണെങ്കിൽ ഹറാമാകും. കർമശാസ്ത്ര പണ്ഡിതർ പറയുന്നു: 'മടക്കിയെടുക്കാവുന്നതോ അല്ലാത്തതോ ആയ ത്വലാഖ്, ഫസ്ഖ്, ഭർത്താവിന്റെ മരണം എന്നീ കാരണത്താൽ ഇദ്ദ ഇരിക്കുന്ന സ്ത്രീയെ വ്യക്തമായ വാക്ക് ഉപയോഗിച്ച് വിവാഹാലോചന നടത്തൽ ഹറാമാണ്.' (ഫത്ഹുൽമുഈൻ)

മടക്കിയെടുക്കാവുന്ന ത്വലാഖ് (റജ്ഇയ്യായ ത്വലാഖ്) അല്ലെങ്കിൽ സൂചനയായി പറയുന്നതിനു വിരോധമില്ല. മടക്കിയെടുക്കാവുന്ന ത്വലാഖിന്റെ ഇദ്ദയിൽ ഇരിക്കുന്ന, സ്ത്രീയെ വ്യക്തമായ വാക്യം കൊണ്ടോ സൂചനാവാക്യം കൊണ്ടോ വിവാഹാലോചന നടത്തൽ നിഷിദ്ധമാവാനുള്ള കാരണം, അവൾ മറ്റൊരാളുടെ ഭാര്യയുടെ ഹുക്മിലാണുള്ളത് എന്നതാണ്. മടക്കിയെടുക്കാവുന്ന ത്വലാഖിന്റെ ഇദ്ദയിലുള്ള സ്ത്രീയെ ഏതെങ്കിലും രൂപത്തിൽ ആദ്യബന്ധം തന്നെ നിലനിർത്തിക്കൊണ്ടുപോകാൻ പ്രേരിപ്പിക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്. അതിനാൽ പ്രസ്തുത കാലയളവിൽ മറ്റു ബന്ധങ്ങൾക്ക് പ്രേരണ സൂചനയിൽ പോലും ഉണ്ടാവാതിരിക്കാനാണിത്.

പൂർണമായി ത്വലാഖ് ചൊല്ലപ്പെട്ട് ഇദ്ദയിൽ കഴിയുന്ന സ്ത്രീയോട് അവ്യക്തമായി പറയുന്നതിന് കുഴപ്പമില്ല. അല്ലാഹു പറയുന്നു: '(ഇദ്ദയുടെ കാലഘട്ടത്തിൽ) ആ സ്ത്രീകളുമായുള്ള വിവാഹാലോചന നിങ്ങൾ പരോക്ഷമായി സൂചിപ്പിക്കുന്നതിൽ കുറ്റമില്ല.' (2/235)

കർമശാസ്ത്ര പണ്ഡിതർ വിശദീകരിക്കുന്നു: 'മടക്കിയെടുക്കാവുന്ന ത്വലാഖ് അല്ലെങ്കിൽ സൂചനയായി പറയൽ അനുവദനീയമാണ്. 'നീ അതിസുന്ദരി തന്നെ!', 'നിന്നെ ആശിക്കുന്നവർ ഏറെയുണ്ട്' എന്നീ പദങ്ങൾ അതിന് ഉദാഹരണമാണ്. (ഫത്ഹുൽമുഈൻ 3/425)

## കല്യാണം മുടക്കികൾ

ഇണയെ തെരഞ്ഞെടുക്കുമ്പോൾ വിവാഹം ഉറപ്പിക്കുന്നതിനു മുമ്പ് നന്നായി ആലോചിച്ചും അന്വേഷിച്ചും മാത്രമേ നാം തീരുമാനമെടുക്കാറുള്ളൂ. അത് അനിവാര്യവുമാണ്. ഒരു വ്യക്തിയെക്കുറിച്ച് വിവാഹമന്വേഷിക്കുന്നയാൾ അഭിപ്രായമാരാഞ്ഞാൽ എങ്ങനെയാണതിനു മറുപടി പറയേണ്ടതെന്ന് ഇസ്‌ലാം വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

ഫാത്വിമ ബിൻത് ഖൈസ്(റ) ഒരിക്കൽ നബി(സ)യോട് ചോദിച്ചു: 'നിശ്ചയം, മുആവിയയും അബൂജഹ്മും എന്നെ വിവാഹമാലോചിക്കുന്നു.' അതേക്കുറിച്ച് തിരുനബി(സ)യുടെ അഭിപ്രായം ആരായുകയായിരുന്നു അവർ. അപ്പോൾ നബി(സ) പറഞ്ഞു: 'അബൂജഹ്മ് പിരടിയിൽ നിന്ന് വടി നിലത്തു വയ്ക്കുകയില്ല. അഥവാ, അദ്ദേഹം നന്നായി അടിക്കുന്നവരാണ്, അല്ലെങ്കിൽ അധികം യാത്ര ചെയ്യുന്നയാളാണ്. മുആവിയ ദരിദ്രനാണ്.' (ഹദീസ്) ഈ സംഭവം വിവാഹത്തിനോ ഖൈറായ മറ്റു കാര്യങ്ങൾക്കോ വേണ്ടി ഒരാളെക്കുറിച്ചന്വേഷിക്കുമ്പോൾ ഉള്ളത് പറയണമെന്ന് ബോധിപ്പിക്കുന്നു. സദ്ഗുണങ്ങളും സ്വഭാവദൂഷ്യങ്ങളും നന്മ മാത്രം ഉദ്ദേശിച്ചുകൊണ്ടാണ് പറയേണ്ടത്. ഉള്ളത് പെരുപ്പിച്ചു പറയാനോ ഇല്ലാത്തവ നിർമ്മിച്ചു പറയാനോ പാടില്ല. നിലവിലുള്ള അവസ്ഥകളാണ് പറയേണ്ടത്.

സൈനുദ്ദീൻ മഖ്ദൂം(റ) പറയുന്നു: 'വിവാഹാന്വേഷണത്തിനു വേണ്ടിയോ പണ്ഡിതർ പോലുള്ളവരുമായി സഹവസിക്കാൻ വേണ്ടിയോ ആരെങ്കിലും അന്വേഷിച്ചാൽ പരസ്പര ഗുണകാംക്ഷ എന്ന നിലയിൽ ഗുണദോഷങ്ങൾ വെളിപ്പെടുത്തൽ നിർബന്ധമാണ്.' (ഫത്

ഹുൽമുഇൗൻ) ഒരു കക്ഷിയുടെ ന്യൂനത വെളിപ്പെടുത്താതെ അനഭിലഷണീയ മായ ഒരു ആലോചന ഒഴിവായിപ്പോവി ല്ലെന്നു കണ്ടാൽ മാത്രമേ ന്യൂനതകൾ പറയാവൂ. ന്യൂനത വെളിപ്പെടുത്താതെ തന്നെ ആലോചന നിരസിക്കപ്പെടുമെന്നു കണ്ടാൽ ന്യൂനത പറയരുത്. 'അത് നമുക്ക് ചേരില്ല', 'നമുക്ക് മികച്ച മറ്റൊരു ആലോ ചനക്കായി കാത്തിരിക്കാം' തുടങ്ങിയ പ്രതികരണങ്ങളിൽ ചുരുക്കാം. അല്ലെങ്കിൽ കുറഞ്ഞതോതിൽ മാത്രം ന്യൂനത പറഞ്ഞ് ചുരുക്കാം.' (ഇആനത്തുത്വാലിബീൻ) ഇങ്ങനെ പറയുന്നത് കുറ്റകരമായ ഗീബത് ആവുകയില്ല. ഗീബത്ത് പറയൽ അനുവ ദനീയമായ സ്ഥലങ്ങളിൽ പണ്ഡിതന്മാർ ഇതിനെ എണ്ണിയിട്ടുണ്ട്.

മുസ്‌ലിംകളുടെ ഗുണകാംക്ഷയാണ് ഇതിന്റെ ഉദ്ദേശ്യം. സ്വാർത്ഥ താല്പര്യ ങ്ങൾ പാടില്ല. നിലവിലുള്ള അവസ്ഥകൾ മാത്രമേ പറയാവൂ. അനുവദനീയമല്ലാ ത്തവ പറഞ്ഞ് കല്യാണം മുടക്കരുത്. അത് വലിയ ദ്രോഹമാണ്. സ്വന്തക്കാർക്ക് വിവാഹബന്ധം ശരിയാവാത്ത ഒരവസ്ഥ അനുഭവിക്കമ്പോൾ മാത്രമേ അതിന്റെ വേ ദന മനസ്സിലാവൂ.

ചില യുവതീയുവാക്കളുടെ വിവാ ഹമെന്ന സ്വപ്നം കേവലം ഒരു വാക്കു കൊണ്ടോ പരിഹാസച്ചുവയുള്ള ആംഗ്യം കൊണ്ടോ തല്ലിക്കെടുത്തുന്ന കല്യാണം മുടക്കികൾ ചില നാടുകളിൽ സജീവമാ ണ്. രാപകൽ വ്യത്യാസമില്ലാതെ കടത്തി ണ്ണയിലും മറ്റും നോക്കുകുത്തികളായിരുന്ന് നാട്ടിൽ കുഴപ്പങ്ങളുണ്ടാക്കുന്നതിലാണ് അവർക്ക് താത്പര്യം. നാട്ടുകാരുടെ കു റ്റവും കുറവും ചികഞ്ഞന്വേഷിച്ച് അത് പൊടിപ്പും തൊങ്ങലും വെച്ച് മറ്റുള്ളവർ ക്ക് മുമ്പിൽ അവതരിപ്പിക്കുന്നതിൽ ഇവർ ആനന്ദം കണ്ടെത്തുന്നു. ഇത്തരക്കാരുടെ വാക്കുകൊണ്ട് കല്യാണം മുടങ്ങിപ്പോയ ധാരാളം പേർ നമ്മുടെ ചുറ്റുവട്ടങ്ങളിലുണ്ട്. മക്കളുടെ കല്യാണം ശരിയാവാത്തതിന്റെ പേരിൽ കണ്ണീരുമായി നടക്കുന്ന രക്ഷിതാ ക്കളെയും കാണാം. അവരുടെ മനസ്സിന്റെ വേദനകൾക്കും കണ്ണുനീരിനും വലിയ വില നൽകേണ്ടിവരും.

എന്നാൽ, ഉള്ളത് പറഞ്ഞതിന്റെ പേ രിൽ കല്യാണം മുടങ്ങുന്നത് ശരീഅത്ത് പ്രശ്നമാക്കുന്നില്ല. അത് എതിർക്കപ്പെ ടേണ്ടതുമല്ല. വഴിവിട്ട ജീവിതം നയിക്കു മ്പോൾ പുതിയകാലത്തെ യുവതീയുവാ ക്കൾ നാട്ടുകാർ ഇത് കാണുന്നുണ്ടെന്ന് മനസ്സിലാക്കണം. തെമ്മാടിത്തങ്ങൾ ചെയ്തുകൂട്ടിയ ശേഷം തന്നെക്കുറിച്ച് ജന ങ്ങൾ നല്ലതു പറയണമെന്ന് ശഠിക്കുന്നത് വ്യാമോഹമാണ്.

ഫസ്റ്റ് എയ്ഡ്

# ഇടിമിന്നൽ: ജാഗ്രത പാലിക്കാം

- ഇടിമിന്നൽ സമയത്ത് തുറസ്സായ സ്ഥലങ്ങ ളിൽ നിന്ന് വീടിനകത്തേക്കോ മറ്റു കെട്ടിടങ്ങൾക്ക കത്തേക്കോ വാഹനത്തിനകത്തേക്കോ കയറിയി രിക്കുക.
- വൈദ്യുതി കടന്നുപോകുന്ന ടിവി, റഫ്രിജറേറ്റർ, വാഷിംഗ് മെഷീൻ, മിക്സി തുടങ്ങിയ ഇലക്ട്രോണി ക് ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുക.
- ഇൻഡോർ സ്ഥലങ്ങളിൽ എത്താൻ കഴിഞ്ഞി ല്ലെങ്കിൽ മരം, ഇലക്ട്രിക് പോസ്റ്റ്, ടവർ തുടങ്ങിയ ഉയർന്നുനിൽക്കുന്ന വസ്തുക്കളിൽനിന്ന് അകലം പാലിക്കുക.
- കൂട്ടം കൂടി നിൽക്കുന്നതിനു പകരം നിശ്ചിതഅ കലം പാലിച്ചു നിൽക്കുകയോ ക്രോച്ചിംഗ്പൊസിഷ നിൽ ഇരിക്കുകയോ ചെയ്യുക.
- ഇടിമിന്നൽ കണ്ട ഉടൻ ഇടിയുടെ ശബ്ദവും കേൾക്കുകയാണെങ്കിൽ 30 മിനുറ്റ് സമയമെങ്കി ലും സുരക്ഷിതമായ ഇൻഡോർ സ്ഥലങ്ങളിൽ ഇരിക്കുക.
- കാറിലോ മറ്റു വാഹനങ്ങൾക്കകത്തോ ആണെ ങ്കിൽ മെറ്റൽ ഭാഗങ്ങളിൽ സ്പർശിക്കാതിരിക്കുക.
- ചാർജ്ജിംഗിൽ അല്ലാതിരിക്കുമ്പോൾ മൊ ബൈൽ ഫോൺ വഴി മിന്നൽ ഏൽക്കാൻ സാധ്യത കുറവാണ്. എങ്കിലും, ഉപയോഗിക്കാതിരിക്കുന്നതാ ണ് അഭികാമ്യം.
- മിന്നലേറ്റാൽ ഗുരുതരമായ പരിക്കുകൾ ഉണ്ടാ കാമെങ്കിലും ചിലർ ചെറിയ പൊള്ളലോടെ രക്ഷ പ്പെടാറുണ്ട്. അങ്ങനെയാകുമ്പോൾ, പൊള്ളലേറ്റ ഭാഗത്ത് 20 മിനിറ്റ് നേരം തണുത്ത വെള്ളം ഒഴിക്കു കയും നനഞ്ഞ തുണി കൊണ്ട് മറച്ച് ആശുപത്രി യിൽ എത്തിക്കുകയും ചെയ്യുക.
- ഇടിമിന്നലേറ്റു വീണ വ്യക്തിയുടെ ശ്വാസോ ച്ഛ്വാസവും നാഡിമിടിപ്പും നിലച്ചിട്ടുണ്ടെങ്കിൽ ഉടൻ തന്നെ സി.പി.ആർ നൽകുക.
- ഇടിമിന്നലേറ്റ് തെറിച്ചു വീണിട്ടുണ്ടെങ്കിൽ ശരീ രത്തിൽ ക്ഷതമോ അസ്ഥിഭംഗമോ സംഭവിക്കാനി ടയുണ്ട്. ഡോക്ടറെ സമീപിക്കുമ്പോൾ അക്കാര്യം പ്രത്യേകം ഉണർത്തണം.

മുഹമ്മദ് പാറന്നൂർ



# റസൂലുല്ലാഹിക്കൊരു കത്ത്

ഉമ്മുൽഫള്‌ലിന്റെയും ഞങ്ങളുടെയും ആത്മഹർഷത്തിന് ദീർഘായുസ്സുണ്ടായില്ല. റസൂലുല്ലാഹിയുടെ സന്നിധിയിൽ നിന്ന് സത്യസാക്ഷ്യവചനം ഉരുവിട്ടതാണെങ്കിലും മക്കയിൽ കൂട്ടുകാർക്കിടയിലെത്തിയപ്പോൾ അതുറക്കെ പറയാൻ അബ്ബാസിനു മടി. ഖുറൈശീനേതാക്കളിൽ അവശേഷിക്കുന്നവരുമായി അദ്ദേഹം സമ്പർക്കം പുലർത്തുകയും അവരുടെ ചർച്ചകളിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. എന്നാൽ റസൂലുല്ലാഹിയെ ആക്ഷേപിക്കുകയോ ആക്ഷേപിക്കുന്ന സദസ്സുമായി സഹകരിക്കുകയോ ചെയ്തിരുന്നില്ല.

ബദ്റിലെ പരാജയത്തിനുശേഷം മക്കയിലെ അവസ്ഥയൊക്കെ തകിടം മറിഞ്ഞിരിക്കുകയാണല്ലോ. മിക്ക വീടുകളിൽ നിന്നും കുടുംബങ്ങളിൽ നിന്നും ഒരാളെങ്കിലും കൊല്ലപ്പെട്ടുപോയിട്ടുണ്ട്. അവരെച്ചൊല്ലിയുള്ള വിലാപങ്ങളാണെങ്ങും. റസൂലുല്ലാഹിയോടും അനുയായികളോടുമുള്ള പകയൊതുക്കാൻ കഴിയാതെ ഉഴറി നടക്കുകയാണ് പലരും. ജനങ്ങളുടെ ദുഃഖങ്ങൾ മുതലെടുത്ത് പകയൂതിക്കത്തിക്കുന്ന തിരക്കിലാണ് ചിലർ. അബൂസുഫ്‌യാന്റെ ഭാര്യയായ ഹിന്ദിനെപ്പോലുള്ള ചില പെണ്ണുങ്ങളുമുണ്ട് അക്കൂട്ടത്തിൽ. എന്നാൽ സഹോദരീ ഭർത്താവായ അബ്ബാസ് അതിലൊന്നും ഒട്ടും താൽപര്യം കാണിക്കുന്നില്ലെന്നു മനസ്സിലായപ്പോൾ ഞങ്ങൾ

**ബദ്റിലെ പരാജയത്തിനുശേഷം മക്കയിലെ അവസ്ഥയൊക്കെ തകിടം മറിഞ്ഞിരിക്കുകയാണല്ലോ. മിക്ക വീടുകളിൽ നിന്നും കുടുംബങ്ങളിൽ നിന്നും ഒരാളെങ്കിലും കൊല്ലപ്പെട്ടുപോയിട്ടുണ്ട്. അവരെച്ചൊല്ലിയുള്ള വിലാപങ്ങളാണെങ്ങും. റസൂലുല്ലാഹിയോടും അനുയായികളോടുമുള്ള പകയൊതുക്കാൻ കഴിയാതെ ഉഴറി നടക്കുകയാണ് പലരും.**



ക്ക് ആശ്വാസമായി.

ബദ്റിലെ കനത്ത തോൽവി കഴിഞ്ഞ് ഒരു കൊല്ലം തികഞ്ഞപ്പോഴേക്കും റസൂലുല്ലാഹിയോട് പകരം വീട്ടാനുള്ള ഒരു വൻപട ഒരുങ്ങിക്കഴിഞ്ഞിരുന്നു. മൂവ്വായിരത്തോളം അംഗങ്ങളുള്ള പടയാണ് പുറപ്പെടുന്നതെന്നറിഞ്ഞപ്പോൾ ഞെട്ടിപ്പോയി. ഇക്കുറി തകർത്തു തരിപ്പണമാക്കിയേ തിരിച്ചുപോരുകയുള്ളൂ എന്ന വീരവാദങ്ങളാണെങ്ങും മുഴങ്ങിക്കേൾക്കുന്നത്. അതു കേൾക്കുമ്പോൾ നെഞ്ചിടിപ്പ് വർദ്ധിക്കാതിരിക്കുന്നതെങ്ങനെ?

ഖുറൈശികളുടെ ഒരുക്കത്തെക്കുറിച്ചൊക്കെ അബ്ബാസ് ഭാര്യ ഉമ്മുൽഫള്ലിനോട് പറയും. ഉമ്മുൽഫള്ൽ ആ വർത്തമാനങ്ങളൊക്കെ ഞങ്ങളുമായി പങ്കുവെക്കും. കണക്കില്ലാത്തത്ര സമ്പത്ത് വാരിക്കോരി ചെലവഴിച്ചാണത്രേ ആയുധങ്ങളും വാഹനങ്ങളും സജ്ജീകരിക്കുന്നത്. അബൂസുഫ്യാനാണത്രെ പടനായകൻ. എല്ലാ കുടുംബത്തിൽ നിന്നും നിർബന്ധമായിത്തന്നെ വൻസമ്പത്ത് പിരിച്ചെടുത്തിട്ടുണ്ട് യുദ്ധച്ചെലവിലേക്കായി. ആ പിരിവിൽ നിന്ന് ഞങ്ങളുടെ കുടുംബത്തിനും ഒഴിഞ്ഞുമാറാൻ കഴിഞ്ഞിട്ടുണ്ടാവില്ലെന്നുറപ്പാണ്. ഏതായാലും മക്കയിൽനിന്നുള്ള സൈന്യത്തിന്റെ പുറപ്പാടിനുള്ള ദിവസം അടുക്കുംതോറും അബ്ബാസ് കൂടുതൽ അസ്വസ്ഥനായിരുന്നുവെന്നാണ് സഹോദരിയിൽ നിന്നറിഞ്ഞത്. അതിന്റെ കാരണമെന്താണെന്ന് വ്യക്തമല്ലെങ്കിലും ചിലതൊക്കെ ഊഹിക്കാൻ കഴിഞ്ഞു; ഉള്ളാലെ റസൂലുല്ലാഹിയുടെ അനുയായിയാണല്ലോ അദ്ദേഹം. അതുകൊണ്ട് മക്കക്കാർ ഒന്നടങ്കം പോയി യസ്രിബ് തകർത്ത് റസൂലുല്ലാഹിയോട് പ്രതികാരം വീട്ടുന്നതോർക്കുമ്പോഴുള്ള പ്രയാസമായിരിക്കും. സഹോദരപുത്രനെ ഇവർ വധിച്ചു കളയുമോ എന്ന വേവലാതിയായിരിക്കും. ഏതായാലും ഇക്കുറി അദ്ദേഹം സൈന്യത്തോടൊപ്പം പുറപ്പെടുന്നില്ലെന്നു കേട്ടപ്പോൾ ഞങ്ങൾക്കെല്ലാം വല്ലാത്തൊരു ആശ്വാസമാണ് അനുഭവപ്പെട്ടത്.

**ഖുറൈശികളുടെ ഒരുക്കത്തെക്കുറിച്ചൊക്കെ അബ്ബാസ് ഭാര്യ ഉമ്മുൽഫള്ലിനോട് പറയും. ഉമ്മുൽ ഫള്ൽ ആ വർത്തമാനങ്ങളൊക്കെ ഞങ്ങളുമായി പങ്കുവെക്കും. കണക്കില്ലാത്തത്ര സമ്പത്ത് വാരിക്കോരി ചെലവഴിച്ചാണത്രേ ആയുധങ്ങളും വാഹനങ്ങളും സജ്ജീകരിക്കുന്നത്. അബൂസുഫ്യാനാണത്രെ പടനായകൻ. എല്ലാ കുടുംബത്തിൽ നിന്നും നിർബന്ധമായിത്തന്നെ വൻസമ്പത്ത് പിരിച്ചെടുത്തിട്ടുണ്ട് യുദ്ധച്ചെലവിലേക്കായി.**

അങ്ങനെ മക്കയിൽ നിന്ന് പടകൂട്ടി അവർ പുറപ്പെട്ടു. പിന്നെ ഉണ്ടായതൊന്നും ഇവിടെ പറയേണ്ടതില്ലല്ലോ. ഉഹ്ദ്മലയുടെ താഴ്‌വരയിൽ വച്ചാണ് ഇരുസൈന്യവും ഏറ്റുമുട്ടിയത്. ഘോരമായ സംഘട്ടനത്തിന്റെ ആദ്യഘട്ടത്തിൽ ബദ്റിലെപ്പോലെ തന്നെ മക്കയിൽ നിന്നുപോയ പടയണി തോറ്റോടിയത്രേ. പക്ഷേ അങ്ങനെയങ്ങു പിന്മാറാൻ തയ്യാറല്ലാത്ത ചില ചെറുപ്പക്കാർ - ഖാലിദുബ്നു വലീദും ഇക്‌രിമയും മറ്റും - തക്കം

പാർത്തു നടന്ന് ഉഹ്ദുമലയുടെ മറുപുറത്തു കൂടി കുതിരകളെ പായിച്ച് മുസ്‌ലിംകളെ പിന്നിലൂടെ ആക്രമിച്ചുവത്രേ.

വിജയത്തിന്റെ ആനന്ദത്തിൽ വിശ്രമത്തിലമർന്ന മുസ്‌ലിംസൈന്യം അപ്രതീക്ഷിതമായുള്ള ആക്രമത്തിൽ പതറിപ്പോയത്രേ. റസൂലുല്ലാഹിയെ വധിക്കാൻ ഖുറൈശീയുവാക്കൾ പതിനെട്ടടവും പയറ്റിയത്രേ. അതിനിടെ മുഹമ്മദ് കൊല്ലപ്പെട്ടെന്ന പ്രചാരണവും ഉണ്ടായത്രെ! അങ്ങനെ മക്കയിൽ നിന്ന് പുറപ്പെട്ട ഖുറൈശിപ്പട വിജയം വരിച്ചുവെന്നാണ് പറയുന്നത്. പക്ഷേ, വലിയൊരു വിജയത്തിന്റെ ആഹ്ലാദമൊന്നും സേനാനായകനായ അബൂസുഫ്‌യാനും കൂട്ടാളികൾക്കും ഉണ്ടായിരുന്നില്ല. അവരുടെ മുഖത്തൊക്കെ ഒരു തരം നിരാശയാണ് കാണാൻ കഴിഞ്ഞത്. ആ വിജയത്തിന്റെ പേരിൽ മക്കയിൽ വലിയ ആഘോഷമൊന്നും കണ്ടതുമില്ല. അബ്ബാസാവട്ടെ, അതിലൊന്നും ഒരു താൽപര്യവും കാണിക്കാതെ നിസ്സംഗഭാവത്തിലായിരുന്നു താനും.

ഇടയ്ക്ക് പറയട്ടെ, പിന്നീട് ഞങ്ങൾക്കറിയാൻ കഴിഞ്ഞു; അദ്ദേഹത്തിന്റെ മനസ്സ് ഉഹ്ദുയുദ്ധവേളയിൽ റസൂലുല്ലാഹിക്കൊപ്പമായിരുന്നെന്ന്. അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ യസ്‌രിബിനെ തകർക്കാൻ വൻയുദ്ധസന്നാഹം നടക്കുമ്പോൾ അദ്ദേഹം അസ്വസ്ഥനായിരുന്നു. ഈ വൻപട അവിടെയെത്തുമ്പോൾ ശക്തമായ പ്രതിരോധം തീർത്തില്ലെങ്കിൽ അതൊരുപക്ഷേ സഹോദരപുത്രന്റെയും ഇസ്‌ലാമിന്റെയും അന്ത്യം കുറിച്ചേക്കുമെന്ന്. അത്രയും വലിയൊരു പടയാണ് വരുന്നതെന്ന് സഹോദരപുത്രൻ അറിയുന്നില്ലല്ലോ. ആ വിവരമറിയിക്കാൻ അദ്ദേഹം അതിരഹസ്യമായി ഒരാളെ കണ്ടെത്തി. അതിശീഘ്രം കുതിരയെ ഓടിക്കാൻ കഴിയുന്ന ഒരു ചെറുപ്പക്കാരൻ. മക്കയിൽനിന്നു പുറപ്പെടുന്ന സൈന്യത്തിന്റെ കൃത്യമായ കണക്കും അവരിലെ കുതിരപ്പടയാളികളുടെയും ലോഹകവചമണിഞ്ഞവരുടെയും ഒട്ടകങ്ങളുടെയുമൊക്കെ കൃത്യമായ എണ്ണവും ആ കത്തിൽ കുറിച്ചിരുന്നുവത്രേ. അവരെ പ്രതിരോധിക്കാനാവശ്യമായ ഒരുക്കങ്ങൾ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. വെറും മൂന്നു ദിവസം കൊണ്ടാണത്രേ ആ കുതിരസവാരിക്കാരൻ കത്തുമായി യസ്‌രിബിലെത്തിയത്. പ്രത്യേക മുദ്ര പതിപ്പിച്ച ആ കത്ത് സമയത്തിനു തന്നെ റസൂലുല്ലാഹിയുടെ കൈകളിലെത്തുകയും ചെയ്തു. അതുകൊണ്ട് മക്കയിൽ നിന്ന് പുറപ്പെട്ടുകഴിഞ്ഞ പട യസ്‌രിബിലെത്തുന്നതിനു മുമ്പ് പരമാവധി പടയൊരുക്കം നടത്താൻ റസൂലുല്ലാഹിക്കും കൂട്ടുകാർക്കും കഴിയുകയും ചെയ്തു. റസൂലുല്ലാഹിയോട് അത്രയും കൂറും സ്നേഹവുമുള്ളതു കൊണ്ടാണല്ലോ അബ്ബാസ് ഈ സാഹസത്തിനു മുതിർന്നത്. ഈ വിവരമെങ്ങാനും ഖുറൈശികൾ അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തിന്റെ തല തെറിക്കുമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. തിരുമുമ്പിൽവെച്ച് വിശ്വാസം പ്രഖ്യാപിച്ചിട്ടും വീണ്ടും ഖുറൈശികളുടെ കൂടെ നടന്നതിന്റെ പൊരുളും അതുവഴിയുണ്ടായ പ്രയോജനങ്ങളും പിന്നീടാണല്ലോ ഞങ്ങൾക്കെല്ലാം തിരിച്ചറിയാൻ കഴിഞ്ഞത്.

ഇങ്ങനെ കഥകൾ പലതുണ്ട് പറയാൻ. ഉഹ്ദിൽ ആ ഹിന്ദ് കാട്ടിക്കൂട്ടിയ കൊടുംക്രൂരതകൾ അദ്ദേഹത്തെ മാത്രമല്ല; ഞങ്ങളെയെല്ലാം കരയിച്ചുകളഞ്ഞല്ലോ. അബ്ബാസിന്റെ അനിയനായ ഹംസയോട് ആ സ്ത്രീ കാണിച്ച ക്രൂരത! ഹോ! അതിഭയങ്കരം തന്നെയായിരുന്നു. ഒരു പെണ്ണിന് ഇത്രയും ക്രൂരത കാണിക്കാൻ കഴിയുന്നല്ലോ എന്ന് ഞങ്ങളൊക്കെ മൂക്കിൻതുമ്പരത്ത് വിരൽവെച്ച് പറഞ്ഞുപോയിട്ടുണ്ടന്ന്. ഹംസയുടെ മാറിടം കുത്തിപ്പൊളിച്ച് കരൾ പുറത്തെടുത്ത് ചവച്ചുതുപ്പുകയും കുറെ ഭാഗം വിഴുങ്ങുകയും ചെയ്തുവത്രേ അവൾ. എന്നു മാത്രമല്ല;

**ഉഹ്ദിൽ ആ ഹിന്ദ് കാട്ടിക്കൂട്ടിയ കൊടുംക്രൂരതകൾ അദ്ദേഹത്തെ മാത്രമല്ല; ഞങ്ങളെയെല്ലാം കരയിച്ചുകളഞ്ഞല്ലോ. അബ്ബാസിന്റെ അനിയനായ ഹംസയോട് ആ സ്ത്രീ കാണിച്ച ക്രൂരത! ഹോ! അതിഭയങ്കരം തന്നെയായിരുന്നു. ഒരു പെണ്ണിന് ഇത്രയും ക്രൂരത കാണിക്കാൻ കഴിയുന്നല്ലോ എന്ന് ഞങ്ങളൊക്കെ മൂക്കിൻതുമ്പരത്ത് വിരൽവെച്ച് പറഞ്ഞുപോയിട്ടുണ്ടന്ന്. ഹംസയുടെ മാറിടം കുത്തിപ്പൊളിച്ച് കരൾ പുറത്തെടുത്ത് ചവച്ചുതുപ്പുകയും കുറെ ഭാഗം വിഴുങ്ങുകയും ചെയ്തുവത്രേ അവൾ.**

അദ്ദേഹത്തിന്റെ മൂക്കും ചെവിയും ചില ശരീരഭാഗങ്ങളും അറുത്തെടുത്ത് മാല കോർത്ത് കഴുത്തിലണിഞ്ഞ് യുദ്ധക്കളത്തിൽ നൃത്തം ചവിട്ടിയത്രെ! വല്ലാത്തൊരു രൗദ്രഭാവം തന്നെ!

ഇതൊക്കെ അറിഞ്ഞപ്പോൾ അബ്ബാസ് അനുഭവിച്ച മനോവേദന എത്ര തീവ്രമായിരിക്കും! എന്നിട്ടും എല്ലാം ഉള്ളിലൊതുക്കിക്കഴിയുകയായിരുന്നു അദ്ദേഹം. മക്കയിൽ താമസിച്ചുകൊണ്ട് കണ്ണീരൊഴുക്കാൻ പോലും കഴിയാതെ കഴിയുകയായിരുന്നല്ലോ ഞങ്ങളും.

യസ്‌രിബിലെ വാർത്തകൾ പലതും മക്കയിൽ എത്തിക്കൊണ്ടിരുന്നു. ഉഹ്ദിയിലെ പരാജയത്തിനുശേഷം അവർ മുന്നേറിക്കൊണ്ടിരിക്കുകയാണെന്ന്, പരിസരപ്രദേശങ്ങളിലെ ഗോത്രങ്ങൾ പലതും റസൂലുല്ലാഹിക്ക് വിധേയപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന്, ശല്യമുണ്ടാക്കുന്ന ജൂതരെ അവിടെനിന്ന് പുറം തള്ളിക്കൊണ്ടിരിക്കുകയാണെന്ന്. അങ്ങനെ മാസങ്ങളും കൊല്ലങ്ങളും കഴിഞ്ഞുപോയി. അങ്ങനെ കഴിയവെ മക്കയിൽ വീണ്ടും പടയൊരുക്കം തുടങ്ങിയെന്നു കേട്ടു. യസ്‌രിബിനെ തകർക്കാൻ പുതിയൊരു സഖ്യസേന ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നുവത്രെ! (തുടരും)

? ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# കാതുകുത്തും മൂക്കുകുത്തും

***ചോദ്യം: 'റളിയല്ലാഹു', 'റഹിമഹുല്ലാഹ്', 'ഖദ്ദസല്ലാഹു സിർറഹു' തുടങ്ങിയ പ്രയോഗങ്ങൾ ആർക്കൊക്കെ എപ്പോഴൊക്കെ ഉപയോഗിക്കണമെന്ന് ഇമാമുകൾ വിശദീകരിച്ചിട്ടുണ്ടോ? എല്ലാ മഹാന്മാർക്കും ഇങ്ങനെ പ്രയോഗിക്കാമോ?***

**ഉത്തരം:** ഇമാം നവവി(റ) എഴുതുന്നു: സ്വഹാബികൾ, താബിഉകൾ, അവർക്ക് ശേഷമുള്ള ആലിമുകൾ, ആബിദുകൾ മറ്റു മഹാന്മാർ എല്ലാവർക്കും തർളിയ്യത്തും തറഹുമും ചൊല്ലൽ സുന്നത്തുണ്ട്. 'റളിയല്ലാഹു അൻഹു' എന്നോ 'റഹിമഹുല്ലാഹു' എന്നോ തത്തുല്യമായ വാക്യങ്ങളോ പറയേണ്ടതാണ്. 'റളിയല്ലാഹു അൻഹു' എന്നത് സ്വഹാബികൾക്ക് പ്രത്യേകമായതാണ് എന്നും മറ്റുള്ളവർക്ക് 'റഹിമഹുല്ലാഹ്' എന്നാണ് പറയേണ്ടതെന്നും ചിലർ പറഞ്ഞിട്ടുണ്ടെങ്കിലും അത് പ്രബലമല്ല. (അൽഅദ്കാർ-92, ശറഹുൽ മുഹദ്ദബ്-6/172)

***ചോദ്യം: കാത് കുത്തുന്നതിന്റെ ഇസ്‌ലാമിക വിധിയെന്താണ്? സ്ത്രീകൾക്കും പുരുഷന്മാർക്കും ഇത് അനുവദനീയമാണോ? ഇക്കാര്യവുമായി ബന്ധപ്പെട്ട ഹദീസുകൾ ഉണ്ടോ? മൂക്ക് കുത്തുന്നതിനും ഇതേ വിധിയാണോ? വിശദമായ മറുപടി പ്രതീക്ഷിക്കുന്നു.***

**ഉത്തരം:** കാത് കുത്തുന്നതിനെക്കുറിച്ച് ഇസ്‌ലാമിക കർമ്മശാസ്ത്രത്തിൽ വ്യത്യസ്ത വീക്ഷണങ്ങളുണ്ട്. ആൺകുട്ടിയിലും പെൺകുട്ടിയിലും അത് അനുവദനീയമല്ലെന്നും രണ്ടിലും അനുവദനീയമാണെന്നും പെൺകുട്ടിയുടെ കാതുകുത്തൽ അനുവദനീയമാണെന്നും ആൺകുട്ടിയുടെ കാതുകുത്തൽ അനുവദനീയമല്ലെന്നുമൊക്കെയുള്ള വീക്ഷണങ്ങളുണ്ട്. ഇമാം ഗസ്സാലി(റ), ഇമാം ഖത്വീബുശ്ശിർബീനി(റ) തുടങ്ങിയവർ അത് അനുവദനീയമല്ലെന്ന വീക്ഷണം സ്വീകരിച്ചവരാണ്. ഇഹ്‌യാഉലൂമുദ്ദീനിലും മുഗ്നിൽമുഹ്താജിലും ഇതാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആൺകുട്ടിയിലും പെൺകുട്ടിയിലും കാതുകുത്തൽ അനുവദനീയമാണെന്നതാണ് പ്രബലമെന്ന് ഇമാം റംലി(റ) നിഹായ 8/34 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

അതേസമയം, വിഷയസംബന്ധമായ വിവിധ അഭിപ്രായങ്ങൾ ഉദ്ധരിച്ചതിനുശേഷം ഇമാം ഇബ്നുഹജർ(റ) എഴുതുന്നു: മൂക്കുകുത്തൽ നിരുപാധികം ഹറാമാണ്. വേദനയാക്കി ചെയ്യേണ്ടുന്ന ഒരു സൗന്ദര്യപ്രശ്നം അതിൽ ഇല്ലെന്നാണ് പൊതുസ്വഭാവം. എന്നാൽ, കാതുകുത്തൽ അങ്ങനെയല്ല. സ്ത്രീകൾക്ക് അതൊരു ഭംഗിയാണ്. ശാഫിഈ മദ്ഹബിലെ തത്വങ്ങൾ അനുസരിച്ച് പെൺകുട്ടിയുടെ കാതുകുത്തൽ തെറ്റല്ല. പഴയകാലത്തും പുതിയകാലത്തുമെല്ലാം കാതുകുത്തി ആഭരണം ധരിക്കുന്നത് സ്ത്രീകൾക്ക് ഭംഗിയായി കണക്കാക്കപ്പെടുന്നു. ഗൗരവ സ്വഭാവത്തിലുള്ള വേദന അതിലില്ലതാനും. അതിനാൽ, പെൺകുട്ടികളുടെ കാതുകുത്തൽ അനുവദനീയമാണ്. എന്നാൽ, ആൺകുട്ടിയുടെ കാതുകുത്തൽ അനുവദനീയമല്ല. പെൺകുട്ടിയിൽ ഉള്ളതുപോലുള്ള ആവശ്യം ആൺകുട്ടിയിലില്ല. ആൺകുട്ടിയുടെ കാതുകുത്തി കമ്മലിടൽ ഒരു ഭംഗിയായി പൊതുവെ കണക്കാക്കപ്പെടാറുമില്ല. (തുഹ്ഫ 9/195-196)

കാതുകുത്തലുമായി ബന്ധപ്പെട്ട ചില ഹദീസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇബ്നുഅബ്ബാസ്(റ) കുട്ടികളുമായി ബന്ധപ്പെട്ട ഏഴു നബിചര്യകൾ ഉദ്ധരിച്ച കൂട്ടത്തിൽ കാതുകുത്തലുമുണ്ട്. ഇമാം ത്വബ്റാനി(റ) പ്രസ്തുത ഹദീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (അൽമുഅ്ജമുൽ ഔസത്വ് - 558) ഇമാം ഇബ്നുഹജർ(റ) തുഹ്ഫയിലും ഇമാം റംലി(റ) നിഹായയിലും അത് ഉദ്ധരിച്ചിരിക്കുന്നു. നബി(സ)യുടെ കാലത്തും സ്ത്രീകളുടെ കാതുകളിൽ ആഭരണങ്ങളുണ്ടായിരുന്നതായി നിരവധി ഹദീസുകളിലുണ്ട്.

***ചോദ്യം: നഖം മുറിക്കൽ ഏതു ദിവസവും ആകാമെന്നും പ്രത്യേക ദിവസമില്ലെന്നും ഒരു ഓൺലൈൻ ക്ലാസിൽ കേട്ടു. ശരിയാണോ? വ്യാഴാഴ്ച ഉച്ചതിരിഞ്ഞതു മുതൽ വെള്ളിയാഴ്ച ജുമുഅക്കു മുമ്പു വരെയുള്ള സമയമാണല്ലോ ഇതിനു നാം തെരഞ്ഞെടുക്കാറുള്ളത്. ഈ സമയം തിരഞ്ഞെടുക്കുന്നതിന് പ്രാധാന്യമില്ലേ?***

**ഉത്തരം:** നഖം മുറിച്ചും മറ്റും ജുമുഅക്കു വേണ്ടി ഒരുങ്ങൽ സുന്നത്താണെന്നും വ്യാഴാഴ്ചയോ വെള്ളിയാഴ്ച പ്രഭാതത്തിലോ നഖം മുറിക്കൽ സുന്നത്താണെ



ന്നും കർമശാസ്ത്ര ഇമാമുകൾ വ്യക്തമാക്കിയിട്ടുണ്ട്. (തുഹ്ഫ 2/476, ഫത്ഹുൽമുഈൻ 145) നഖം മുറിക്കുന്നതിനു വ്യാഴാഴ്ചയും വെള്ളിയാഴ്ച പ്രഭാതവും തെരഞ്ഞെടുക്കുന്നതിൽ പ്രാധാന്യമുണ്ടെന്ന് മേൽ ഉദ്ധരണിയിൽ നിന്ന് വ്യക്തമാണല്ലോ.

എന്നാൽ, നഖം വെട്ടൽ നിശ്ചിത ദിവസങ്ങളിലേ പറ്റൂ; മറ്റു ദിവസങ്ങളിൽ പറ്റില്ലെന്ന നിയമമില്ലെന്നാണ് പറഞ്ഞിട്ടുള്ളതെങ്കിൽ അത് ശരിയാണ്.

***ചോദ്യം: ഒരാൾ മറ്റൊരാൾക്ക് 8 പവൻ സ്വർണം, അല്ലെങ്കിൽ ഒരു ലക്ഷം രൂപ കടമായി നൽകി. കടം നൽകിയ വ്യക്തി പറയുന്നു: '60 സെന്റ് ഭൂമി വില്പന നടത്തിയാണ് ഞാൻ ആ സ്വർണ്ണം/പണം നൽകിയത്. അതിനാൽ എനിക്ക് 60 സെന്റ് ഭൂമിയോ അതിനുള്ള പണമോ തിരിച്ചു നൽകണം.' അദ്ദേഹം പറഞ്ഞത് സത്യമാണെങ്കിൽ കടം വാങ്ങിയവൻ 60 സെന്റ് ഭൂമിക്കുവേണ്ട പണം തിരിച്ചു നൽകേണ്ടതുണ്ടോ? അതല്ലെങ്കിൽ അദ്ദേഹം കൈപ്പറ്റിയ സ്വർണം/സംഖ്യ തിരിച്ചുനൽകിയാൽ മതിയാകുമോ?***

**ഉത്തരം:** 8 പവൻ സ്വർണമാണ് കടം വാങ്ങിയതെങ്കിൽ 8 പവൻ സ്വർണം തിരിച്ചുനൽകിയാൽ മതിയാകുന്നതാണ്. അപ്രകാരം തന്നെ ഒരു ലക്ഷം രൂപയാണ് കടം വാങ്ങിയതെങ്കിൽ അത് തിരിച്ചുനൽകിയാൽ മതിയാകുന്നതാണ്. ആ 8 പവന്നോ ഒരു ലക്ഷം രൂപയ്ക്കോ വേണ്ടി അദ്ദേഹം വിൽപ്പന നടത്തിയ ഭൂമിയുടെയോ മറ്റോ ബാധ്യത കടം വാങ്ങിയ വ്യക്തിക്കില്ല.

***ചോദ്യം: അറബിയല്ലാത്ത ഭാഷയിൽ ഖുതുബ ഓതുന്നത് ശരിയല്ലെന്നാണല്ലോ. എന്നാൽ അറബിയിൽ പറഞ്ഞ് അതിന്റെ ആശയം മലയാളത്തിൽ വിശദീകരിക്കുന്നതും ശരിയല്ലെന്നുണ്ടോ?***

**ഉത്തരം:** ജുമുഅ ഖുതുബ പൂർണ്ണമായും അറബിഭാഷയിലായിരിക്കണം. നബി(സ) പഠിപ്പിച്ചിട്ടുള്ളതും അവിടുത്തെ കാലം മുതൽ ആയിരം വർഷക്കാലം മുസ്‌ലിംലോകത്ത് സർവ്വാംഗീകൃതമായി നടന്നുപോന്നിട്ടുള്ളതും അങ്ങനെയാണ്. അതിനു വിരുദ്ധമായി അറബിയല്ലാത്ത ഭാഷയിൽ ഖുതുബ നിർവഹിക്കുന്നത് ശരിയല്ല. അറബിയും മലയാളവുമായി രണ്ടു ഭാഷയിൽ ഖുതുബ നിർവഹിക്കുന്നതും ശരിയല്ല. ഖുതുബയുടെ നിർബന്ധഘടകങ്ങളല്ലാത്ത ഭാഗങ്ങൾ പോലും അനറബിയിൽ കൊണ്ടുവന്നാൽ അത് 'ലഗ്‌വ്' ആണെന്നും ലാ 'യുജ്സിഉ' / 'ലാ യുഅദ്ദു' അഥവാ അത് ഖുതുബയിൽ എണ്ണപ്പെടുകയില്ലെന്നും പരിഗണിക്കപ്പെടുകയില്ലെന്നുമെല്ലാം കർമ്മശാസ്ത്ര ഇമാമുകൾ പറഞ്ഞിട്ടുണ്ട്. ഹാശിയതുൽ ജമൽ, ഹാശിയതുൽ ബുജൈരിമി തുടങ്ങിയവയിലെല്ലാം ഇത് കാണാവുന്നതാണ്. ഖുതുബയായി പരിഗണിക്കപ്പെടണമെങ്കിൽ ഖുതുബയുടെ ഏതുഭാഗവും അറബിഭാഷയിലായിരിക്കണമെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാണ്. അതിനാൽ ഖുതുബയുടെ ഒരു ഭാഗവും അറബിയല്ലാത്ത ഭാഷയിൽ നിർവഹിക്കുന്നത് ശരിയല്ല.

***ചോദ്യം: ഉമ്മ ജീവിതകാലത്ത് തന്റെ ആഭരണങ്ങളിൽ പലതും പെൺമക്കൾക്ക് നൽകിയിരുന്നു. ഉമ്മയുടെ ഭൂമി വിറ്റുകിട്ടിയ പണവും ഉമ്മയുടെ നിർദ്ദേശപ്രകാരം ഒരു മകൾക്ക് വീടുവെക്കാൻ നൽകിയിരുന്നു. അതെല്ലാം ആൺമക്കൾക്കു സമ്മതവുമാണ്. മരണാനന്തരം കുറഞ്ഞ ആഭരണങ്ങൾ മാത്രമാണ് ഉമ്മയുടെ സമ്പാദ്യമായി അവശേഷിക്കുന്നത്. ആ ആഭരണങ്ങളും പെൺമക്കൾക്ക് നൽകണമെന്ന് ഉമ്മ പറഞ്ഞിരുന്നു. എന്നാൽ, ആ ആഭരണങ്ങൾ ഉമ്മയുടെ അനന്തരസ്വത്തായി എല്ലാ മക്കളും കൂടി ഓഹരി ചെയ്തെടുക്കാമെന്നാണ് ആൺമക്കൾ അഭിപ്രായപ്പെടുന്നത്. എന്താണ് ഇക്കാര്യത്തിൽ ശറഇന്റെ വിധി? അത് പെൺമക്കൾക്ക് മാത്രമായി നൽകൽ നിർബന്ധമാണോ?***

**ഉത്തരം:** പെൺമക്കൾക്ക് മാത്രമായി നൽകൽ നിർബന്ധമില്ല. അനന്തരാവകാശികളിൽ പെട്ടവർക്കുള്ള വസ്വിയ്യത്തായതിനാൽ ഉമ്മയുടെ മരണശേഷം മറ്റു അവകാശികൾ സമ്മതിച്ചാൽ മാത്രമേ ആ വസ്വിയ്യത്തിന് സ്വീകാര്യതയുള്ളൂ. ആ വസ്വിയ്യത്ത് അനുസരിച്ച് ചെയ്യാനും ചെയ്യാതിരിക്കാനും അവകാശികൾക്ക് അനുവാദമുണ്ട്. (ഫത്ഹുൽമുഈൻ-323)

നോവൽ

മുജ്തബ നസ്വീഹ്



12



# ചിരി മാഞ്ഞുപോയ മുഖങ്ങൾ

ഒരു മുഖത്തും പുഞ്ചിരി വിടർന്നില്ല. പരസ്പരം മുഖത്തുനോക്കാൻ ആർക്കും ധൈര്യമില്ലാത്ത പോലെ! യാന്ത്രികമായി എന്തൊക്കെയോ ചെയ്യുന്നു. ഒന്ന് ചിരിക്കാൻ പോലും ആർക്കും താല്പര്യമില്ലാത്ത പോലെ! ഒഴിഞ്ഞുമാറി നടക്കുകയാണെല്ലാവരും; പരസ്പരം ഭയക്കുന്ന പോലെ.

ദിവസങ്ങളങ്ങനെ കടന്നുപോയി. ഒരു ദിവസം രാത്രി ഭക്ഷണം കഴിച്ചു കഴിഞ്ഞ് ഇക്ക പറഞ്ഞു: 'അവൾക്ക് വാശിയാണെങ്കിൽ അങ്ങനെ നടക്കട്ടെ. ഈ അവസ്ഥ സഹിക്കാൻ വയ്യ.'

അതുകേട്ട് ഉപ്പയും ഉമ്മയും ഒരു ഞെട്ടലോടെ തലയുയർത്തി ഇക്കയുടെ മുഖത്തേക്ക് നോക്കി. ഇക്ക ദൃഢസ്വരത്തിൽ തന്നെ പറഞ്ഞു: 'എട്ടുംപൊട്ടും തിരിയാത്ത കുഞ്ഞൊന്നുമല്ലല്ലോ, അവൾക്ക് ബുദ്ധിയുണ്ട്. ഇതൊക്കെ ഇത്തിരി കൂടിപ്പോയതിന്റെ തകരാറാണ്. ആയിക്കോട്ടെ, കല്യാണം കഴിച്ചുകൊടുക്കേണ്ട കടമയല്ലേ നമ്മൾക്കുള്ളൂ. പിന്നെ അവളായി, അവളുടെ പാടായി.'

'എന്നാലും മോനേ, ആ കൊള്ളരുതാത്തവന്റെ കൂടെ?' ഉമ്മയാണ് ചോദിച്ചത്.

'കൊള്ളരുതാത്തവൻ എന്ന് നമ്മൾ പറയുന്നതല്ലേ? അവൾക്കവൻ കൊള്ളാവുന്നവനാണല്ലോ.'

'നമ്മള് മാത്രല്ല; നാട്ടാരൊക്കെ അതു തന്ന്യാ പറയുന്നത്.' ഉപ്പ മുരടനക്കി മെല്ലെ പറഞ്ഞു.

'അത് അവളും കേൾക്കുന്നുണ്ടല്ലോ. അവളുടെ കോളേജിൽ തന്നെ അവനെക്കുറിച്ച് മോശം അഭിപ്രായമേയുള്ളൂ. എന്നിട്ടും അവൾക്കു മനസ്സിലാവുന്നില്ലല്ലോ. അതാ ഞാൻ പറഞ്ഞത്, പിന്നെ അവളായി, അവളുടെ പാടായി. കണ്ടറിയാത്തവർ കൊണ്ടറിഞ്ഞു കൊള്ളും.'

'മോനേ, നമ്മളെ ചോരയല്ലേ അവൾ? അവളെ അങ്ങനെ വിട്ടെറിഞ്ഞു കളയാൻ പറ്റുമോ?' ഉമ്മയുടെ സ്വരം വിറയാർന്നിരുന്നു.

'എന്നാൽ പിന്നെ നമ്മളെന്താണ് ഇക്കാര്യത്തിൽ ചെയ്യുക? ഉമ്മ പറഞ്ഞാട്ടെ.'



പിന്നെ ആരും ഒന്നും മിണ്ടിയില്ല. മൗനം കനത്ത നിമിഷങ്ങൾ! അത് താങ്ങാൻ കഴിയാത്തതുകൊണ്ടാവാം, ഓരോരുത്തരായി എഴുന്നേറ്റുപോയി.

**** *** ****

ഉപ്പ രാവിലെത്തന്നെ ഇറങ്ങി; മഹല്ല് കമ്മിറ്റിക്കാരെ കണ്ട് വിവരം പറയാൻ. ഇക്കയും തിരക്കിലായി. ആഘോഷമൊന്നുമില്ലെങ്കിലും കുടുംബക്കാരെയും ബന്ധുക്കളെയുമൊക്കെ അറിയിക്കണമല്ലോ. വീട്ടിലാർക്കുമില്ല സന്തോഷവും സംതൃപ്തിയും; ജമീലയും ആകെ മൂഡൗട്ടിൽ തന്നെയാണ്. അവൾ ഒന്ന് ചിരിച്ചുകണ്ടിട്ട് കാലമെത്രയായി! പ്രിയപ്പെട്ട കൂട്ടുകാരിയുടെ അവസ്ഥ കണ്ട് സങ്കടപ്പെടാനല്ലാതെ അവളുടെ റസിയക്കുട്ടിക്ക് എന്തിനു കഴിയും? പലപ്പോഴും ആലോചിച്ചിരുന്നുപോയിട്ടുണ്ട്, പ്രിയപ്പെട്ടവരെയെല്ലാം വെറുപ്പിച്ചിട്ട് അവൾക്കു ജീവിതസുഖം നേടാനാകുമോ? അവളും ഇപ്പോൾ സന്തോഷിക്കാൻ കഴിയാത്ത അവസ്ഥയിലായിപ്പോയല്ലോ.

കല്യാണദിവസം പോലും അവളുടെ മുഖത്ത് പഴയ മനോഹരമായ ചിരി പ്രത്യക്ഷപ്പെട്ടില്ല. നികാഹിന് ഒരുങ്ങി വന്ന പുതിയാപ്ലയുടെ ചങ്ങാതിമാർ കൂക്കുവിളിയും ബഹളവുമായി സദസ്സ് അലങ്കോലപ്പെടുത്തിയപ്പോൾ പലരും കോപിച്ചു: 'എവിടുന്ന് കിട്ടി നിങ്ങൾക്കീ തെമ്മാടിച്ചെറുക്കനെ' എന്ന് കാരണവന്മാരിലാരോ ഉറക്കെ ചോദിച്ചു. എല്ലാം സഹിച്ച് തല താഴ്ത്തി നിൽക്കാനേ ഉപ്പാക്കും ഇക്കയ്ക്കും നിർവാഹമുണ്ടായിരുന്നുള്ളൂവല്ലോ.

*** *** ****

പ്രിയപ്പെട്ടവരാരോ മരിച്ചുപിരിഞ്ഞതുപോലെയായി ഗൃഹാന്തരീക്ഷം. ഉമ്മയ്ക്കെപ്പോഴും നെടുവീർപ്പും സങ്കടവുമാണ്. ഉപ്പയാവട്ടെ, മൗനത്തിലാണ്ടുപോയിരിക്കുന്നു. അധികം സംസാരിക്കാത്തയാളായിരുന്നിട്ടും ആ മൗനം മറ്റുള്ളവരുടെ ഹൃദയത്തെ നോവിലാഴ്ത്തുന്നതായിരുന്നു. ഇക്കയാവട്ടെ, എന്നും വൈകിയാണെത്തുക; മ്ലാനമുഖവുമായി.

അന്നൊരു ദിവസം ഇക്ക പറഞ്ഞു: 'റസിയക്കുട്ട്യേ, ഗൾഫിൽ പോകാൻ ഒരു ചാൻസുണ്ട്. ഒരു സുഹൃത്ത് വിസ അയച്ചു തരാമെന്നു പറഞ്ഞിട്ടുണ്ട്. ഞാനൊന്ന് പോയി നോക്കിയാലോ?'

ഒരു ഞെട്ടലോടെയാണ് ആ വാക്കുകൾ ചെവിയിൽ വന്നു പതിച്ചത്. ഇതുവരെ അങ്ങനെയൊരു വിചാരമോ ആഗ്രഹമോ ഇവിടെ ആർക്കും ഉണ്ടായിരുന്നില്ലല്ലോ.

'വേണ്ട ഇക്കാ. ഇക്ക എങ്ങോട്ടും പോകണ്ട. ഇവിടെത്തന്നെ കഴിഞ്ഞാൽ മതി.'

ഇങ്ങനെ പറയാനാണ് തോന്നിയത്; ഇതുവരെ ഇക്കയുടെ ഒരാഗ്രഹത്തിനും എതിരു പറഞ്ഞിട്ടില്ലെങ്കിലും.

'അങ്ങനെ പറയല്ലേ. എന്നും ഇങ്ങനെയൊക്കെ കഴിഞ്ഞാൽ മതിയോ? ഇപ്പോഴത്തെ ജോലിയിൽ നിന്നു കിട്ടുന്ന ശമ്പളം

**വീട്ടിലാർക്കുമില്ല സന്തോഷവും സംതൃപ്തിയും; ജമീലയും ആകെ മൂഡൗട്ടിൽ തന്നെയാണ്. അവൾ ഒന്ന് ചിരിച്ചുകണ്ടിട്ട് കാലമെത്രയായി! പ്രിയപ്പെട്ട കൂട്ടുകാരിയുടെ അവസ്ഥ കണ്ട് സങ്കടപ്പെടാനല്ലാതെ അവളുടെ റസിയക്കുട്ടിക്ക് എന്തിനു കഴിയും? പലപ്പോഴും ആലോചിച്ചിരുന്നുപോയിട്ടുണ്ട്, പ്രിയപ്പെട്ടവരെയെല്ലാം വെറുപ്പിച്ചിട്ട് അവൾക്കു ജീവിതസുഖം നേടാനാകുമോ?**

നമ്മൾക്ക് ജീവിക്കാൻ മാത്രമുള്ളതല്ലേയുള്ളൂ. കുറച്ചുകാലം ഗൾഫിൽ കഴിഞ്ഞാൽ അല്പം സമ്പാദ്യമൊക്കെയുണ്ടാവും. നമ്മൾക്ക് വീടൊക്കെ ഒന്ന് പുതുക്കിപ്പണിയണ്ടേ?'

'വേണ്ട; നമ്മൾക്ക് ഈ വീടു തന്നെ മതി. ഇക്ക എങ്ങോട്ടും പോകരുത്.' ഒരു വാശിയോടെയാണ് അങ്ങനെ പറഞ്ഞത്.

അപ്പോൾ ഇക്കയുടെ മുഖം ഒന്നു വാടിയല്ലോ. സങ്കടത്തോടെയാണ് പിന്നെ സംസാരിച്ചത്.

'റസിയക്കുട്ട്യേ, എന്നും നെന്നോടൊപ്പം കഴിയാൻ തന്ന്യാ എനിക്ക് ആഗ്രഹം. പക്ഷേ, ഈ നാട്ടിൽ നിന്ന് അല്പകാലം മാറിനിൽക്കണമെന്ന് തോന്നുന്നു; അവളുടെ കല്യാണമുണ്ടാക്കിയ നാണക്കേടിൽ നിന്ന് രക്ഷപ്പെടാൻ. പുറത്തിറങ്ങിയാൽ പലരും പരിഹാസഭാവത്തോടെയാണ് നോക്കുക. ചിലരൊക്കെ അവനെക്കുറിച്ച് പറയും: അവൻ ഇന്നലെയും കുടിച്ചു പൂസായി അങ്ങാടിയിൽ വന്നു ബഹളമുണ്ടാക്കിപോലും. എന്നെയും നമ്മുടെ ഉപ്പയെയും കുറെ ചീത്ത പറഞ്ഞെന്നും കേട്ടു. ഇതൊക്കെ അറിയുമ്പോ തൊലിയുരിഞ്ഞുപോകുന്ന പോലെ! ഞങ്ങൾ ആണുങ്ങളുടെ വിഷമം വീട്ടിനുള്ളിലിരിക്കുന്ന നിങ്ങൾ അറിയുന്നില്ലല്ലോ. നാണക്കേടുകൊണ്ട് ഉപ്പയും ഇപ്പോൾ അങ്ങാടിയിലേക്കൊന്നും പോകാറില്ലല്ലോ.'

ഇക്ക പറഞ്ഞപ്പോഴാണോർത്തത്; ഈയിടെയായി ഉപ്പ അങ്ങാടിയിൽ പോകാറില്ല. നിസ്കരിക്കാൻ പള്ളിയിൽ പോയാൽ വേഗം തന്നെ തിരിച്ചെത്തും. പിന്നെ വരാന്തയിലെ കസേരയിൽ താടിക്കു കൈയും കൊടുത്ത് ഒരിരിപ്പാണ്; അടുത്ത നിസ്കാരത്തിന് ബാങ്ക് കേൾക്കും വരെ. ജമീലയുടെ വിവാഹത്തെ തുടർന്നുള്ള പ്രശ്നങ്ങൾ തന്നെ കാരണം. ചിലതൊക്കെ വീട്ടിനുള്ളിലും എത്തിയിരുന്നല്ലോ; അവന് സ്ത്രീധനം കൊടുത്തില്ലെന്ന്, പൊന്നും പണവും പോരെന്ന്, ഭാര്യവീട്ടുകാർ പറ്റിച്ചെന്ന്... എല്ലാം ഇപ്പോൾ അങ്ങാടിയിൽ പാട്ടാണത്രെ!



**ഇക്ക പോയാലുള്ള വീട്ടിലെ അവസ്ഥയെക്കുറിച്ച് ആലോചന വന്നതാണ്. എന്തായിരിക്കും ഉമ്മയുടെയും ഉപ്പയുടെയും അവസ്ഥ? ഇപ്പോൾതന്നെ അവർ നിഴലുകൾ പോലെ നിശ്ശബ്ദരാണ്. രാത്രി ഇക്ക വന്നു കയറിയാലാണ് എന്തെങ്കിലുമൊന്ന് ഉരിയാടുക.**

ഇക്ക അനുഭവിക്കുന്ന മാനസികപ്രയാസത്തെക്കുറിച്ച് ബോധ്യം വന്നപ്പോൾ പിന്നെ ഒന്നും പറയാൻ തോന്നിയില്ല. നാടുവിട്ടാലാണ് ഇത്തിരി സമാധാനം ലഭിക്കുകയെങ്കിൽ അങ്ങനെയാവട്ടെ എന്ന് തീരുമാനിക്കുകയായിരുന്നല്ലോ.

ഇക്ക പോയാലുള്ള വീട്ടിലെ അവസ്ഥയെക്കുറിച്ച് ആലോചന വന്നതാണ്. എന്തായിരിക്കും ഉമ്മയുടെയും ഉപ്പയുടെയും അവസ്ഥ? ഇപ്പോൾതന്നെ അവർ നിഴലുകൾ പോലെ നിശ്ശബ്ദരാണ്. രാത്രി ഇക്ക വന്നു കയറിയാലാണ് എന്തെങ്കിലുമൊന്ന് ഉരിയാടുക. ഈ അവസ്ഥയിൽ ഇനി എന്താണ് സംഭവിക്കുക? ഭയവും ആശങ്കയുമുണ്ട്. പക്ഷേ, ഇതൊക്കെ ആലോചിക്കേണ്ടത് സ്വന്തം മകൻ തന്നെയാണല്ലോ. ഉമ്മയും ഉപ്പയും ഇക്കയുടെ ജീവൻ തന്നെയാണ്. അവരെയും പിരിഞ്ഞുപോകുന്നെങ്കിൽ അത്രയും പ്രയാസങ്ങളെന്തോ അനുഭവിക്കുന്നുണ്ടാകുമെന്ന് അനുമാനിക്കുകയേ നിർവാഹമുണ്ടായിരുന്നുള്ളൂ. ആരറിവൂ മനുഷ്യമനസ്സിന്റെ അവസ്ഥാന്തരങ്ങൾ!

പോകുന്ന വിവരങ്ങളൊക്കെ ജമീലയെയും ഭർത്താവിനെയും അറിയിച്ചതാണ്. പക്ഷേ, യാത്രയയക്കാൻ അവൾ പോലും വന്നില്ല. എന്തുതന്നെയാണെങ്കിലും അവളുടെ പൊന്നാങ്ങളയാണല്ലോ ഇക്ക. എത്ര പ്രയാസങ്ങൾ സഹിച്ചാണ് അവളുടെ താൽപര്യത്തിനു വഴങ്ങി വിവാഹം നടത്തിക്കൊടുത്തത്... അതൊക്കെ അവൾക്ക് അറിയുകയും ചെയ്യാം. എന്നിട്ടും... വല്ലാത്തൊരു മനസ്സുതന്നെ! അന്നാദ്യമായി അവളോട് വല്ലാത്ത വെറുപ്പ് തോന്നിപ്പോയി. സഹതാപമസ്തമിക്കുകയും ചെയ്തു. ബന്ധങ്ങളെല്ലാം മുറിച്ചെറിയാനുള്ള ശ്രമമാണോ അതോ... അവൻ? (തുടരും)

ലൈഫ്സ്റ്റൈൽ

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# അപകടമാണ് സ്വവർഗലൈംഗികത

സാമൂഹ്യവ്യവസ്ഥയിൽ ഒഴിച്ചുകൂടാൻ കഴിയാത്ത സ്ഥാപനമാണ് കുടുംബം. ആരോഗ്യപൂർണമായ കുടുംബങ്ങളാണ് സമൂഹത്തിന്റെ സന്തുലിതാവസ്ഥയുടെ അടിസ്ഥാനം. 1993 സെപ്തംബർ 15ന് ഐക്യരാഷ്ട്ര സഭ മെയ് 20 അന്താരാഷ്ട്ര കുടുംബദിനമായി പ്രഖ്യാപിച്ചത് കുടുംബവ്യവസ്ഥയുടെ പ്രാധാന്യം ലോകത്തെ ഓർമ്മിപ്പിക്കാനാണ്.

സാമൂഹ്യജീവിയായ മനുഷ്യന് മറ്റുള്ളവരോട് സമ്പർക്കമില്ലാതെ ജീവിക്കാനാകില്ല. പ്രകൃതിയിലെ ജീവജാലങ്ങൾ ആവാസ വ്യവസ്ഥയിൽ സന്തുലിതാവസ്ഥ നിലനിർത്തുന്നതു പോലെ, മനുഷ്യജീവിതത്തിലും ഇണ-തുണ ബന്ധം അനിവാര്യമാണ്. വിശുദ്ധ ഖുർആൻ ഇണ-തുണ ബന്ധത്തിന്റെ മഹിമ വിവരിക്കുന്നതിങ്ങനെയാണ്: 'സമാധാനപരമായ ഒത്തുചേരലിന് നിങ്ങളിൽനിന്നു തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കരുണയും ഉണ്ടാക്കുകയും ചെയ്തത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്.' (സൂറതു റൂം-21)

സന്തുഷ്ട കുടുംബബന്ധം ആരംഭിക്കുന്നത് വിവാഹത്തോടെയാണ്. മാനവിക കാഴ്ചപ്പാടിൽ വിവാഹം പുണ്യകരമായ ഏർപ്പാടാണ്. ഇസ്ലാമിലും വിവാഹം പവിത്രമായ ഇടപാടാണ്. ഇണകളുടെ പരസ്പര സമാധാനത്തിനു വേണ്ടിയുള്ള ഉഭയകക്ഷി കരാറായാണ് ഖുർആൻ വിവാഹത്തെ വിശേഷിപ്പിച്ചത്. എതിർലിംഗങ്ങൾ തമ്മിലുള്ള പ്രകൃതിപരമായ വിവാഹമാണ് ഇസ്ലാം നിർദ്ദേശിക്കുന്നത്.

എന്നാൽ, സ്വവർഗത്തിൽ നിന്ന് ലൈംഗിക പങ്കാളിയെ തേടുന്ന പ്രവണത പ്രകൃതിവിരുദ്ധമാണ്. സ്വവർഗലൈംഗികതയെ ഒരു വൈകല്യമായാണ് പുരാതന കാലം മുതൽ സമൂഹം കണക്കാക്കിയിരുന്നത്. എതിർലിംഗത്തിൽ നിന്നു തന്നെ ലൈംഗികസുഖം ആസ്വദിക്കുന്നതിനു സാധ്യതകളുണ്ടായിരിക്കെ സ്വലിംഗത്തോടുണ്ടാകുന്ന പ്രകൃതിവിരുദ്ധ ലൈംഗികാഭിമുഖ്യം എല്ലാ നിലക്കും എതിർക്കപ്പെടേണ്ടതാണ്.

ലോകത്തെ സർവ്വ നാഗരികതകളും സ്വവർഗരതിക്കെതിരായിരുന്നു. എന്നാൽ, ഒട്ടനവധി രാഷ്ട്രങ്ങളിൽ സ്വവർഗ ലൈംഗികത അനുവദനീയമാണിന്ന്. കുറഞ്ഞ രാജ്യങ്ങളിൽ മാത്രമാണ് സ്ത്രീകളുടെ സ്വവർഗരതി കുറ്റമായി നിലനിൽക്കുന്നത്. അതേസമയം ഒട്ടുമിക്ക രാഷ്ട്രങ്ങളിലും പുരുഷ സ്വവർഗരതി അനുവദനീയവുമാണ്.

അശ്ലീലതയുടെ സർവ്വ അതിർവരമ്പുകളും ഭേദിച്ച് ലൈംഗികാഭാസങ്ങൾക്കു വേണ്ടി മുറവിളി കൂട്ടുന്ന ഒരു വിഭാഗം പുതിയ തലമുറയിൽ വലിയ വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. സ്ത്രീകളോട് ലൈംഗികാകർഷണം തോന്നുന്ന സ്ത്രീ (Lesbians), പുരുഷന്മാരോട് ലൈംഗികാകർഷണം തോന്നുന്ന പുരുഷൻ (Gay), സ്ത്രീകളോടും പുരുഷന്മാരോടും ലൈംഗികാകർഷണം വെച്ചുപുലർത്തുന്നവർ (Bisexual), ജന്മനാലഭ്യമായ ലിംഗാവസ്ഥയുടെ വിരുദ്ധലിംഗത്വമാണെന്ന് സ്വയം വിചാരിക്കുന്നവർ (Transgender), ലൈംഗിക ന്യൂനപക്ഷങ്ങളിൽ ഏതു വിഭാഗമാണെന്ന് വ്യക്തമായി നിർണയിക്കാനാവാത്ത, ലിംഗത്വം മാറിക്കൊണ്ടിരിക്കുന്ന വിചിത്ര സ്വഭാവക്കാർ (Queer), ആണിന്റെയും പെണ്ണിന്റെയും



ലൈംഗികാവയവങ്ങളുള്ളവർ, ലൈംഗികാവയവങ്ങൾ തീരെയില്ലാത്ത വിസർജനാവശ്യാർത്ഥം വെറും ദ്വാരം മാത്രമുള്ളവർ (Inter sex), ലൈംഗികവൃത്തിയിൽ ഒട്ടും താൽപര്യം പ്രകടിപ്പിക്കാത്തവർ (Asexual) തുടങ്ങിമനുഷ്യർക്കിടയിൽ അപൂർവ്വമാണെങ്കിലും പലതരക്കാരുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഇവരെ ഉയർത്തിക്കാണിച്ച് എല്ലാത്തരം ലൈംഗികവൈകൃതങ്ങളെയും വെളുപ്പിച്ചെടുക്കാനുള്ള ശ്രമങ്ങളാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്നത്.

## വികൃതസ്വത്വം

ചെറിയ സർജറി കൊണ്ടും മികച്ച ചികിത്സയും പരിചരണവും നൽകിയും സ്വാഭാവിക ലൈംഗികജീവിതത്തിലേക്ക് കൊണ്ടുവരാനാകുന്നവരെ മുൻനിറുത്തി, ഇതൊരു സ്വാഭാവിക പ്രവണതയാണെന്നും ഇവർ സഹതാപമർഹിക്കുന്നവരാണെന്നും പ്രചരിപ്പിച്ച് തങ്ങളുടെ വൈകൃതങ്ങൾക്ക് ആധികാരികതയുടെ ലേബൽ നൽകാനുള്ള ശ്രമങ്ങളാണ് ഇവർ നടത്തുന്നത്. ഇത്തരക്കാരുടെ സ്വവർഗ താല്പര്യത്തെക്കാൾ സാമൂഹിക പ്രശ്നമായി വരുന്നത്, അവർ അതൊരു സ്വത്വമായി ഉയർത്തിപ്പിടിക്കുന്നതാണ്. ലൈംഗിക ന്യൂനപക്ഷങ്ങൾ എന്ന ഓമനപ്പേരിൽ വൈകൃതത്തെ പ്രകൃതിപരമാണെന്നു വരുത്താനുള്ള വ്യാജപ്രചാരണങ്ങളാണ് ഇവർ നടത്തുന്നത്. അതുകൊണ്ടാണ് സ്വവർഗലൈംഗികാഭിമുഖ്യത്തെ ആഘോഷിക്കുകയും രാഷ്ട്രീയവത്ക്കരിക്കുകയും ചെയ്യുന്ന പ്രവണതയെ വളരെ ഗൗരവത്തോടെ കാണേണ്ടി വരുന്നത്.

ലൈംഗികാഭിമുഖ്യത്തിന്റെ വിഷയത്തിൽ ന്യൂനപക്ഷമാണെന്നതിനാൽ തങ്ങൾക്ക് പ്രത്യേക അവകാശങ്ങൾ വേണമെന്ന ആവശ്യം ലോകാടിസ്ഥാനത്തിൽ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. സ്വവർഗാനുരാഗം തങ്ങളുടെ ജീവിതത്തിൽ നിന്ന് ഒഴിച്ചുനിർത്താനാവാത്ത പ്രകൃതിസൃഷ്ടിയാണെന്ന ഇവരുടെ വാദം എത്രമാത്രം നിരർത്ഥകമാണെന്ന്

**മികച്ച ചികിത്സയും പരിചരണവും നൽകി സ്വാഭാവിക ലൈംഗികജീവിതത്തിലേക്ക് കൊണ്ടുവരാനാകുന്നവരെ മുൻനിറുത്തി, ഇതൊരു സ്വാഭാവിക പ്രവണതയാണെന്നും ഇവർ സഹതാപമർഹിക്കുന്നവരാണെന്നും പ്രചരിപ്പിച്ച് തങ്ങളുടെ വൈകൃതങ്ങൾക്ക് ആധികാരികത നൽകാനുള്ള ശ്രമങ്ങളാണ് ഇവർ നടത്തുന്നത്. ഇത്തരക്കാരുടെ സ്വവർഗ താല്പര്യത്തെക്കാൾ സാമൂഹികപ്രശ്നമായി വരുന്നത്, അതൊരു സ്വത്വമായി ഉയർത്തിപ്പിടിക്കുന്നതാണ്.**



പ്രഥമബുദ്ധ്യാ ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

## വൈകൃതങ്ങൾക്ക് അംഗീകാരം?

സ്വവർഗാനുരാഗം പ്രകൃതിപരമാണെങ്കിൽ അത്തരം വികൃതമായ പല ചോദനകളും പല മനുഷ്യരിലുമുണ്ടല്ലോ എന്ന ചിന്ത അതിപ്രധാനമാണ്. മാതൃഭോഗം, മൃഗഭോഗം, ശവഭോഗം, വ്യഭിചാരം തുടങ്ങിയ ത്വരകൾ പലരുടെയും പ്രകൃതിയിലുണ്ട്. നികൃഷ്ടമായ ഇത്തരം ആഭിമുഖ്യങ്ങളിൽ നിന്നു വിഭിന്നമായ മറ്റൊരാഭിമുഖ്യവും സ്വവർഗ്ഗരതിവാദികളിലില്ല എന്നതാണ് സത്യം. മനുഷ്യമനസ്സിൽ പ്രകടമാവുന്ന ഓരോ ലൈംഗികവികാരത്തെയും സ്വത്വനിർണയം നടത്തുന്ന ഉപാധിയായി പരിഗണിക്കുമെങ്കിൽ മൃഗഭോഗം, ശവഭോഗം, വ്യഭിചാരം തുടങ്ങിയ മറ്റു വികൃതമായ സാധ്യതകളെ കൂടി ഉൾക്കൊള്ളാൻ സമൂഹം തയ്യാറാകേണ്ടി വരും.

അങ്ങനെ നിരന്തരമായുണ്ടാകുന്ന വൈവിധ്യങ്ങളെ ഉൾക്കൊള്ളാൻ തയ്യാറാകുമെങ്കിൽ സമ്പൂർണ അരാജകത്വത്തിലേക്കാണ് മനുഷ്യകുലം എത്തിപ്പെടുക.

സ്വന്തമായി പതാകയും കൂട്ടായ്മയുമുള്ള ഒരു അന്തർദേശീയ പ്രസ്ഥാനമായി ഇപ്പോൾ സ്വവർഗാനുരാഗികൾ മാറിയിട്ടുണ്ട്. മനസ്സിലെ പ്രണയവർണങ്ങളുടെ പ്രതീകമായി രൂപകൽപന ചെയ്ത മഴവിൽ പതാക 1978 മുതൽ അവർ ഉപയോഗിക്കുന്നു. 1897ൽ ഇവർ സംഘടനാ രൂപീകരണത്തിന് ശ്രമം തുടങ്ങിയിരുന്നു. ബർലിൻ ആസ്ഥാനമായ സയന്റിഫിക് ഹ്യൂമാനിറ്റേറിയൻ കമ്മിറ്റിയാണ് പ്രഥമ സംഘടന. തുടർന്ന് വ്യത്യസ്ത കാലങ്ങളിൽ വിവിധ നാടുകളിൽ നിരവധി പേരുകളിൽ കൂട്ടായ്മകൾ രൂപം കൊണ്ടു.

ജീവവർഗങ്ങൾക്കിടയിൽ ലൈംഗികതാൽപര്യം സ്രഷ്ടാവ് സംവിധാനിച്ചത് അവയുടെ ആസ്വാദനവും ആനന്ദവും മാത്രം ഉദ്ദേശിച്ചല്ല; വംശവർധനവും ഓരോ വിഭാഗത്തിന്റെയും നിലനിൽപ്പുകൂടി കണക്കിലെടുത്താണ്. ഇണകൾക്കിടയിൽ സ്നേഹവും കാരുണ്യവും അല്ലാഹു സന്നിവേശിപ്പിച്ചുവെന്ന് ഖുർആൻ പറഞ്ഞത് ഇണകൾ പരസ്പരം സംസർഗത്തിലേർപ്പെടാനും അനുബന്ധമായി കുഞ്ഞുങ്ങളെ ജനിപ്പിക്കാനും തലമുറകൾ സൃഷ്ടിക്കപ്പെടാനുമാണ്. സമൂഹം മുഴുവൻ വൈകൃതലൈംഗികത ഏറ്റെടുത്താൽ, ഏതാനും വർഷങ്ങൾകൊണ്ട് വംശനാശം വന്ന് മനുഷ്യവർഗം തന്നെ ഇല്ലാതായേക്കുമെന്നത് സാമാന്യബോധമുള്ള ആർക്കും ബോധ്യപ്പെടുന്ന കാര്യമാണല്ലോ.

കൂടാതെ, സ്വവർഗരതിക്കാരിൽ നിരവധി രോഗങ്ങൾ വ്യാപകമായി കാണപ്പെടുന്നുണ്ട്. ഇവരിൽ കൂടുതലായി കണ്ടുവരുന്ന മഹാമാരിയാണ് എയ്ഡ്സ്. അമേരിക്കയിലുള്ള പന്ത്രണ്ട് ലക്ഷം എയ്ഡ്സ് രോഗികളിൽ 55% സ്വവർഗ രതിക്കാരാണ്. ലൈംഗികബന്ധത്തിലൂടെ പകരുന്ന സിഫിലിസ് സ്വവർഗരതിക്കാരിൽ കൂടുതലാണ്. 2014 ലെ കണക്കനുസരിച്ച് ഈ രോഗമുള്ളവരിൽ 83 ശതമാനവും സ്വവർഗഭോഗികളാണ്. ഗൊണോറിയ, ഗുദാർബുദം, ഓറൽ കാൻസർ, കുരങ്ങുവസൂരി തുടങ്ങിയവയെല്ലാം സ്വവർഗഭോഗക്കാർക്കിടയിൽ വ്യാപിച്ചിട്ടുണ്ട്. ലൈംഗികതയുടെ സങ്കീർണതകൾ കൂടി ശ്രദ്ധിക്കുമ്പോൾ സ്വവർഗവാദികളുടെ അവകാശവാദങ്ങൾ തികച്ചും ബാലിശമാണെന്ന് വ്യക്തമാകും. തികച്ചും വ്യത്യസ്ത രീതിയിലാണല്ലോ സ്ത്രീ-പുരുഷ ശരീരഘടന. സ്വാഭാവികവും പ്രകൃതിപരവുമായ ലൈംഗികബന്ധം എതിർലിംഗരതിയിൽ മാത്രമാണെന്ന് മനസ്സിലാക്കാൻ ഇതു തന്നെ മതി.

ഇസ്‌ലാം സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ റോളുകളും ഉത്തരവാദിത്തങ്ങളും നൽകുന്നതുവഴി തുല്യതയെ നിഷേധിക്കുകയല്ല. മറിച്ച്, സന്തുലിതമായ സാമൂഹികക്രമം നിലനിർത്തുന്നതിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുകയാണ്. ഓരോരുത്തർക്കും അവരുടേതായ പ്രാധാന്യവും സ്ഥാനവുമുണ്ട്. ഇരു വിഭാഗവും ഒരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് നല്ല സമൂഹമെന്ന സങ്കൽപം സഫലമാവുന്നത്.



## മതവീക്ഷണം

സദാചാരബോധമുള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കാനുള്ള കൃത്യമായ നിയമനിർദ്ദേശങ്ങൾ സമർപ്പിച്ച മതമാണ് ഇസ്‌ലാം. പരസ്പരം ഇണകളാവുന്നതിനു വേണ്ടിയാണ് ആകർഷക രൂപവും ലൈംഗിക വ്യത്യാസവും ലൈംഗികബോധവും സ്രഷ്ടാവ് മനുഷ്യന് നൽകിയത്. സന്തുഷ്ടമായ ജീവിതവും സന്താന സൗഭാഗ്യവും സമൂഹനിർമിതിയിലെ പങ്കാളിത്തവും സാധ്യമാകുംവിധത്തിൽ ദാമ്പത്യവും അതിലെ ലൈംഗിക വിഷയങ്ങളും ഇസ്‌ലാം നിശ്ചയിച്ചു. സ്വവർഗരതി സദാചാരത്തിന്റെ സർവ്വസീമകളും ലംഘിക്കുന്നതുകൊണ്ടു തന്നെ അതു സംബന്ധമായ മുഴുവൻ കവാടങ്ങളും ഇസ്‌ലാം കൊട്ടിയടക്കുകയും ചെയ്തു. ലൂത്(അ) നിയോഗിതനായ സമൂഹം സ്വവർഗലൈംഗികബന്ധത്തിൽ ഏർപ്പെടുന്നവരായിരുന്നു. മനുഷ്യകുലത്തിൽ ഈ വൃത്തികേടിന് തുടക്കം കുറിച്ചത് അവരാണ്. അവരോട് ലൂത്(അ) നടത്തിയ ഉപദേശങ്ങൾ വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നുണ്ട്:

'ലൂത്വിന്റെ ജനത അല്ലാഹുവിന്റെ ദൂതൻമാരെ നിഷേധിച്ചു തള്ളി. അവരുടെ സഹോദരൻ ലൂത് അവരോട് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലി

ക്കുന്നില്ലേ? തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. എന്നെ അനുസരിക്കുകയും ചെയ്യുക. ഇതിന്റെ പേരിൽ നിങ്ങളോട് ഞാൻ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിങ്കൽ നിന്ന് മാത്രമാകുന്നു. നിങ്ങൾ ലോകരിൽ നിന്ന് ആണുങ്ങളെ സമീപിക്കുകയാണോ? നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്കു വേണ്ടി സൃഷ്ടിച്ചു തന്നിട്ടുള്ള ഇണകളെ നിങ്ങൾ വിട്ടുകളയുകയുമാണോ? അല്ല, നിങ്ങൾ അതിക്രമകാരികളായ ഒരു ജനത തന്നെ. അവർ പറഞ്ഞു: ലൂത്വേ, നീ ഇതിൽ നിന്ന് പിന്മാറുന്നില്ലെങ്കിൽ തീർച്ചയായും നീ (നാട്ടിൽനിന്ന്) പുറത്താക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും. അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ നിങ്ങളുടെ പ്രവൃത്തിയെ വെറുക്കുന്നവരുടെ കൂട്ടത്തിലാകുന്നു.' (ഖുർആൻ 26:160-168)

ലൂത്വ്(അ) സ്വവർഗരതി അവസാനിപ്പിക്കാൻ തന്റെ സമൂഹത്തെ ഉദ്ബോധിപ്പിച്ചെങ്കിലും അവർ തയ്യാറായില്ല. ധിക്കാരം മൂത്തപ്പോൾ അല്ലാഹുവിന്റെ ശിക്ഷയിറങ്ങി. അടുത്ത പ്രഭാതത്തിൽ ഭയാനക ശബ്ദത്തോടെ ചരൽക്കല്ലുകൾ വർഷിച്ചു. ശേഷം ആ രാജ്യം തന്നെ കീഴ്മേൽ മറിച്ചിടപ്പെട്ടു. അങ്ങനെ അവരെല്ലാവരും നശിച്ചൊടുങ്ങി.

സ്വവർഗരതി മാത്രമല്ല, അവിഹിത മാർഗ്ഗത്തിൽ നടക്കുന്ന എല്ലാ ലൈംഗികപ്രവർത്തനങ്ങളും ഇസ്‌ലാമികദൃഷ്ട്യാ പാപമാണ്. സാമൂഹികവും സദാചാരപരവുമായ എല്ലാ അപകടസാധ്യതകളുടെയും വാതിലുകൾ അടക്കുകയാണ് ഇസ്‌ലാം ചെയ്തത്. ഭൗതിക നിയമവ്യവസ്ഥയിൽ അംഗീകാരമുണ്ടോ ഇല്ലയോ എന്ന ചർച്ച വിശ്വാസിയെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. മതപരമായ ഒരു കാര്യത്തിലും ഉദാരസമീപനം സ്വീകരിക്കാതിരിക്കാൻ വിശ്വാസികൾ ശ്രദ്ധിക്കേണ്ടതാണ്.

**മാനസികാരോഗ്യം**

# നിയന്ത്രിക്കാം സ്ക്രീൻടൈം

ഇക്കാലത്ത് ചെറുപ്പക്കാരിലും മുതിർന്നവരിലും വ്യാപകമായ ഒരുതരം ലഹരിയാണ് സ്ക്രീൻ അഡിക്ഷൻ. സോഷ്യൽ മീഡിയ റീലുകൾ കാണാനും പഠനം, തൊഴിൽ തുടങ്ങിയ ആവശ്യങ്ങൾക്കും മണിക്കൂറുകളോളം സ്ക്രീൻ ഉപയോഗിക്കുന്നവരാണിന്ന് ഭൂരിഭാഗവും. ശാരീരികവും മാനസികവുമായ നിരവധി ആരോഗ്യ പ്രശ്നങ്ങൾ അമിത സ്ക്രീൻ ഉപയോഗം വഴി ഉണ്ടാകുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ചെറിയ കുട്ടികൾപോലും സ്മാർട്ട് ഫോണുകളിൽ കാർട്ടൂണുകളിലും ഗെയിമുകളിലുമായി സമയം ചെലവഴിക്കുന്ന പുതിയകാലത്ത് സ്ക്രീൻ ഉപയോഗത്തിൽ നിയന്ത്രണം അനിവാര്യമാണ്. ചില മാർഗങ്ങൾ വായിക്കാം:

**സ്ക്രീൻ ഫ്രീ സോണുകൾ**
ബെഡ്റൂം, ഡൈനിംഗ് ഹാൾ, കിച്ചൺ തുടങ്ങിയ സ്ഥലങ്ങൾ സ്ക്രീൻ ഫ്രീ സോണുകളായി നിശ്ചയിക്കാം. സ്ക്രീൻ ഫ്രീ സോണുകളിൽ ചുമരിൽ 'ഫോൺ റെസ്റ്റ്' ബോക്സുകൾ സ്ഥാപിച്ച് സ്മാർട്ട് ഫോണുകൾ അവിടെ സൂക്ഷിക്കാം. അത്യാവശ്യഘട്ടങ്ങളിൽ മാത്രം ഫോൺ എടുത്ത് ഉപയോഗം കഴിഞ്ഞയുടൻ ബോക്സിൽ വെക്കാം.

**സ്ക്രീൻ ഫ്രീ ടൈം**
സ്ക്രീൻ ഉപയോഗത്തിന് സമയം നിശ്ചയിക്കുന്ന രീതിയാണിത്. അനിവാര്യമായ സമയമൊഴിച്ച് ബാക്കിയുള്ള സമയങ്ങൾ സ്ക്രീൻ ഫ്രീ ടൈം ആയി നിശ്ചയിക്കുക. ആ സമയത്ത് കുടുംബാംഗങ്ങൾ ഒത്തുചേർന്നിരുന്ന് സൗഹൃദ സംഭാഷണത്തിൽ മുഴുകുകയും സുഹൃത്തുക്കളുമൊത്ത് ഔട്ട്ഡോർ ഗെയിമുകളിൽ ഏർപ്പെടുകയും ചെയ്യാം.

**ഫോക്കസ് മോഡ്, ആപ്പ് ടൈമർ**
ആപ്പുകൾ ഉപയോഗിക്കുന്ന സമയം നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ സ്മാർട്ട് ഫോണുകളിൽ തന്നെയുണ്ട്. തുറന്ന് നിശ്ചിതസമയം കഴിഞ്ഞാൽ സ്വയം ആപ്പ് ലോക്കാവും. ഫോൺ സെറ്റിംഗ്സിൽ പാരന്റ്സ് കൺട്രോൾ വിഭാഗത്തിൽ നിലവിലുള്ള ഒരു ദിവസത്തെ സ്ക്രീൻ ടൈം നിരീക്ഷിക്കുകയും കൂടുതൽ സമയം ചെലവഴിക്കുന്ന ആപ്പുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യാം.

**സ്ക്രോളിംഗ് വേണ്ട; സെർച്ചിംഗ് മതി**
യൂട്യൂബിലോ ഫേസ്ബുക്കിലോ മറ്റോ നാം വായിക്കാൻ ഉദ്ദേശിച്ച പോസ്റ്റുകളും കാണാൻ ഉദ്ദേശിച്ച വീഡിയോകളും സെർച്ച് ചെയ്ത് കണ്ടെത്താം. താഴെ വരുന്ന അനുബന്ധ വീഡിയോകളിലേക്ക് സ്ക്രോൾ ചെയ്തു പോകുമ്പോഴാണ് അനാവശ്യമായി നമ്മുടെ സമയം നഷ്ടപ്പെടുന്നത്.

**സ്ക്രീൻ ടൈം ചലഞ്ച്:**
സ്മാർട്ട് ഫോൺ ഉപയോഗിക്കുന്ന സുഹൃത്തുക്കളുമായോ കുടുംബാംഗങ്ങളുമായോ ഈ ചലഞ്ച് നടത്താം. ഏറ്റവും ചുരുങ്ങിയ സമയം സ്ക്രീൻ ഉപയോഗിക്കുന്നവരാണ് ചലഞ്ചിൽ വിജയിക്കുക. ഒരു സമയം നിശ്ചയിച്ച് ദിവസത്തിൽ ആകെ സ്ക്രീൻ ഉപയോഗിച്ച സമയം സ്ക്രീൻഷോട്ടായി പങ്കുവെക്കാം.

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# യാത്രയിലെ നിസ്കാരം

***ചോദ്യം: മഹ്റമില്ലാതെ സ്ത്രീക്ക് ഉംറക്ക് പോകൽ അനുവദനീയമാണോ ?***

**സജീല ജാസിം, ആമ്പല്ലൂർ**

**ഉത്തരം:** ഭർത്താവോ മഹ്റമോ ഒപ്പമില്ലാതെ സ്ത്രീ ഉംറക്കോ ഹജ്ജിനോ മറ്റു യാത്രകൾക്കോ പോകാൻ പാടില്ല. (അൽമബ്സൂത് 4/110, റദ്ദുൽമുഖ്താർ 2/465)

***ചോദ്യം: മദ്ഹബുകൾ പിൻപറ്റൽ നിർബന്ധമുണ്ടോ?***

**സുലൈമാൻ, കോട്ടയം**

**ഉത്തരം:** അതേ, നിർബന്ധമാണ്. ഹനഫീ, മാലികീ, ശാഫിഈ, ഹമ്പലീ എന്നീ നാല് മദ്ഹബുകളിൽ ഒന്ന് പിൻപറ്റൽ നിർബന്ധമാണ്. ഈ നാല് മദ്ഹബല്ലാത്ത മറ്റു മദ്ഹബുകൾ (ശിയാക്കളും ഇബാദികളും മറ്റും പിൻപറ്റുന്നവ) പിൻപറ്റാൻ പാടുള്ളതല്ല. (തയ്സീറുത്തഹ്രീർ 4/246, 255, 256, ഫത്ഹുൽഖദീർ 7/257, അൽബഹ്റുർറാഇഖ് 2/315)

***ചോദ്യം: ചെറിയ കുട്ടികൾ മെത്തയിൽ മൂത്രമൊഴിച്ചാൽ മെത്ത കഴുകാൻ കഴിയാത്ത സാഹചര്യത്തിൽ എങ്ങനെയാണത് ശുദ്ധീകരിക്കേണ്ടത്?***

**സാജിദ സത്താർ, എരുമേലി**

**ഉത്തരം:** (പാല് അല്ലാത്ത ഭക്ഷണങ്ങൾ കഴിച്ചിട്ടില്ലാത്ത കുട്ടിയുടേത് ഉൾപ്പെടെ) മനുഷ്യമൂത്രം കഠിനമായ നജസുകളുടെ കൂട്ടത്തിൽ പെട്ടതാണ്. ഒരു ദിർഹമിന്റെ അളവ്/ഉള്ളം കയ്യിന്റെ അളവ് വരെ അതിൽ അഫ്വ്(ഇളവ്) ഉണ്ട്. കഴുകേണ്ടതില്ല. അതിലധികമാണെങ്കിൽ മൂന്നോ അതിലധികമോ തവണ ആവർത്തിച്ച് ശുദ്ധിയാകുന്നതു വരെ കഴുകൽ നിർബന്ധമാണ്. (അല്ലുബാബ് പേ:80-81) നല്ല വെയിലുള്ള ദിവസങ്ങളിൽ മെത്ത കഴുകി ഉണക്കിയെടുക്കാമല്ലോ. അല്ലെങ്കിൽ മെത്ത ഉപേക്ഷിക്കുന്നതാണ് നല്ലത്.

***ചോദ്യം: എത്ര കിലോമീറ്റർ യാത്ര ചെയ്താലാണ് നിസ്കാരത്തിൽ ഖസ്ർ നിർബന്ധമാകുന്നത്? യാത്രയിൽ ഒരു സ്ഥലത്ത് ഒന്നിലധികം ദിവസം താമസിച്ചാൽ ഖസ്ർ നിർബന്ധമുണ്ടോ?***

**അബ്ദുൽ ജലീൽ, ഈരാറ്റുപേട്ട**

**ഉത്തരം:** മൂന്ന് രാപകലുകൾ ഒട്ടകപ്പുറത്തോ നടന്നോ സഞ്ചരിക്കുന്ന ദൂരമുള്ള യാത്രയിലാണ് ഖസ്ർ നിർബന്ധമാകുന്നത്. ഇത് 92 കിലോമീറ്ററാണെന്ന് മുഫ്തി ജലാലുദ്ദീൻ അംജദിയുടെ അൻവാറേ ശരീഅത്ത് എന്ന ഗ്രന്ഥത്തിന്റെ അടിക്കുറിപ്പിലും (പേ: 70) മുഫ്തി ഇല്യാസ് ഖാദിരി അത്വാരിയുടെ മുസാഫിർ കീ നമാസ് എന്ന ഗ്രന്ഥത്തിലും (പേ: 4) അല്ലാമ അബ്ദുസ്സത്താർ ഹംദാനിയുടെ മുഅ്മിൻ കീ നമാസ് എന്ന ഗ്രന്ഥത്തിലും (പേ: 232) രേഖപ്പെടുത്തിയിരിക്കുന്നു. മുഅ്മിൻ കീ നമാസ് എന്ന ഗ്രന്ഥത്തിൽ 57.5 മൈൽ ആണ് പ്രസ്തുത ദൂരമെന്ന് ബഹാറേ ശരീഅത്ത് (4/76), ഫതാവാ റള്വിയ്യ(3/667) എന്നീ ഗ്രന്ഥങ്ങളെ ഉദ്ധരിച്ചുകൊണ്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു മൈൽ 1.60934 കി.മീ ആണെന്നും അതനുസരിച്ച് 57.5 മൈൽ 92.53705 കി.മീ (57.5 × 1.60934) ആണെന്നും വിശദീകരിച്ചിട്ടുണ്ട്.

ഇത്രയും ദൈർഘ്യമുള്ള സ്ഥലം ലക്ഷ്യമാക്കി യാത്ര ആരംഭിക്കുന്നയാൾ സ്വന്തം നാടിന്റെ അതിർത്തി വിട്ടു കടക്കുന്നതു മുതൽ ഖസ്റാക്കി നിസ്കരിക്കൽ നിർബന്ധമാണ്. ഒരു പ്രദേശത്ത് പതിനഞ്ചു ദിവസമോ അതിലധികമോ താമസിക്കാൻ ഉദ്ദേശിക്കുകയോ അങ്ങനെ ഉദ്ദേശിച്ച സ്ഥലത്തേക്കെത്തുകയോ ചെയ്താൽ പിന്നീട് ഖസ്റാക്കി നിസ്കരിക്കാൻ പാടില്ല; പൂർണമായി നിസ്കരിക്കണം. പതിനഞ്ചിൽ കുറഞ്ഞ ദിവസങ്ങൾ യാത്രക്കിടയിൽ താമസിക്കുകയോ അങ്ങനെ താമസിക്കാൻ ഉദ്ദേശിച്ച സ്ഥലത്തേക്ക് എത്തുകയോ ചെയ്താൽ നിസ്കാരം പൂർത്തിയാക്കാൻ പാടില്ല. ഖസ്ർ ആക്കി തന്നെ നിസ്കരിക്കൽ നിർബന്ധമാണ്. (അല്ലുബാബ്, 1/116,117)

***ചോദ്യം: യാത്രയിൽ നിസ്കാരം ഖളാആകുമെന്ന് ഉറപ്പായാൽ ശാഫിഈ മദ്ഹബിലുള്ളതു പോലെ ജംആക്കി നിസ്കരിക്കാൻ നിയമമുണ്ടോ?***

**ഫാത്തിമ സുൽത്താന, വണ്ടിപ്പെരിയാർ**

**ഉത്തരം:** അതേ. പൂർണ്ണമായും മദ്ഹബ് മാറാതെ ഒരു കാര്യത്തിൽ മാത്രം മറ്റൊരു മദ്ഹബ് അനുസരിച്ച് പ്രവർത്തിക്കാവുന്നതാണ്. (ഇമാം ഹസ്സൻ അൽസുറുമ്പുലാലി അൽഹനഫി - അൽ ഇഖ്ദുൽ ഫരീദ് പേ: 29)



ആത്മയാനം – 12

അലി സഖാഫി പുൽപ്പറ്റ

# ഖിർഖ: വിനയത്തിന്റെ വസ്ത്രം

തന്റെ ആത്മീയശൃംഖലയിൽ കണ്ണി ചേർത്ത് ശൈഖ് മുരീദിനു ധരിപ്പിക്കുന്ന സ്ഥാനവസ്ത്രമാണ് ഖിർഖ. തുണിക്കഷ്ണം എന്നാണ് വാക്കർത്ഥം. സൂഫീസരണിയിൽ പ്രവേശിക്കുന്നതിന്റെ പ്രഥമപടിയാണ് ഈ ഖിർഖ ധാരണം. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് തന്റെ മനസ്സും ശരീരവും നിയന്ത്രിച്ച് സജ്ജമാക്കാനുള്ള ശൈഖിന്റെ അധികാരം അംഗീകരിക്കുകയും ഏതാജ്ഞയും അനുസരിക്കുമെന്ന് പ്രഖ്യാപിക്കുകയുമാണ് മുരീദ് ഖിർഖ ധരിക്കുന്നതിലൂടെ ചെയ്യുന്നത്.

ഉബാദതുബ്നുസ്വാമിത്(റ) പറയുന്നു: 'ക്ഷാമത്തിലും ക്ഷേമത്തിലും സന്തോഷവേളയിലും വിരസതയിലും കൽപ്പനകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യും, അധികാരികളുടെ ആജ്ഞയെ ചൊല്ലി ഞങ്ങൾ കലഹിക്കുകയില്ല, എവിടെയായിരുന്നാലും ഞങ്ങൾ സത്യം പറയും, അല്ലാഹുവിന്റെ മാർഗത്തിൽ ഒരാളുടെയും ആക്ഷേപത്തെ ഭയക്കുകയില്ല എന്നു ഞങ്ങൾ തിരുദൂതരുടെ കരംഗ്രഹിച്ച് പ്രതിജ്ഞ ചെയ്തു.' (ബുഖാരി, മുസ്‌ലിം)

തിരുസവിധത്തിൽ വെച്ച് സ്വഹാബികൾ ചെയ്ത പ്രതിജ്ഞയാണിത്. പ്രസ്തുത പ്രതിജ്ഞയെ മറ്റൊരുതരത്തിൽ ആവിഷ്കരിക്കുകയാണ് ഖിർഖ ധാരണത്തിലൂടെ. ശൈഖിന്റെ സഹവാസവും ശിഷ്യത്വവും സ്വീകരിക്കുന്നതിന്റെ ആദ്യ കടമ്പയാണിത്. 'ഗുരുനാഥനില്ലാത്തവന്റെ നായകൻ പിശാചാണ്' എന്ന അബൂയസീദിന്റെ വാക്കുകൾ ഇതിനോട് ചേർത്തു വായിക്കുക.

പരിപാലിക്കപ്പെടാത്ത പറമ്പുകളിലും പർവ്വതങ്ങളിലും വളരുന്ന വൃക്ഷങ്ങളിൽ ഫലങ്ങൾ കായ്ക്കുമെങ്കിലും തോട്ടങ്ങളിൽ നട്ടു നനച്ചുണ്ടാക്കുന്നവയുടെ ഓജസ്സും രുചിയും മണവും അവയ്ക്കുണ്ടാവില്ല. തൈകൾ പിരിച്ചെടുത്ത് വളവും വെള്ളവും വെളിച്ചവും ലഭിക്കുന്ന വിളനിലങ്ങളിൽ നട്ടുവളർത്തിയാൽ അവ നന്നായി തഴച്ചുവളരുകയും കൂടുതൽ ഫലങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യും. ആത്മീയഗുരുവിന്റെ തർബിയ്യത് ലഭിക്കുന്ന സാധകന്റെ സ്ഥിതിയും മറിച്ചല്ല. പരിശീലനം സിദ്ധിച്ച നായ പിടിച്ചുകൊന്ന ജീവിയെ അറുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും അതു ഭക്ഷ്യയോഗ്യമാണെന്നാണു മതവിധി. പരിശീലിപ്പിക്കപ്പെടാത്ത നായ കൊന്നത് ഭക്ഷിക്കാവതുമല്ല. പരിശീലനത്തിന്റെ പ്രസക്തി ഇതിൽ നിന്നു ഗ്രഹിക്കാം.

തിരുദൂതരിലും അനുചരന്മാരിലും ഇതിന് ഉത്തമമാതൃകയുണ്ട്. സ്വഹാബിമാർ സർവ്വകാര്യങ്ങളും തിരുനബി(സ)യിൽ നിന്നു പകർന്നെടുത്തതാണ്. 'നിങ്ങൾക്കു നിങ്ങളുടെ നബി സർവ്വകാര്യങ്ങ

ളും പഠിപ്പിച്ചിരിക്കുന്നു; ശുചിമുറിയിൽ പോകുന്നതു പോലും' എന്ന് ബഹുദൈവ വിശ്വാസികൾ പറഞ്ഞിരുന്നതായി സൽമാനുൽ ഫാരിസി(റ) ഉദ്ധരിച്ചിട്ടുണ്ട്. (മുസ്‌ലിം)

പ്രവാചകരിൽ നിന്ന് പരമ്പരാഗതമായി കൈമാറി വന്ന ആത്മീയവെളിച്ചമാണ് ശൈഖ് മുരീദിന്റെ മനസ്സിൽ തെളിയിച്ചു കൊടുക്കുന്നത്; ഒരു വിളക്കിൽ നിന്ന് മറ്റൊരു വിളക്കിലേക്കു തീ പകരുന്നതു പോലെ. നിരന്തര സഹവാസത്തിലൂടെയാണ് ഈ പ്രകാശകൈമാറ്റം സാധ്യമാകുന്നത്. അതിന്റെ മുന്നോടിയാണ് ഖിർഖധാരണം.

ഖിർഖ ധരിക്കുന്നതു വഴി മുരീദ് ശൈഖിന്റെ നടപടികളിൽ പൂർണ്ണസംതൃപ്തനാകും. തെറ്റിദ്ധാരണകൾ നീക്കി സർവ്വാത്മനാ വിധേയപ്പെടും. യോഗ്യനായ ഗുരുവിനെ നിരൂപിക്കുന്നതും സംശയിക്കുന്നതും ശിഷ്യനെ സംബന്ധിച്ച് മാരകവിഷമാണ്. അത്തരം വിഷാംശമുള്ള സംശയവുമായി കഴിയുന്ന ശിഷ്യൻ വിജയിക്കുകയില്ല. ഗുരുവിന്റെ വ്യവഹാരങ്ങളുടെ പൊരുളറിയാതെ വന്നപ്പോൾ ഖളിർ(അ)ന്റെ പ്രവൃത്തികളെ സംശയിച്ച മൂസാനബി(അ)യുടെ അനുഭവം ഓർക്കണം. പ്രത്യക്ഷത്തിൽ കുറ്റകൃത്യങ്ങളെന്നു തോന്നിയേക്കാം. എന്നാൽ വിശദാംശങ്ങളറിഞ്ഞാൽ അതു ശരിയായിരുന്നുവെന്ന് ബോധ്യപ്പെടും.

ഖിർഖ ധരിപ്പിക്കുന്ന ശൈഖിന്റെ കരം തിരുദൂതരുടെ തൃക്കരങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ശൈഖിന്റെ ആജ്ഞാനുവർത്തിയാവുക എന്നതിനർത്ഥം താത്വികമായി അല്ലാഹുവിനും തിരുദൂതർക്കും വഴിപ്പെടലാണ്. 'നിശ്ചയം, താങ്കളോടു പ്രതിജ്ഞ ചെയ്തവരുണ്ടല്ലോ അവർ അല്ലാഹുവിനോടാണു പ്രതിജ്ഞ ചെയ്തിരിക്കുന്നത്' (അൽഫത്ഹ് 10) എന്ന വചനം അതാണു പ്രഘോഷിക്കുന്നത്.

ആത്മീയഗുരുക്കന്മാർ അണിയിക്കുന്ന ഖിർഖകൾ രണ്ടു തരമുണ്ട്; ഖിർഖതുൽഇറാദ, ഖിർഖതുത്തബറുക്. ശിഷ്യത്വം

**പ്രവാചകരിൽ നിന്ന് പരമ്പരാഗതമായി കൈമാറി വന്ന ആത്മീയവെളിച്ചമാണ് ശൈഖ് മുരീദിന്റെ മനസ്സിൽ തെളിയിച്ചു കൊടുക്കുന്നത്; ഒരു വിളക്കിൽ നിന്ന് മറ്റൊരു വിളക്കിലേക്കു തീ പകരുന്നതു പോലെ. നിരന്തര സഹവാസത്തിലൂടെയാണ് ഈ പ്രകാശകൈമാറ്റം സാധ്യമാകുന്നത്. അതിന്റെ മുന്നോടിയാണ് ഖിർഖധാരണം. ഖിർഖ ധരിക്കുന്നതു വഴി മുരീദ് ശൈഖിന്റെ നടപടികളിൽ പൂർണ്ണ സംതൃപ്തനാകും.**

സ്വീകരിക്കുമ്പോൾ ധരിപ്പിക്കുന്ന സൂഫീവസ്ത്രമാണ് ഒന്നാമത്തേത്. അനുഗ്രഹവസ്ത്രമാണു രണ്ടാമത്തേത്. മുറബ്ബിയായ ശൈഖ് നിബന്ധനകൾ മേളിച്ച മുരീദിനെ ധരിപ്പിക്കുന്നതാണ് യഥാർത്ഥ ഖിർഖ. സൂഫികളോട് സാരൂപ്യം പ്രാപിക്കാനാഗ്രഹിക്കുന്ന ആർക്കും തബറുക്കിന്റെ ഖിർഖ സ്വീകരിക്കാം. ഇജാസത്തുണ്ടെങ്കിൽ മുറബ്ബിയല്ലാത്ത ശൈഖുമാർക്കും ഇതു നൽകാം.

മുരീദിന്റെ മാനസികാവസ്ഥ മനസ്സിലാക്കിയാണ് അവനു ധരിപ്പിക്കേണ്ട വസ്ത്രമേതാണെന്നു ശൈഖ് തീരുമാനിക്കുക. ശിഷ്യത്വം സ്വീകരിക്കുന്നതിനു മുമ്പേ ദേഹേച്ഛയുടെ പ്രചോദനത്താൽ പരുക്കൻ വസ്ത്രം തിരഞ്ഞെടുക്കുന്നവരുണ്ട്. ഭൗതിക വിരക്തനാണെന്ന് സ്വയം പ്രകടിപ്പിക്കാനാഗ്രഹിക്കുന്നവരാണിവർ. ഇത്തരക്കാർക്ക് മൃദുലമായ ഖിർഖയാകും ശൈഖ് നൽകുക. വസ്ത്രത്തിനു പ്രത്യേക രൂപവും നിശ്ചിത വലുപ്പവും ഇഷ്ടപ്പെടുന്നവരുണ്ട്. അവരുടെ പതിവിനും ഇംഗിതത്തിനും വിപരീതമായ ഖിർഖയാണ് ശൈഖ് നിശ്ചയിക്കുക. ശാരീരികമോഹങ്ങളെ നിർവീര്യമാക്കലാണല്ലോ തസ്വവ്വുഫിന്റെ ലക്ഷ്യം.

മുരീദിന് മോഹഭംഗമുണ്ടാക്കുന്ന വിധത്തിൽ മുഴുവൻ കാര്യങ്ങളിലും ശൈഖ് നിയന്ത്രണങ്ങളേർപ്പെടുത്തും. ഊണ്, ഉറക്കം, ഉടുപ്പ്, സുന്നത്തു നോമ്പ്, നിസ്കാരം, ഖുർആൻ പാരായണം, ദിക്ർ, ഖിദ്മത്, തൊഴിൽ എന്നിവകളിലെല്ലാം ശിഷ്യന്റെ ഇഷ്ടാനിഷ്ടങ്ങൾ ശൈഖ് മനസ്സിലാക്കുകയും സ്വാർത്ഥതകളിൽ നിന്ന് അവനെ മോചിപ്പിക്കാനുതകുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. 'താങ്കളുടെ റബ്ബിന്റെ സരണിയിലേക്ക് യുക്തിപൂർവ്വവും സദുപദേശങ്ങളിലൂടെയും ക്ഷണിക്കുക. ഉൽകൃഷ്ടരൂപത്തിൽ അവരുമായി സംവദിക്കുകയും ചെയ്യുക.' (അന്നഹ്ൽ 125)

സംബോധിതന്റെ നിലയനുസരിച്ചാണ് അവനെ യുക്തി (ഹിക്മത്ത്) ഉപയോഗിച്ചാണോ സാരോപദേശം നൽകിയാണോ സംവാദത്തിലൂടെയാണോ ദീനിലേക്കു ക്ഷണിക്കേണ്ടതെന്നു തീരുമാനിക്കുക. ഇതുപോലെ ശൈഖും തന്റെ ശിഷ്യനെ പഠിച്ച് യുക്തിപൂർവ്വം പരിശീലിപ്പിക്കും.

സർപ്പദംശനമേറ്റ മനുഷ്യൻ വിഷഹാരിയെ അന്വേഷിച്ച് നെട്ടോട്ടമോടുന്നതു പോലെയാണ് സത്യസന്ധനായ മുരീദ്. ഇങ്ങനെ ആത്മാവിനു തീപിടിച്ച ശിഷ്യനെ കണ്ടെത്തുന്ന ഗുരു വളരെ ആർദ്രതയോടെ അവനെ സസൂക്ഷ്മം നിരീക്ഷിച്ച് ശുശ്രൂഷിക്കുന്നു. യോഗ്യനായ വൈദ്യന്റെ ഏതാജ്ഞയും പാലിക്കാൻ പാകപ്പെട്ടവനായിരിക്കും ആത്മചികിത്സക്കു വരുന്ന ശിഷ്യൻ. അപ്പോൾ ശൈഖ് മുരീദിനെ പുതപ്പിക്കുന്ന വസ്ത്രം താൻ അവന്റെ പരിചരണം ഏറ്റെടുത്തിരിക്കുന്നുവെന്ന സുവാർത്ത അറിയിക്കുന്ന ഖിർഖയായി മാറുന്നു. യൂസുഫ് നബി(അ)യുടെ കുപ്പായം യഅ്ഖൂബ് നബി(അ)യെ ധരിപ്പിച്ചപ്പോഴു

ശിഷ്യത്വം സ്വീകരിക്കുന്നതിനു മുമ്പേ ദേഹേച്ഛയുടെ പ്രചോദനത്താൽ പരുക്കൻ വസ്ത്രം തിരഞ്ഞെടുക്കുന്നവരുണ്ട്. ഭൗതിക വിരക്തനാണെന്ന് സ്വയം പ്രകടിപ്പിക്കാനാഗ്രഹിക്കുന്നവരാണിവർ. ഇത്തരക്കാർക്ക് മൃദുലമായ ഖിർഖയാകും ശൈഖ് നൽകുക. വസ്ത്രത്തിനു പ്രത്യേക രൂപവും നിശ്ചിത വലുപ്പവും ഇഷ്ടപ്പെടുന്നവരുണ്ട്. അവരുടെ പതിവിനും ഇംഗിതത്തിനും വിപരീതമായ ഖിർഖയാണ് ശൈഖ് നിശ്ചയിക്കുക.



ണ്ടായ മാറ്റം പോലെ ശിഷ്യന് അതനുഭവപ്പെടും.

നംറൂദ് ഇബ്റാഹീംനബി(അ)യെ അഗ്നികുണ്ഡത്തിലെറിഞ്ഞപ്പോൾ ജിബ്രീൽ(അ) വന്ന് അണിയിച്ചു കൊടുത്ത കുപ്പായമായിരുന്നു യൂസുഫ് നബി(അ)യുടെ വശമുണ്ടായിരുന്നത്. ഇബ്റാഹീം നബി(അ)നു ശേഷം ഇസ്ഹാഖ് നബി(അ)മും പിന്നീട് യഅ്ഖൂബ് നബി(അ)മും അതു കൈവശം വെച്ചു. അദ്ദേഹം യൂസുഫ് നബി(അ)ന്റെ സുരക്ഷ പരിഗണിച്ച് അതൊരു ഏലസാക്കി കഴുത്തിൽ കെട്ടിക്കൊടുത്തു. അതു വഴി ധാരാളം അനുഗ്രഹങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. സഹോദരന്മാർ യൂസുഫ് നബി(അ)യെ കിണറ്റിലിട്ടപ്പോൾ ജിബ്രീൽ(അ) വന്ന് ആ കുപ്പായം പുറത്തെടുത്ത് അദ്ദേഹത്തെ ധരിപ്പിച്ചു.

പ്രസ്തുത കുപ്പായത്തിന്റെ സവിശേഷതകൾ യൂസുഫ് നബി(അ)ക്ക് വ്യക്തമായി അറിയാമായിരുന്നു. പുത്രദുഃഖത്താൽ യഅ്ഖൂബ് നബി(അ)ക്കു നഷ്ടപ്പെട്ട കാഴ്ച തിരിച്ചുകിട്ടാൻ തന്റെ കുപ്പായം ധരിപ്പിച്ചാൽ മതിയെന്ന് യൂസുഫ് നബി(അ)നെ ഉപദേശിച്ചത് ജിബ്രീലാണ്. സ്വർഗീയവാസനയുള്ള ആ വിശിഷ്ട വസ്ത്രം ഏതു രോഗിയെയും സുഖപ്പെടുത്തുമെന്നും അറിയിച്ചു.

ഇതുപോലെ ശൈഖ് ധരിപ്പിക്കുന്ന ഖിർഖ മുരീദിനു സ്വർഗ്ഗത്തിന്റെ നറുമണം പ്രദാനം ചെയ്യും. അതവന്റെ ആത്മീയരോഗങ്ങളെ ഭേദപ്പെടുത്തും. അകക്കണ്ണിനു കാഴ്ചയും മൂർച്ചയും വെളിച്ചവും നൽകും.

സൂഫികളുടെ വേഷം ധരിച്ച് ബറകത്തെടുക്കുകയെന്നേ തബറുകിന്റെ ഖിർഖ കൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ. യഥാർത്ഥ മുരീദിനുണ്ടായിരിക്കേണ്ട നിബന്ധനകൾ ഇവർക്കാവശ്യമില്ല. എങ്കിലും അവരോട് ശരീഅത്തുനിയമങ്ങൾ പാലിച്ചു ജീവിക്കാൻ ശൈഖ് ഉപദേശിക്കും. സാത്വികരായ സൂഫിവര്യന്മാരുമായുള്ള സമ്പർക്കം മൂലം അവരുടെ വാസനയും സ്വഭാവവും ഇവരിലേക്ക് പടർന്നുകയറും. അതിന്റെ ബറകത്ത് കൊണ്ട് ഇവരിൽ മനംമാറ്റമുണ്ടാ



**ഖിർഖ തസ്വവ്വുഫിന്റെ നിർബന്ധ ഘടകമല്ല. ഒരു ഖിർഖയും ധരിപ്പിക്കാത്ത ധാരാളം മശാഇഖുമാരുണ്ട്. പൂർവികരായ മഹത്തുക്കൾക്ക് ഖിർഖയെക്കുറിച്ച് അറിയുക പോലുമില്ലായിരുന്നു. അവരത് ശിഷ്യന്മാരെ ധരിപ്പിച്ചിരുന്നുമില്ല. ധരിപ്പിക്കുന്നവർക്ക് ശരിയായ ലക്ഷ്യമുണ്ട്. അതിന് തിരുചര്യയിൽ അടിസ്ഥാനവും പ്രാമാണിക തെളിവുമുണ്ട്. ധരിപ്പിക്കാത്തവർക്കും തഥൈവ.**

വുകയും പതിയെ യഥാർത്ഥ ഖിർഖ ധരിക്കാൻ പ്രചോദിതരും യോഗ്യരുമാകുകയും ചെയ്യും. അതിനാൽ ആവശ്യപ്പെടുന്ന വർക്കെല്ലാം ശൈഖ് തബറുക്കിന്റെ ഖിർഖ നൽകും. എന്നാൽ പൂർണ്ണാർത്ഥത്തിലുള്ള ഖിർഖ നിബന്ധനകളൊത്ത മുരീദിനേ നൽകൂ.

പൊതുവിൽ കടുംനീല നിറമുള്ള ഖിർഖയാണ് ശൈഖുമാർ ധരിപ്പിക്കാറുള്ളത്. അത വരുടെ സ്വാതന്ത്ര്യമാണ്. ഒരു ശൈഖ് ഏതു നിറമുള്ള ഖിർഖ തിരഞ്ഞെടുത്താലും അതിനെ വിമർശിക്കാവതല്ല. മശാഇഖുമാർ സന്ദർഭാനുസൃതം തീരുമാനങ്ങൾ കൈക്കൊള്ളുന്നവരാണ്.

ജനങ്ങൾക്കു സേവനം ചെയ്യാൻ കൂടുതൽ സഹായകമാകുമെന്നതിനാൽ കുറിയ കൈയുള്ള കുപ്പായമാണു ഫഖീറുമാർ ധരിക്കാറുണ്ടായിരുന്നത്. വസ്ത്രത്തിന്റെ നിറത്തിലും രൂപത്തിലുമുള്ള മുരീദിന്റെ ഇഷ്ടാനിഷ്ടങ്ങൾ മാറുന്നതിനനുസരിച്ച് ശൈഖ് ഖിർഖ മാറ്റി ധരിപ്പിക്കുന്നതിനും വിരോധമില്ല. ദേഹേച്ഛയെ ചികിത്സിച്ചു ഭേദമാക്കുകയാണല്ലോ ലക്ഷ്യം. നീല നിറത്തിലുള്ള ഖിർഖയാണ് പലരും ധരിപ്പിക്കാറുള്ളത്. അഴുക്ക് പ്രകടമാകാത്തതു കാരണം കൂടുതൽ കഴുകി സമയം കളയേണ്ടതില്ല എന്നതാണ് ഈ നിറത്തിനുള്ള പ്രത്യേകത. മറ്റൊരു സവിശേഷതയും അതിനില്ല. സൂഫീ വേഷം കെട്ടിയ ചിലർ നീല നിറത്തിനു പല പൊരുളുകളുമുണ്ടെന്ന് അവകാശപ്പെടാറുണ്ട്. മതപരമായി ഒരടിത്തറയും അതിനില്ല.

ശൈഖ് സദീദുദ്ദീൻ അബുൽ ഫഖ്ർ അൽഹമദാനി(റ) പറയുന്നു: 'ഞാൻ ബഗ്ദാദിൽ ശൈഖ് അബൂബക്ർ അശ്ശുറൂത്വി(റ)യുടെ സമീപത്തു നിൽക്കവെ ആശ്രമത്തിനകത്തു നിന്ന് ഒരു ഫഖീർ പുറത്തുവന്നു. അഴുക്കു പുരണ്ട വസ്ത്രമായിരുന്നു അദ്ദേഹം ധരിച്ചിരുന്നത്. ഒരാൾ അദ്ദേഹത്തോടു ചോദിച്ചു: 'താങ്കൾ എന്തുകൊണ്ട് വസ്ത്രം അലക്കുന്നില്ല?'

അദ്ദേഹം: 'സഹോദരാ, എനിക്കതിന് ഒഴിവു കിട്ടുന്നില്ല?'

ശൈഖ് ഹമദാനി(റ) തുടരുന്നു: 'ആ ഫഖീറു പറഞ്ഞ 'എനിക്ക് ഒഴിവു ലഭിക്കുന്നില്ല' എന്ന വാക്യത്തിന്റെ മാധുര്യം ഞാനിന്നും ആസ്വദിച്ച് ഓർത്തുകൊണ്ടിരിക്കുന്നു. അദ്ദേഹം സത്യസന്ധനാണ്. അതിനാൽ ആ വാക്കിൽ അവാച്യമായ ആനന്ദമുണ്ട്. അതു സ്മരിക്കുന്നതിലൂടെ എനിക്കതിന്റെ ബറകത്തു ലഭിക്കും.'

ഫഖീറുമാർ കളർവസ്ത്രം തിരഞ്ഞെടുക്കുന്നതിന് ഇത്രയേ അർത്ഥമുള്ളൂ. അവർക്കൊരു ലക്ഷ്യമുണ്ട്. അലക്കി വെളുപ്പിച്ചു നടക്കാൻ അവർക്കു സമയമില്ല. ആരാധനകളിൽ മുഴുകി അല്ലാഹുവിൽ ലയിച്ചിരിക്കുവാൻ ഒരു നിമിഷമെങ്കിലും അധികം ലഭിക്കുവാനുള്ള മാർഗമാണ് അവരുടെ നോട്ടം. ആരാധനക്ക് കൂടുതൽ സമയം കണ്ടെത്തുക എന്ന പരിഗണനയില്ലെങ്കിൽ വെള്ള വസ്ത്രമാണ് ഉത്കൃഷ്ടം.

ഖിർഖ തസ്വവ്വുഫിന്റെ നിർബന്ധ ഘടകമല്ല. ഒരു ഖിർഖയും ധരിപ്പിക്കാത്ത ധാരാളം മശാഇഖുമാരുണ്ട്. പൂർവികരായ മഹത്തുക്കൾക്ക് ഖിർഖയെക്കുറിച്ച് അറിയുക പോലുമില്ലായിരുന്നു. അവരത് ശിഷ്യന്മാരെ ധരിപ്പിച്ചിരുന്നുമില്ല. ധരിപ്പിക്കുന്നവർക്ക് ശരിയായ ലക്ഷ്യമുണ്ട്. അതിന് തിരുചര്യയിൽ അടിസ്ഥാനവും പ്രാമാണിക തെളിവുമുണ്ട്. ധരിപ്പിക്കാത്തവർക്കും തഥൈവ. അതിനാൽ ഖിർഖ മുരീദിന്റെ യോഗ്യതയുടെ ചിഹ്നമല്ല. ഖിർഖ ധരിച്ചതു കൊണ്ട് സൂഫിയാവുകയോ ധരിക്കാത്തവർ സൂഫികളല്ലാതാവുകയോ ഇല്ല. മനസ്സിന്റെ ശുദ്ധിയും ആരാധനകളിലെ നിഷ്കളങ്കതയും സുകൃതങ്ങളുടെ വർദ്ധനവുമാണ് തസ്വവ്വുഫിന്റെ ആണിക്കല്ല്.

ലൈഫ്സ്റ്റൈൽ

ജാഷിർ കുന്നളം

# കൗമാരത്തിന് മാതൃകയാവാം

മാതാപിതാക്കൾ വെറും വഴികാട്ടികൾ മാത്രമല്ല, മക്കളുടെ ജീവിതത്തിലെ ആദ്യത്തെതും പ്രധാനപ്പെട്ടതുമായ മാതൃകകളാണ്. കുട്ടികൾ ലോകത്തെ കാണുന്ന കണ്ണാടിയാണ് മാതാപിതാക്കൾ. നമ്മൾ പറയുന്ന ഓരോ വാക്കും, ചെയ്യുന്ന ഓരോ പ്രവൃത്തിയും, മറ്റുള്ളവരുമായി ഇടപെടുന്ന രീതിയും കുട്ടികൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്യുന്നു. ഈ നിരീക്ഷണത്തിലൂടെയാണ് അവർ ശരിയും തെറ്റും തിരിച്ചറിയുന്നതും സ്വന്തം വ്യക്തിത്വം രൂപപ്പെടുത്തുന്നതും.

സത്യസന്ധത, ദയ, ക്ഷമ, കഠിനാധ്വാനം തുടങ്ങിയ നല്ല മൂല്യങ്ങൾ മാതാപിതാക്കൾ ജീവിതത്തിൽ പ്രകടിപ്പിക്കുമ്പോൾ, കുട്ടികൾ സ്വാഭാവികമായും അത് പഠിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. എന്നാൽ, ദേഷ്യം, അസഹിഷ്ണുത, ഉത്തരവാദിത്തമില്ലായ്മ തുടങ്ങിയ ദുർഗുണങ്ങൾ കണ്ടുവളരുമ്പോൾ കുട്ടികൾ അത് അനുകരിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട്, തങ്ങളുടെ മക്കൾ എങ്ങനെ വളരണമെന്ന് മാതാപിതാക്കൾ ആഗ്രഹിക്കുന്നുവോ, അതുപോലെ സ്വയം ജീവിച്ച് കാണിക്കാൻ അവർ ശ്രദ്ധിക്കണം. നമ്മുടെ കുട്ടികൾ സമൂഹത്തിൽ എങ്ങനെ പെരുമാറണമെന്ന് നമ്മൾ ആഗ്രഹിക്കുന്നുവോ, അതുപോലെയായിരിക്കണം നമ്മുടെ പെരുമാറ്റം.

ഒരു പിതാവിന് വഴിമധ്യേ മകന്റെ മർദ്ദനമേൽക്കുകയുണ്ടായി. അതേക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ എന്റെ പിതാവിനെ അടിച്ച അതേ സ്ഥലമാണിത്.' (തൻബീഹുൽ ഗാഫിലീൻ). ഈ സംഭവം സൂചിപ്പിക്കുന്നത്, നമ്മുടെ പ്രവൃത്തികൾ ഒരുനാൾ മക്കളിലൂടെ നമ്മളിലേക്ക് തന്നെ തിരിച്ചെത്തിയേക്കാമെന്നാണ്.

അതുകൊണ്ടുതന്നെ, അവർക്ക് നാം നൽകുന്ന ഏറ്റവും വലിയ സമ്മാനം നമ്മുടെ ജീവിതമാണ്. ശക്തമായ മൂല്യബോധമുള്ള, ഉത്തരവാദിത്തമുള്ള, സമൂഹത്തിന് ഉപകരിക്കുന്ന വ്യക്തികളായി മക്കളെ വാർത്തെടുക്കുന്നതിൽ മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതശൈലിക്ക് അതിപ്രധാനമായ പങ്കുണ്ട്.



സത്യസന്ധത, ദയ, ക്ഷമ നല്ല മൂല്യങ്ങൾ മാതാപിതാക്കൾ ജീവിതത്തിൽ പ്രകടിപ്പിക്കുമ്പോൾ, കുട്ടികൾ സ്വാഭാവികമായും അത് പഠിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. എന്നാൽ, ദേഷ്യം, അസഹിഷ്ണുത, ഉത്തരവാദിത്തമില്ലായ്മ തുടങ്ങിയ ദുർഗുണങ്ങൾ കണ്ടുവളരുമ്പോൾ കുട്ടികൾ അത് അനുകരിക്കാൻ സാധ്യതയുണ്ട്. മക്കൾ എങ്ങനെ വളരണമെന്ന് ആഗ്രഹിക്കുന്നുവോ, അതുപോലെ ജീവിച്ചു കാണിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

## മര്യാദ പഠിപ്പിക്കുക

നിത്യജീവിതത്തിൽ പാലിക്കേണ്ട മര്യാദകളും നല്ല ശീലങ്ങളും മക്കൾക്ക് പറഞ്ഞുകൊടുക്കേണ്ടത് വലിയ സൽകർമ്മവും മാതാപിതാക്കളുടെ പ്രധാനപ്പെട്ട ഉത്തരവാദിത്തവുമാണ്. ഒരാൾ തന്റെ മകനെ മര്യാദ പഠിപ്പിക്കുന്നത് ഒരു സ്വാഅ് ദാനം ചെയ്യുന്നതിനെക്കാൾ ഉത്തമമാണെന്നും, നല്ല അച്ചടക്കത്തെക്കാൾ മികച്ച യാതൊന്നും ഒരു പിതാവിനു തന്റെ കുട്ടിക്ക് നൽകാനാവില്ലെന്നും തിരുദൂതർ (സ) പഠിപ്പിക്കുന്നുണ്ട്. 'ചെറുപ്പത്തിലേ ചില്ലകൾ വളച്ചാൽ നേരെയാകും, എന്നാൽ മരമായിക്കഴിഞ്ഞാൽ അത് നേരെയാക്കാൻ കഴിയില്ല' എന്ന് പറയുന്നതുപോലെ, കുട്ടിക്കാലത്ത് നൽകുന്ന അച്ചടക്കവും മൂല്യബോധവുമാണ് അവരുടെ ഭാവിയിൽ എപ്പോഴും പ്രതിഫലിക്കുക.

## വിവിധ പാരന്റിംഗ് രീതികൾ

കുട്ടികളെ വളർത്തുന്നതിൽ രക്ഷിതാക്കൾ പലതരം സമീപനങ്ങൾ സ്വീകരിക്കാറുണ്ട്. ഈ രീതികളെയാണ് പാരന്റിംഗ് ശൈലികൾ എന്ന് പറയുന്നത്. ഓരോ ശൈലിയും കുട്ടികളുടെ സ്വഭാവത്തിലും വളർച്ചയിലും വലിയ സ്വാധീനം ചെലുത്തുന്നവയാണ്. പ്രധാനമായും നാല് തരം പാരന്റിംഗ് ശൈലികളാണുള്ളത്: അതോറിറ്റേറിയൻ, അതോറിറ്റേറ്റീവ്, പെർമിസീവ്, അൺ ഇൻവോൾവ്ഡ് പാരന്റിംഗുകൾ.

**1. അതോറിറ്റേറിയൻ പാരന്റിംഗ്:** കുട്ടികളുടെമേൽ അമിതമായ അധികാരം അടിച്ചേൽപ്പിക്കുകയും, അവരുടെ അഭിപ്രായങ്ങൾക്ക് യാതൊരു വിലയും കൽപ്പിക്കാതിരിക്കുകയും ചെയ്യുന്ന രീതിയാണിത്. എല്ലാ കാര്യങ്ങളിലും പൂർണ്ണ നിയന്ത്രണം വേണമെന്ന് ഇത്തരം രക്ഷിതാക്കൾ ആഗ്രഹിക്കുന്നു. കുട്ടികൾ സ്വന്തമായി അഭിപ്രായം പറയുന്നതോ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതോ ഇവർക്ക് ഇഷ്ടമല്ല. ഇത് കുട്ടികളിൽ മാതാപിതാക്കളോട് വെറുപ്പ് വർദ്ധിപ്പിക്കാനും മാനസികമായ അകൽച്ചയ്ക്കും കാരണമാകുന്നു. ഈ അകൽച്ച പിന്നീട് ലഹരി ഉപയോഗം പോലെയുള്ള പ്രവർത്തനങ്ങളിലേക്ക് അവരെ നയിച്ചേക്കാം.

ഈ ശൈലിയുടെ ഒരു രൂപമാണ് ഹെലികോപ്റ്റർ പാരന്റിംഗ്. ഹെലികോപ്റ്റർ ഒരു പ്രത്യേക സ്ഥലത്ത് കറങ്ങുന്നതുപോലെ, മാതാപിതാക്കളും കുട്ടികൾക്കു ചുറ്റും കറങ്ങുകയും അനങ്ങാൻ പോലും സമ്മതിക്കാതെ അമിത നിയന്ത്രണം അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു.

**2. അതോറിറ്റേറ്റീവ് പാരന്റിംഗ്:** കുട്ടികൾക്ക് നിയന്ത്രണങ്ങൾ വെക്കുമ്പോഴും, അവരുടെ അഭിപ്രായങ്ങൾക്കും ഇഷ്ടങ്ങൾക്കും പ്രാധാന്യം നൽകുന്ന പാരന്റിംഗ് രീതിയാണിത്. കുട്ടികളുമായി നല്ല ബന്ധം സ്ഥാപിക്കാൻ ഈ രീതി വളരെ ഫലപ്രദമാണ്. ഈ രീതിയിൽ രക്ഷിതാക്കൾ കുട്ടികളോട് കാര്യങ്ങൾ ചെയ്യാൻ ആവശ്യപ്പെടുമ്പോൾ, എന്തുകൊണ്ടാണ് അങ്ങനെ ചെയ്യുന്നതെന്ന് അവർക്ക് വിശദീകരിച്ച് കൊടുക്കാൻ ശ്രമിക്കാറുണ്ട്. ഈ രീതിയാണ് ഏറ്റവും മികച്ച പാരന്റിംഗ് ശൈലിയായി കണക്കാക്കുന്നത്.

**3. പെർമിസീവ് പാരന്റിംഗ്:** കാര്യമായ നിയന്ത്രണങ്ങളില്ലാതെ എല്ലാ സ്വാതന്ത്ര്യവും കുട്ടികൾക്കു നൽകുന്ന രീതിയാണിത്. രക്ഷിതാക്കൾ ഒരു സുഹൃത്തിനെപ്പോലെ പെരുമാറുകയും, തങ്ങളുടെ കുട്ടികൾ തെറ്റ് ചെയ്യില്ലെന്ന അമിതവിശ്വാസം പുലർത്തുകയും ചെയ്യുന്നു. പലപ്പോഴും തെറ്റുകൾ തിരുത്താൻ പോലും ഇവർ തയ്യാറാകാറില്ല. ഈ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്ത് പലപ്പോഴും മക്കൾ വഴിതെറ്റാൻ സാധ്യതയുണ്ട്.

**4. അൺഇൻവോൾവ്ഡ് പാരന്റിംഗ്:** കുട്ടികളുടെ കാര്യങ്ങളിൽ ഒരു ശ്രദ്ധയും കാണിക്കാത്ത പാരന്റിംഗ് രീതിയാണിത്. കുട്ടികളുടെ പ്രാഥമികാവശ്യങ്ങൾ പോലും നിറവേറ്റാനോ അവരുടെ പ്രശ്നങ്ങൾക്ക് ചെവികൊടുക്കാനോ ഇവർക്ക് സമയമില്ല. ഈ രീതിയിൽ തങ്ങളുടെ ആവശ്യങ്ങൾ നടക്കുന്നില്ലെന്ന് തോന്നുമ്പോൾ, കുട്ടികൾ മറ്റു മാർഗ്ഗങ്ങൾ തേടാൻ നിർബന്ധിതരാകുന്നു, പ്രത്യേകിച്ച് സാമ്പത്തിക കാര്യങ്ങളിൽ. ഇത്തരം കുട്ടികളെ ചൂഷണം ചെയ്യാൻ പുറത്ത് വലിയ സംഘങ്ങൾ കാത്തിരിക്കുന്നുണ്ടാകാം. ലഹരി ഉപയോഗത്തിലേക്കും മറ്റ് കുറ്റകൃത്യങ്ങളിലേക്കും തിരിയുന്ന കുട്ടികളിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽപ്പെട്ടവരാണെന്ന് പഠനങ്ങൾ പറയുന്നു.

# എസ്.ജെ.എം സയ്യിദലി ബാഫഖി, തെന്നല, വില്യാപ്പള്ളി വീണ്ടും സാരഥികൾ

കോഴിക്കോട്: സുന്നീ ജംഇയ്യത്തുൽമുഅല്ലിമീൻ സെൻട്രൽകമ്മിറ്റി പുനഃസംഘടിപ്പിച്ചു. സമസ്തസെന്റർ ഓഡിറ്റോറിയത്തിൽ നടന്ന വാർഷികകൗൺസിൽ പ്രസിഡന്റായി സയ്യിദലി ബാഫഖി തങ്ങളെയും ജനറൽസെക്രട്ടറിയായി തെന്നല അബൂഹനീഫൽ ഫൈസിയെയും ട്രഷററായി വി.പി.എം ഫൈസി വില്യാപള്ളിയെയും വീണ്ടും തിരഞ്ഞെടുത്തു. മറ്റു ഭാരവാഹികൾ: കെ പി എച്ച് തങ്ങൾ, കെ കെ അഹമ്മദ്കുട്ടി മുസ്‌ലിയാർ, ഡോ. അബ്ദുൽഅസീസ് ഫൈസി, സി എം യൂസുഫ് സഖാഫി, നുജൂമുദ്ദീൻ അമാനി(വൈ.പ്രസി) കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി വി അബൂബക്കർ സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ, അബ്ദുറഹ്മാൻ മദനി ജപ്പു (സെക്രട്ടറിമാർ)

സുന്നി വിദ്യാഭ്യാസ ബോർഡ് മാനേജർ സിപി സൈതലവി മാസ്റ്റർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. ശേഷം പുതിയ എക്സിക്യൂട്ടിവ് ചേർന്ന് വിവിധ ഉപസമിതികളെ തിരഞ്ഞെടുത്തു.

# ഫലസ്തീൻ: ശാശ്വത പരിഹാരം ഉണ്ടാകണം - എസ്.ജെ.എം

കോഴിക്കോട്: ഫലസ്തീനു നേരെയുള്ള ഇസ്രയേൽ അധിനിവേശത്തിന് ശാശ്വത പരിഹാരമാണ് ലോകം ആഗ്രഹിക്കുന്നതെന്ന് എസ് ജെ എം വാർഷിക കൗൺസിൽ. മനുഷ്യത്വം മരവിക്കുന്ന അതിക്രൂരമായ നരഹത്യകളാണ് ഗസ്സയിലും മറ്റു ഫലസ്തീൻ പ്രദേശങ്ങളിലും ഇസ്രയേൽ നടത്തിയത്. യുദ്ധം അവസാനിപ്പിക്കാനും സമാധാനം ഉറപ്പുവരുത്താനും 147ൽ പരം ലോകരാജ്യങ്ങൾ ആവശ്യപ്പെട്ടിട്ടും അധിനിവേശത്തിന് അറുതിയുണ്ടായിട്ടില്ല. വലിയ ആശ്വാസമായി എല്ലാവരും ഉറ്റുനോക്കിയ വെടിനിർത്തൽ കരാറുകൾ ലംഘിച്ചുകൊണ്ടിരിക്കുന്ന ഇസ്രയേൽ ക്രൂരമുഖത്തിന്റെ നേർചിത്രങ്ങളാണ് ഏറ്റവും പുതിയ വാർത്തകളിൽ വ്യക്തമാകുന്നത്. കാലങ്ങളായി തുടരുന്ന ഫലസ്തീൻ പ്രതിസന്ധികൾക്ക് വിരാമമിടുന്ന ശാശ്വത പരിഹാരങ്ങൾക്കു വേണ്ടിയാണ് ലോകരാഷ്ട്രങ്ങൾ കൈകോർക്കേണ്ടതെന്ന് സമസ്തസെന്റർ ഓഡിറ്റോറിയത്തിൽ ചേർന്ന എസ്.ജെ.എം കൗൺസിൽ ആവശ്യപ്പെട്ടു.

## മുഅല്ലിംകൾ പ്രാപ്തരാകണം - വണ്ടൂർ

ഭാവിതലമുറക്ക് അറിവും സംസ്കാരവും പകർന്നുനൽകുന്ന മദ്റസാധ്യാപകർ പുതിയകാലത്ത് മദ്റസപ്രസ്ഥാനം നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കാൻ പ്രാപ്തരാകണമെന്ന് കൗൺസിൽ ഉദ്ഘാടനം ചെയ്ത കേരള മുസ്‌ലിം ജമാഅത്ത് സെക്രട്ടറി വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി ഉദ്ബോധിപ്പിച്ചു. ആധുനിക സമൂഹത്തോട് സംവദിക്കാൻ അധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന സുന്നീ ജംഇയ്യത്തുൽ മുഅല്ലിമീന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് അദ്ദേഹം പറഞ്ഞു. പ്രസിഡന്റ് സയ്യിദലി ബാഫഖി തങ്ങൾ അധ്യക്ഷത വഹിച്ചു. ജന. സെക്രട്ടറി അബൂഹനീഫൽ ഫൈസി സ്വാഗതം പറഞ്ഞു. സെക്രട്ടറി സുലൈമാൻ സഖാഫി കുഞ്ഞുകുളം റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ലേഖനമത്സരത്തിലും ഓൺലൈൻ ക്വിസ് മത്സരത്തിലും 1,2,3 സ്ഥാനങ്ങൾ നേടിയവർക്കുള്ള അവാർഡുകൾ സയ്യിദലി ബാഫഖി വിതരണം ചെയ്തു.

വിധവാപെൻഷൻ, ആശ്വാസം സ്കീം ഫോമുകളുടെ വിതരണോദ്ഘാടനം ട്രഷറർ വി പി എം വില്യാപ്പള്ളി നിർവഹിച്ചു. വാർഷിക പദ്ധതി ബശീർ മുസ്‌ലിയാരും എസ് ബി എസ് പദ്ധതി വി വി അബൂബക്കർ സഖാഫിയും മാഗസിൻ ക്യാമ്പയിൻ പദ്ധതി ഉമർ മദനിയും അവതരിപ്പിച്ചു. ശാഫി സഖാഫി മുണ്ടമ്പ്ര ക്ലാസ് അവതരിപ്പിച്ചു. മജീദ് കക്കാട് സിറാജ് ക്യാമ്പയിൻ വിശദീകരിച്ചു. പ്രൊഫ. എ.കെ അബ്ദുൽഹമീദ്, സി.പി സൈയ്തലവി ചെങ്ങര, മുഹമ്മദലി സഖാഫി വള്ളിയാട് പ്രസംഗിച്ചു. കെ.പി.എച്ച് തങ്ങൾ, സി.എം യൂസുഫ് സഖാഫി, അബ്ദുറഹ്മാൻ മദനി(കർണാടക), ഡോ. അബ്ദുനാസർ മൗലാനാ(തമിഴ്നാട്), ആരിഫ് നിസാമി(മഹാരാഷ്ട്ര), മുജീബ് നഈമി(രാജസ്ഥാൻ), സി.കെ.എം പാടന്തറ(നീലഗിരി) വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. കോട്ടയം റശീദ് മുസ്‌ലിയാർ നന്ദി പറഞ്ഞു.

## 8 മദ്റസകൾക്ക് കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പുതുതായി എട്ട് മദ്റസകൾക്കു കൂടി അംഗീകാരം നൽകി. കോഴിക്കോട്, തൃശൂർ, എറണാകുളം ജില്ലയിൽ നിന്നും കർണാടക, അന്തമാൻദ്വീപ് എന്നിവിടങ്ങളിൽ നിന്നുമുള്ള മദ്റസകൾക്കാണ് പുതുതായി അംഗീകാരം ലഭിച്ചത്.

സമസ്തസെന്ററിൽ നടന്ന ബോർഡ് സെക്രട്ടറിയേറ്റ് യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അദ്ധ്യക്ഷത വഹിച്ചു. കെ.പി മുഹമ്മദ് മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. സയ്യിദ് അബ്ദുൽഫത്താഹ് അവേലം, അബൂഹനീഫൽ ഫൈസി, വി.പി.എം വില്യാപള്ളി, പ്രൊഫ. എ.കെ അബ്ദുൽഹമീദ്, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, കെ.എം.എ റഹീം, സി.പി സൈതലവി മാസ്റ്റർ, എൻ അലി അബ്ദുല്ല, ഡോ. അബ്ദുൽഅസീസ് ഫൈസി, മജീദ് കക്കാട് തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

# സുന്നത്ത്, കുസുമം ക്യാമ്പയിൻ ഡിസംബർ 1-15ന്

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രസിദ്ധീകരണങ്ങളായ സുന്നത്ത്, ബാലകുസുമം മാസികകളുടെ ഈ വർഷത്തെ പ്രചാരണക്യാമ്പയിൻ ഡിസംബർ ഒന്നു മുതൽ 15 കൂടിയ കാലയളവിൽ സംഘടിപ്പിക്കുവാൻ എസ് ജെ എം സെൻട്രൽകമ്മിറ്റി തീരുമാനിച്ചു. ക്യാമ്പയിന്റെ മുന്നോടിയായി നവംബർ ഒന്നിന് കാലിക്കറ്റ്ടവറിൽ മുഅല്ലിം പ്രതിനിധി സംഗമം സംഘടിപ്പിച്ചു. സംസ്ഥാനത്തുടനീളമുള്ള റെയ്ഞ്ച് സെക്രട്ടറിമാരും മാഗസിൻ സെക്രട്ടറിമാരും സംബന്ധിച്ചു.

സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി ഉദ്ഘാടനം ചെയ്തു. കുഞ്ഞുകുളം സുലൈമാൻ സഖാഫി മാഗസിൻ ക്യാമ്പയിൻ പദ്ധതികൾ വിശദീകരിച്ചു. കെ പി എച്ച് തങ്ങൾ, വിപിഎം വില്യാപ്പള്ളി, പ്രൊഫ. എ കെ അബ്ദുൽഹമീദ്, സിപി സൈതലവി ആശംസിച്ചു. റഈസുൽഉലമ ഇ സുലൈമാൻ മുസ്‌ലിയാർ ആശീർവാദ പ്രഭാഷണം നടത്തി പ്രാർത്ഥിച്ചു.

സയ്യിദ് അലി ബാഫഖിയുടെ അധ്യക്ഷതയിൽ സമസ്തസെന്ററിൽ ചേർന്ന സെൻട്രൽകമ്മിറ്റി യോഗം 11 അംഗ സെക്രട്ടറിയേറ്റും സയ്യിദ് അലി ബാഫഖി ചെയർമാനും വിപിഎം ഫൈസി കൺവീനറുമായി മുഅല്ലിം ക്ഷേമനിധിസമിതിയും സയ്യിദ് അലി ബാഫഖി മാനേജിംഗ് എഡിറ്ററും വിപിഎം വില്യാപ്പള്ളി ചീഫ് എഡിറ്ററും കുഞ്ഞുകുളം സുലൈമാൻ സഖാഫി മാനേജറുമായി സുന്നത്ത് പത്രാധിപസമിതിയും താഴെപ്പറയുന്നവർ ചെയർമാൻ, കൺവീനർമാരായി ഉപസമിതികളും തിരഞ്ഞെടുത്തു.

സി എം യൂസഫ് സഖാഫി, കെ ഉമർ മദനി (മാഗസിൻ) നാസർ സഖാഫി, ബശീർ മുസ്‌ലിയാർ (ട്രൈനിംഗ്) കെപിഎച്ച് തങ്ങൾ, വിവി അബൂബക്കർ സഖാഫി(മിഷനറി), സിപി സൈതലവി മാസ്റ്റർ, അബ്ദുറഹ്മാൻ മദനി (എക്സാം) നുജൂമുദ്ദീൻ അമാനി, റശീദ് മുസ്‌ലിയാർ (സതേൺ മേഖല).

നവംബർ 11ന് ലീഡേഴ്സ് ക്യാമ്പ് നോളജ്സിറ്റിയിൽ സംഘടിപ്പിക്കുവാനും തീരുമാനിച്ചു. യോഗത്തിൽ കുഞ്ഞുകുളം സുലൈമാൻ സഖാഫി റിപ്പോർട്ട് അവതരിപ്പിച്ചു. അബൂഹനീഫൽ ഫൈസി സ്വാഗതം പറഞ്ഞു. വിപിഎം വില്യാപ്പള്ളി, പ്രൊഫ. എ കെ അബ്ദുൽഹമീദ്, കെ പി എച്ച് തങ്ങൾ, സി എം യൂസഫ് സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ, വി വി അബൂബക്കർ സഖാഫി ചർച്ചകൾക്ക് നേതൃത്വം നൽകി.

കെ കെ എം കാമിൽ സഖാഫി(കന്നട) ഹസൈനാർ നദ്‌വി(അന്തമാൻ), ഡോ. നാസർ മൗലാനാ(തമിഴ്നാട്), സി കെ എം പാടന്തറ(നീലഗിരി), ഹാരിസ് നിസാമി(മഹാരാഷ്ട്ര) എന്നിവരും വിവിധ ജില്ലാ പ്രസിഡന്റ് സെക്രട്ടറിമാരും ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

# എസ്.ജെ.എം കന്നട സമ്മേളനം പ്രൗഢമായി

മാംഗ്ലൂരു: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാതലങ്ങളിൽ നടത്തുന്ന മുഅല്ലിം സമ്മേളനത്തിന്റെ കർണാടക സ്റ്റേറ്റ് തല ഉദ്ഘാടനം ദക്ഷിണ കന്നട ഈസ്റ്റ്, വെസ്റ്റ്, സൗത്ത് ജില്ലകളുടെ സംയുക്താഭിമുഖ്യത്തിൽ മംഗലാപുരം ടൗൺഹാളിൽ സംഘടിപ്പിച്ചു. സമ്മേളനം പ്രൗഢമായി. സ്റ്റേറ്റ് പ്രസിഡന്റ് അബ്ദുറഹ്മാൻ മദനി ജെപ്പു അധ്യക്ഷത വഹിച്ചു. കേന്ദ്രകമ്മിറ്റി ജനറൽ സെക്രട്ടറി അബൂഹനീഫൽ ഫൈസി ഉൽഘാടനം ചെയ്തു. അമീനുശ്ശരീഅ സയ്യിദ് അലി ബാഫഖി തങ്ങൾ പ്രാർത്ഥനക്ക് നേതൃത്വം നൽകി. ട്രഷറർ വി.പി.എം വില്യാപള്ളി, സുന്നി വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ.കെ അബ്ദുൽഹമീദ്, മാനേജർ സി.പി സൈദലവി മാസ്റ്റർ, ഉമർ മദനി, എസ് എം എ സ്റ്റേറ് ഉപാധ്യക്ഷൻ അബ്ദുൽഹമീദ് ഹാജി പ്രഭാഷണം നടത്തി. വേദിയിൽ സമസ്ത ഉപാധ്യക്ഷനും വിദ്യാഭ്യാസ ബോർഡ് ട്രഷററുമായ ഖുദ്‌വത്തുസ്സാദാത്ത് സയ്യിദ് കെ എസ് ആറ്റക്കോയ, കർണാടക ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റും സംയുക്ത ഖാളിയുമായ സൈനുൽഉലമ അബ്ദുൽ ഹമീദ് ഉസ്താദ് മാണി, ജി.എം അബൂബക്കർ സുന്നി ഫൈസി, അബ്ദുൽറഹ്മാൻ മുസ്‌ലിയാർ മൊഗ്രാൽ എന്നിവരെ ഷാളണിയിച്ചും അവാർഡുകൾ നൽകിയും ആദരിച്ചു. സുന്നി മദ്റസാ രംഗത്ത് സ്തുത്യർഹമായ സേവനങ്ങൾ ചെയ്ത 31 മുഅല്ലിംകളെ മുഅല്ലിം അവാർഡ് നൽകിയും ആദരിച്ചു. സമസ്തയുടെ ആദർശം, അധ്യാപനം സേവനമാണ്, സമസ്ത സാധിച്ചെടുത്ത വിദ്യാഭ്യാസ വിപ്ലവം എന്നീ വിഷയങ്ങളിൽ യഥാക്രമം തോകെ മുഹ്‌യുദ്ദീൻ കാമിൽ സഖാഫി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, അബ്ദുറശീദ് സഖാഫി പത്തപ്പിരിയം ക്ലാസെടുത്തു. പുതുതായി അംഗീകാരം നേടിയ മദ്റസകൾക്ക് എസ്.ജെ.എമും വിദ്യാഭ്യാസ ബോർഡും സംയുക്തമായി നൽകുന്ന മുപ്പതിനായിരം രൂപ 58 മദ്റസകൾക്ക് വിതരണം ചെയ്തു. എസ്.എം.എ, ദക്ഷിണ കന്നട പ്രസിഡന്റ് ബശീർ അഹ്മദ് പതാകയുയർത്തി. എസ് ജെ എം ജനറൽ സെക്രട്ടറി പി.എം മുഹമ്മദ് മദനി സ്വാഗതവും പ്ലാനിംഗ് ബോർഡ് കൺവീനർ യഅ്ഖൂബ് ലത്വീഫി നന്ദിയും പറഞ്ഞു.

**മുഅല്ലിംകൾ മുൻപന്തിയിലുണ്ടാകണം**

പ്രവാചകരുടെ ദൗത്യം നിർവ്വഹിച്ച് ഭാവി തലമുറയെ വളർത്തിയെടുക്കുന്ന മുഅല്ലിംകളുടെ ത്യാഗസന്നദ്ധതയും സേവനതൽപ്പരതയും ശ്ലാഘനീയവും മഹത്തരവുമാണെന്ന് അവാർഡ് സ്വീകരിച്ച് സംസാരിച്ച സയ്യിദ് കെ.എസ് ആറ്റക്കോയ പ്രസ്താവിച്ചു. സമസ്ത 100-ാം വാർഷികവും അതോടനുബന്ധിച്ച് നടക്കുന്ന യാത്രയും വിജയിപ്പിക്കുന്നതിൽ മുഅല്ലിംകൾ മുൻപന്തിയിലുണ്ടാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയതു.

# തമിഴ്നാട് സമ്മേളനം ഉജ്ജ്വലമായി

ഊട്ടി: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ കേരളത്തിനകത്തും പുറത്തുമായി സംഘടിപ്പിക്കുന്ന 40 മുഅല്ലിം ജില്ലാസമ്മേളനങ്ങളുടെ തമിഴ്നാട് ഉദ്ഘാടന സംഗമം ഉജ്ജ്വലമായി.

പ്രാസ്ഥാനിക കുടുംബത്തിന്റെ നേതൃത്വത്തിൽ ഊട്ടി ശാദി മഹലിൽ നടന്ന സമ്മേളനത്തിൽ സയ്യിദ് അലി അക്ബർ സഖാഫി അധ്യക്ഷത വഹിച്ചു. മുസ്‌ലിം ജമാഅത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അബ്ദുൽഹകീം ഇംദാദി ഉദ്ഘാടനം ചെയ്തു. സമസ്ത സെക്രട്ടറി സയ്യിദ് ഇബ്റാഹീം ഖലീലുൽബുഖാരി മുഖ്യപ്രഭാഷണം നടത്തി. എസ്.എസ്.എഫ് വർഷം തോറും നടത്തി വരുന്ന 100 കോടി സ്വലാത്ത് സമർപ്പണവും പ്രാസ്ഥാനിക കുടുംബം വാങ്ങിയ ആമ്പുലൻസിന്റെ ഉദ്ഘാടനവും നടന്നു. സമ്മേളനത്തിൽ എസ്.ജെ.എം നടത്തുന്ന റെയ്ഞ്ച് തല സമ്മേളനങ്ങളുടെ പ്രഖ്യാപനം സെൻട്രൽ കമ്മിറ്റി ജനറൽ സെക്രട്ടറി അബൂഹനീഫൽ ഫൈസി തെന്നല നിർവ്വഹിച്ചു. സയ്യിദ് അലി ബാഫഖി സമാപന പ്രാർത്ഥനക്ക് നേതൃത്വം നൽകുകയും പുതുതായി അംഗീകരിച്ച മദ്റസകൾക്ക് വിദ്യാഭ്യാസബോർഡും ജംഇയ്യത്തുൽ മുഅല്ലിമീനും ചേർന്നു നൽകുന്ന ധനസഹായ വിതരണം നടത്തുകയും ചെയ്തു.

സയ്യിദ് അബ്ദുറഹ്മാൻ അഹ്സനി കായൽപട്ടണം, ഖാജാ മുഈനുദ്ദീൻ ബാഖവി, വി.പി.എം വില്യാപള്ളി, പ്രൊഫ. എ.കെ അബ്ദുൽഹമീദ്, സി.പി സൈദലവി മാസ്റ്റർ, സയ്യിദ് മഅ്റൂഫ് കല്ലടിക്കോട്, ബശീർ മുസ്‌ലിയാർ ചെറൂപ്പ, സി.കെ.കെ മദനി, മുഹമ്മദ് അൻവരി, സി.കെ.എം പാടന്തറ, അബ്ദുന്നാസിർ ഹിശാമി, കമാലുദ്ദീൻ സഖാഫി, അശ്റഫ് ഹാജി തുടങ്ങി കേരള-തമിഴ്നാട് സമുന്നത നേതാക്കൾ സംബന്ധിച്ചു. മദ്റസ രംഗത്ത് സുത്യർഹമായ സേവനമനുഷ്ഠിച്ച എട്ടു മുഅല്ലിംകളെ അവാർഡ് നൽകി ആദരിച്ചു.

# വിദ്യാർത്ഥികൾ കഠിനാധ്വാനം കൈമുതലാക്കണം: കാന്തപുരം

കോഴിക്കോട്: വിദ്യാർഥികൾ കഠിനാധ്വാനം കൈമുതലാക്കി മുന്നേറണമെന്നും മതഭൗതിക സമന്വയ വിദ്യാഭ്യാസ സമ്പാദനത്തിൽ കഴിയാവുന്ന മേഖലകൾ എത്തിപ്പിടിച്ചു അഗാധജ്ഞാനികളായി വളരാൻ പരിശ്രമിക്കണമെന്നും മാതൃകായോഗ്യമായ ചിട്ടകളും ആത്മമീയബോധവും പഠനകാലത്ത് സ്വായത്തമാക്കണമെന്നും സുൽത്താനുൽഉലമ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ.

ജാമിഅ മർകസ് ശരീഅഃ വിഭാഗം വിദ്യാർത്ഥിസംഗമത്തിൽ ഉദ്ഘാടനപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. ഹുസൈൻ സഖാഫി ചുള്ളിക്കോട് മുഖ്യപ്രഭാഷണവും വിപിഎം വില്യാപ്പള്ളി ഉൽബോധന പ്രസംഗവും നടത്തി. അബ്ദുൽ ജലീൽ സഖാഫി, അബ്ദുൽഅസീസ് സഖാഫി, മുഹ്‌യിദ്ദീൻ സഅദി, ഉമറലി സഖാഫി, അബ്ദുൽഗഫൂർ അസ്ഹരി, പി സി അബ്ദുല്ല ഫൈസി, സുഹൈൽ സഖാഫി, അബ്ദുൽസത്താർ കാമിൽ സഖാഫി സംസാരിച്ചു. പറവൂർ കുഞ്ഞി മുഹമ്മദ് സഖാഫി സ്വാഗതം പറഞ്ഞു.

# 220 പേർക്ക് സഅദിയ്യ: സനദ് നൽകി

കാസർഗോഡ്: ജാമിഅഃ സഅദിയ്യഃ അറബിയ്യയിൽ താജുൽഉലമ, നൂറുൽഉലമ ആണ്ട് നേർച്ചയോടനുബന്ധിച്ച് സംഘടിപ്പിച്ച സനദ് ദാന സമ്മേളനത്തിൽ 160 സഅദികളും 50 അഫ്ളലികളും 10 ഹാഫിളുകളും സനദ് വാങ്ങി. സയ്യിദ് അലി ബാഫഖി പ്രാർത്ഥന നടത്തി. പട്ടുവം കെ പി അബൂബക്കർ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. റഈസുൽഉലമ ഇ സുലൈമാൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. മാണിക്കോത്ത് അബ്ദുല്ല മുസ്‌ലിയാർ സനദ് ദാന പ്രസംഗവും സയ്യിദ് ഇബ്റാഹീം ഖലീലുൽബുഖാരി അനുസ്മരണ പ്രഭാഷണവും നടത്തി.

സയ്യിദ് ഹാമിദ് ഇമ്പിച്ചിക്കോയ, പേരോട് അബ്ദുറഹ്മാൻ സഖാഫി, കൂറ്റമ്പാറ അബ്ദുറഹ്മാൻ ദാരിമി പ്രസംഗിച്ചു. ഡോ. അബ്ദുൽഹകീം അസ്ഹരി അനുമോദന പ്രഭാഷണം നടത്തി. നിരവധി സാദാത്തുക്കളും ഉലമാക്കളും ഉമറാക്കളും പ്രാസ്ഥാനിക നേതാക്കളും സംബന്ധിച്ചു.

# എസ് ജെ എം ലീഡേഴ്സ് ക്യാമ്പ് 11,12 തിയ്യതികളിൽ

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ലീഡേഴ്സ് ട്രൈനിംഗ് ക്യാമ്പ് ഈ മാസം 11, 12 തിയ്യതികളിൽ മർകസ് നോളേജ്സിറ്റിയിൽ നടക്കും. സെൻട്രൽ കമ്മിറ്റി അംഗങ്ങൾ, ജില്ലാ ഭാരവാഹികൾ എന്നിവരാണ് ക്യാമ്പ് അംഗങ്ങൾ. പതിനൊന്നിന് മഗ്‌രിബോടെ ആരംഭിച്ച് പന്ത്രണ്ടിന് ഉച്ചക്ക് അവസാനിക്കും. ലീഡർഷിപ്പ് റോൾ, ഓർഗനൈസിംഗ് എന്നീ വിഷയങ്ങളിൽ പ്രമുഖർ ക്ലാസ് നയിക്കും. എസ് ജെ എം സാരഥികൾ നേതൃത്വം നൽകും.

## വിധവാപെൻഷൻ, ആശ്വാസം സ്കീം അപേക്ഷ ക്ഷണിച്ചു

സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റി, നിത്യരോഗിയായി മെഡിസിൻ കഴിക്കുന്ന മുഅല്ലിമിന് നൽകുന്ന ആശ്വാസം സ്കീമിനും, മരണപ്പെട്ട മുഅല്ലിംകളുടെ വിധവകൾക്കുള്ള പെൻഷനും 2026 വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചു. നിലവിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഡിക്ലറേഷൻ സമർപ്പിച്ചാൽ മതി.

അപേക്ഷാഫോമും ഡിക്ലറേഷൻ ഫോമും www.sjmindia.org എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷകൾ 2025 ഡിസംബർ 31നകം സെൻട്രൽ കമ്മിറ്റി ഓഫീസിൽ ലഭിക്കണം.

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally